# വിഷുപ്പൊലിമയുടെ വൃത്താന്തങ്ങൾ



അജയപുരം ജ്യോതിഷ്കുമാർ

വീണ്ടും വിഷു. പറമ്പിലും പാതയോരത്തും കണിക്കൊന്നപ്പൂക്കളുടെ സ്വർണച്ചിരി. മീനത്തിന്റെ ഇടവഴികൾ പിന്നിട്ട് മേടത്തിലേയ്ക്ക് ഒരനുഷ്ഠാനം പോലെ കടന്നെത്തുന്ന ഈ ഋതുത്സവം അക്ഷരാർത്ഥത്തിൽ മലയാളിയുടെ വസന്തോത്സവമാണ്.

ചിങ്ങത്തിരുവോണവും മേടവിഷുവും തിരുവാതിരയുമൊക്കെ മലയാളിയുടെ സുകൃതസമ്പത്തുകളാകുന്നു. കാലപ്പകർച്ചകളിൽ ഉത്സവംകൂടുന്ന വിശാലമനസ്കതയുടെ അടയാളങ്ങൾ. പഞ്ഞവും പരാധീനതയും മറന്ന് ആഘോഷങ്ങൾ പൊടിപൊടിക്കാൻ പണ്ടേ മലയാളി ഉത്സുകനായിരുന്നു. അതുകൊണ്ടുതന്നെ കൃഷിയിടങ്ങൾ അന്യം നിന്നിട്ടും കാർഷിക സംസ്കൃതിയുടെ മഹോത്സവമായ വിഷു മലനാട്ടിൽ വിരുന്നിനെത്തുന്നത്.

കാലം ഒരുപാടുരുണ്ടു. വർഷവും വേനലും ശിശിരവുമൊക്കെ മാറിമാറി വന്നു. എത്രയോ പുരുഷായുസ്സുകൾ ഭൂമിക്കു വളമായി. ആഘോഷച്ചമയങ്ങളുടെ മുഖഛായ പലകുറി മാറി. പക്ഷേ, ഗൃഹാതുരസ്മൃതികളെ താലോലിച്ചുകൊണ്ടും പഴമയുടെ മാധുര്യം ഓർമിപ്പിച്ചുകൊണ്ടും വസന്തഭംഗിയുടെ പീതാംബരം ചാർത്തിക്കൊണ്ടും വിഷു വരുന്നു.

"കനകക്കിങ്ങിണി മണി കണക്കെഴും
കണിക്കൊന്നപ്പൂവേ നിനക്കെന്തു ഭംഗി
മിഴികൾക്കുൽസവമരുളുവാനെത്ര
വഴിനടന്നു നീയിവിടെ വന്നെത്തി?"

എന്നാണ് വിഷുവിന്റെ സൗന്ദര്യസർവസ്വമായ കണിക്കൊന്നപ്പൂവിനോട് ഒ.എൻ.വി. ചോദിക്കുന്നത്. പ്രകൃതീദേവി തന്നെ വസന്തപുഷ്പാഭരണങ്ങൾ ചാർത്തി വിഷുവിന്റെ വരവും കാത്തിരിക്കുകയാണ്. ചൈത്രമാസത്തിലെ പ്രകൃതിക്ക് ഋതുമതിയായ പെൺകുട്ടിയുടെ ലാസ്യലാവണ്യമാണ്. ആകെയൊരു പരിവർത്തനത്തിന്റെ നിഴലാട്ടം.

ജ്യോതിശാസ്ത്രപ്രകാരം വിഷുസംക്രമം എന്നാൽ രാശിമാറ്റം എന്നാണർത്ഥം. മീനം രാശിയിൽ നിന്ന് സൂര്യൻ മേടം രാശിയിലേയ്ക്ക് കടന്നുകയറുന്ന വേളയാണിത്. തീക്ഷ്ണമധ്യാഹ്നങ്ങളുടെ ഉഷ്ണം പേറിക്കൊണ്ടുള്ള ഒരു കാലസംക്രമണം. സൂര്യൻ ഭൂമധ്യരേഖയ്ക്കു നേരെ മുകളിൽ ഉദിക്കുന്നത് വിഷുവിനാണ്. തുല്യാവസ്ഥയോടുകൂടിയത് എന്നാണ് വിഷു എന്ന വാക്കിന്റെ അർഥം. അതായത് രാത്രിയും പകലും തുല്യമായ ദിനം. "സമരാത്രിന്ദിവേകാലേ വിഷുവദ്വിഷു പഞ്ചതത്" എന്ന് ആധികാരികമായി പറഞ്ഞു കേൾക്കുന്നുമുണ്ട്. ഈ തുല്യത ആണ്ടിൽ രണ്ടു ദിനങ്ങൾക്കാണുള്ളത്. മേടം ഒന്നിനും തുലാം ഒന്നിനും. പക്ഷേ തുലാവിഷുവെക്കാൾ നമുക്കു പ്രധാനം മേടവിഷുവാണ്.

പഴമക്കാർ സൂര്യന്റെ രാശിമാറ്റത്തിന് സംക്രമപുരുഷന്റെ പരിവേഷം നൽകി നടപ്പുകൊല്ലത്തെ ഫലങ്ങളെ നിർണയിച്ചു. അതത്രെ 'വിഷുഫലം'. മഴയുടെ തോതളക്കാനും വയലേലകളിൽ വിത്തിടാനുമൊക്കെ കർഷകന്റെ അടിസ്ഥാനവിശ്വാസമായി വിഷുഫലം മാറി. മേടം ഒന്നുമുതൽ പത്താമുദയം വരെ കൃഷിപ്പണികൾക്ക് ആരംഭം കുറിച്ചിരുന്നതു കൊണ്ടുകൂടിയാണ് വിഷു കാർഷികോത്സവമായത്. 'വിഷുച്ചാൽ' കീറുന്ന പതിവും ചില ദിക്കുകളിൽ ഉണ്ടായിരുന്നു. അരിമാവ് കൊണ്ട്

## സ്വാർത്ഥതയും ദുരഭിമാനവും കൈമുതലാക്കിയ ഒരു ജനതയായി കാലപ്പെരുവഴിയിലൂടെ കേരളീയ സമൂഹം മുന്നേറുമ്പോൾ; അതാ അവിടെ വഴിയോരത്ത് സമത്വത്തിന്റെയും സമൃദ്ധിയുടെയും അടയാളവാക്യങ്ങളുമായി കണിക്കൊന്നപ്പൂക്കൾ ചിരിക്കുന്നു.

മൺവെട്ടിയും കലപ്പയും അലങ്കരിച്ച ശേഷം അട നിവേദിച്ച് ഗൃഹനാഥനുൾപ്പെടെ വയലിറങ്ങി ചെറുചാലുകൾ കീറി ചാണകവും പച്ചിലവളവുമിട്ടു മൂടുന്ന ചടങ്ങാണ് വിഷുച്ചാൽകീറൽ. കൃഷിതന്നെ അന്യംനിന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അനുഷ്ഠാനനിഷ്ഠയോടെ നടത്തിയിരുന്ന കാർഷിക വൃത്തിയുടെ നഷ്ടസ്മൃതി കൂടിയാണ് വിഷു.



കൊല്ലവർഷാരംഭത്തിനു മുമ്പ് വിഷുവായിരുന്നു കേരളത്തിന്റെ ആണ്ടുപിറപ്പ്. വസന്താഗമനത്തെ നവവൽസരത്തിന്റെ തുടക്കമായി കണക്കാക്കിപ്പോന്നു. വിഷുവിനു തുല്യമായ ആണ്ടുപിറപ്പുത്സവങ്ങൾ ബംഗാൾ, പഞ്ചാബ്, ആസാം തുടങ്ങിയ ഇന്ത്യൻ സംസ്ഥാനങ്ങളിലും നിലവിലുണ്ട്. ഇംഗ്ലീഷ് മാസക്കണക്കും കലണ്ടറും അഭിമാനപൂർവം മനഃപാഠമാക്കിയ നമ്മൾ മലയാളമാസങ്ങളുടെ പേരുതന്നെ മറന്നുതുടങ്ങിയിരിക്കുന്നു. രാശിചക്രത്തിന്റെ ആരംഭം മേടം മുതൽക്കായതിനാൽ ജ്യോതിഷക്കലണ്ടറിൽ ഇപ്പോഴും വിഷുമാസത്തിന് പ്രാധാന്യമുണ്ട്.

പുരാണത്തിലും ചരിത്രത്തിലും വിഷുവിനെക്കുറിച്ചുള്ള പല സൂചനകളും ലഭ്യമാണ്. കുലശേഖര ചക്രവർത്തിയായ ഭാസ്കരരവിവർമ്മയുടേതായി തൃക്കൊടിത്താനത്തു നിന്നു ലഭിച്ച അപൂർണരേഖയിൽ ഇങ്ങനെ കാണുന്നു:

"കോപ്പാർക്കര ഇരവിവർമ്മൻ തിരുവടിക്കുച്ചെല്ലാനിന്റ മണ്ടെക്കെതിരാമാണ്ടു നാൽപത്തെട്ടും ചെന്റ തുലാത്തിൽ വിയാഴൻ നിന്റ ചിത്തിരവിഴുവിൻ നാൾ"

ചിത്തിരവിഴു എന്നാൽ ചിത്തിര വിഷു. ഒരംഗീകൃത ആഘോഷമായി വിഷു മാറിയത് ഭാസ്കരരവിവർമയുടെ കാലം മുതൽക്കാണെന്ന് അനുമാനിക്കാം. വില്യം ലോഗന്റെ മലബാർ മാന്വലിൽ വിഷുവിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധേയമാണ്:

"ഗണിതശാസ്ത്രപരമായി വിഷു നവവർഷദിനമാണ്. അന്ന് സൂര്യൻ നേരെ കിഴക്കുദിക്കുന്ന ദിവസമാണെന്നാകുന്നു വച്ചിരിക്കുന്നത്".

വിഷ്ണുപുരാണത്തിലെ രണ്ടാം അംശം എട്ടാം അധ്യായത്തിലും വിഷുവിനെക്കുറിച്ചുള്ള സൂചനകളുണ്ട്.

ഓണത്തിനെന്നപോലെ വിഷുവിനെ മുൻനിർത്തിയും ഐതിഹ്യങ്ങളും വിശ്വാസങ്ങളും പലതുണ്ട്.

ഒരുനാൾ ഇഷ്ടപ്പെടാത്ത നേരത്ത് സൂര്യപ്രകാശം കൊട്ടാരത്തിലേയ്ക്ക് കടന്നുചെന്നതിനുള്ള ശിക്ഷയായി രാവണൻ സൂര്യനെ കുറേക്കാലം യഥാസ്ഥാനത്ത് ഉദിക്കുവാൻ അനുവദിച്ചില്ലത്രെ. ശ്രീരാമൻ രാവണനിഗ്രഹം നടത്തിയശേഷമാണ് സൂര്യന് യഥാസ്ഥാനത്ത് ഉദിക്കാനായത്. ഈ സംഭവത്തിൽ ജനങ്ങൾക്കുള്ള ആഹ്ളാദം പ്രകടിപ്പിക്കാനാണ് വിഷു ആഘോഷിക്കുന്നതെന്ന് ഒരു ഐതിഹ്യമുണ്ട്. നരകാസുരനെ വധിച്ച ശ്രീകൃഷ്ണന്റെ അപദാനങ്ങളെ പ്രകീർത്തിക്കുന്നതിന്റെ ഓർമപ്പെടുത്തലാണ് വിഷു.

വിഷുക്കണി, വിഷുക്കൈനീട്ടം, വിഷുക്കഞ്ഞി, വിഷുപ്പടക്കം തുടങ്ങി വിഷുസ്പർശമുള്ള ആചാരങ്ങളും അനുഭവങ്ങളും പലതാണ്. ഇവയിൽ ഏറെ പ്രധാനം 'വിഷുക്കണി' തന്നെ.

"കണ്ണടച്ചു ഞാൻ നീങ്ങി
കൺതുറന്നു ഞാൻ, കണി
കണ്ടു ഞാൻ കണ്ണഞ്ചിക്കും
കമനീയമാം ശില്പം

വെള്ളിപോൽ വിളങ്ങുന്നൊ-
രോട്ടുരുളിയും കണി
വെള്ളരിക്കയും തേങ്ങാ
മുറികൾ തിരികളും

കൊന്നയും പൊന്നും ചാർത്തി-
ച്ചിരിക്കും മഹാലക്ഷ്മി
തന്നുടെ കണ്ണാടിയും
ഞൊറിഞ്ഞ കരമുണ്ടും

അരി കുങ്കുമച്ചെപ്പും
ഐശ്വര്യമഹാറാണി-
ക്കരങ്ങു ചമയ്ക്കുവാ
നമ്മയ്ക്കു വശം പണ്ടേ"

ഓർമയിലെ വിഷുക്കണിയെ എത്ര ഹൃദ്യമായാണ് മഹാകവി വൈലോപ്പിള്ളി കവിതയിലാക്കി വച്ചത്.

അമ്മ ഉണ്ണിയെ കണ്ണുപൊത്തി വിഷുക്കണി കാണിക്കാൻ കൊണ്ടുപോകും. വഴിയിലെങ്ങും കണ്ണുതുറക്കരുത്. വിഷുക്കണിയുടെ ഫലം വർഷം മുഴുവൻ നീളുന്നതായതിനാൽ അശ്രീകരവും അപ്രിയവുമായ യാതൊന്നും കണ്ണിൽപ്പെടാൻ പാടില്ല. തലേന്ന് രാത്രിയിൽ ഓട്ടുരുളിയിൽ ഒരുക്കിവച്ച നൽക്കണി മാത്രമാണ് ലക്ഷ്യം.

"കണികാണും നേരം കമലനേത്രന്റെ നിറമേറും മഞ്ഞത്തുകിൽ ചാർത്തി...."
ആ പഴയ ഗാനം ഓർമയില്ലേ?

ഉണ്ണിക്കണ്ണന്റെ മഞ്ജുരൂപത്തിനു മുന്നിൽ ഭദ്രദീപത്തിന്റെ സാന്നിധ്യത്തിൽ ഓട്ടുരുളിയിൽ മംഗളകരമായ കണിക്കാഴ്ചകൾ.

അരി, നാളികേരം, വെറ്റില, കണിവെള്ളരിക്ക, കൊന്നപ്പൂവ്, മാങ്ങ, ചക്ക... തീർന്നില്ല;

വാൽക്കണ്ണാടി, കുങ്കുമച്ചെപ്പ്, വെള്ളിരൂപ, അലക്കുപുടവ, സ്വർണാഭരണം, ഗ്രന്ഥക്കെട്ട്...

അമംഗളങ്ങളെല്ലാം അകന്നുപോകട്ടെ എന്ന പ്രാർത്ഥനയോടെ കൺകുളിർക്കെ എല്ലാം കാണണം... കണ്ടുനിറയണം.

ഉർവരതയുടെ ഉത്സവകാലത്തിന്റെ നിറവുള്ള അടയാളമാണ് വിഷുക്കണി. കണിക്കൊന്നപ്പൂവും കണിവെള്ളരിയും ഇല്ലാത്ത വിഷുക്കണി വിഷുക്കണിയല്ല.

വീട്ടുകാരുടെ കണിദർശനം കഴിഞ്ഞാൽ കന്നുകാലികളെയും കണികാണിക്കാറുണ്ട്.

തെക്കൻ കേരളത്തിൽ വാഴയിലയിൽ ഉണക്കമുന്തിരി, കൽക്കണ്ടം, തേങ്ങ, അരി, മാമ്പഴം തുടങ്ങിയവകൊണ്ട് വിഷുപ്പടുക്കയിടുന്ന പതിവുമുണ്ട്.

ഉപഭോഗസംസ്കാരത്തിന്റെ കരവലയത്തിലൊതുങ്ങിപ്പോയ ഇന്നത്തെ മലയാളിക്ക് ഓട്ടുരുളി നിറയ്ക്കാനുള്ള സാമഗ്രികൾ പലതും ദുർലഭമായിരിക്കുന്നു. വിഷുത്തലേന്ന് വഴിയോരത്ത് വിൽപനയ്ക്ക് വച്ചിരിക്കുന്ന കണിസാധനങ്ങൾക്ക് തീവിലയാണ്. തിരക്കിനിടയിൽ അതിലൊരു പങ്കുകൊണ്ടുവന്ന് കണിയൊരുക്കാനുള്ള നേർബുദ്ധി ചിലരിലെങ്കിലും ബാക്കിയുള്ളത് ആശ്വാസകരം തന്നെ.

വിഷുക്കണി കഴിഞ്ഞാൽ പിന്നെ 'വിഷുക്കൈനീട്ട'മാണ്. കൈനേട്ടം എന്നും പാഠഭേദമുണ്ട്. കുടുംബകാരണവരാണ് വീട്ടിലെ അംഗങ്ങൾക്കെല്ലാം കൈനീട്ടം നൽകുന്നത്. പണിക്കാർ വിഷുദിനത്തിൽ കൊണ്ടുവരുന്ന കാഴ്ച സ്വീകരിച്ചുകൊണ്ട് ജന്മി അവർക്ക് കൈനീട്ടം നൽകുന്നൊരു പതിവ് പണ്ടുണ്ടായിരുന്നു.





വിഷുനാളിൽ രാവിലെ കഴിക്കാനുള്ള വിശേഷവിഭവമാണ് 'വിഷുക്കഞ്ഞി'. അരി, തേങ്ങ, ശർക്കര, പാൽ എന്നിവ ചേർത്താണ് വിഷുക്കഞ്ഞി തയ്യാറാക്കുന്നത്. ഉച്ചയ്ക്കുള്ള 'വിഷുസദ്യ' ചക്കപ്പുഴുക്കും മാമ്പഴപ്പുളിശ്ശേരിയുമൊക്കെച്ചേർന്ന് കേരളത്തനിമയുടെ പ്രതീകമാകുന്നു.

ഉത്തരകേരളത്തിൽ കുട്ടികൾ വീടുതോറും നടന്ന് കണികണിയേയ്... എന്ന് 'കണിവിളി'ക്കും. അവർക്ക് 'കണിയപ്പം' എന്ന വിശേഷപ്പെട്ട പലഹാരം വീട്ടുകാർ നൽകും.

കുട്ടിക്കാലത്തെ വിഷുവിന് മാമ്പഴത്തിന്റെ കൊതിപ്പിക്കുന്ന മണമുണ്ട്. വിഷുപ്പടക്കങ്ങളുടെ ഒച്ചയും ഗന്ധകമണവും കുട്ടികൾക്ക് ആഹ്ളാദകരം തന്നെ. വിഷുപ്പടക്കം വാങ്ങാനുള്ള ആവേശത്തിൽ മച്ചിലെ ഭഗവതിയുടെ പണം കട്ടെടുക്കുകയും പിന്നീട് പശ്ചാത്തപിക്കുകയും ചെയ്ത എം.ടി. കഥയിലെ ബാലകനെ അത്രവേഗം മറക്കാനാകുമോ?

കിട്ടിയ കൈനീട്ടമെണ്ണിനോക്കി പെട്ടിക്കടയിലെ മധുരം നണയാനോടുന്ന കുസൃതിക്കുരുന്നുകളുടെ വിഷു ഇന്ന് വെറും പഴങ്കഥയായി മാറിയിരിക്കുന്നു. ചുമലിലൊതുങ്ങാത്ത പാഠഭാരവുമായി സൈബർ ജാലകങ്ങളുടെ നിറപ്പകിട്ടിൽ തളർന്നുറങ്ങുന്ന കുഞ്ഞുങ്ങൾക്ക് ആർപ്പുവിളികളും കളിമ്പങ്ങളും നഷ്ടമാവുകയല്ലേ. കമ്പ്യൂട്ടർ ഗെയിമിന്റെയും ക്രിക്കറ്റിന്റെയുമൊക്കെ കളിവട്ടമാണ് അവർക്കിന്ന് പ്രിയം. കാലം മാറുന്നതനുസരിച്ച് ജീവിതക്രമത്തിലും ആചാരരീതികളിലും പരിഷ്കാരവും പരിവർത്തനവും സംഭവിക്കുന്നത് സ്വാഭാവികം.

വിശ്വാസങ്ങൾ വെറും നേരമ്പോക്കുകളും അനുഷ്ഠാനങ്ങൾ

> "ഏതു ധൂസര സങ്കല്പങ്ങളിൽ വളർന്നാലും
> ഏതു യന്ത്രവത്കൃത ലോകത്തിൽ പുലർന്നാലും
> മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ വെളിച്ചവും
> മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

വെറും ആഡംബരങ്ങളുമായി മാറിയ ഒരു കാലത്ത് ജീവിച്ചുകൊണ്ടാണ് നമ്മളിന്നു വിഷുവിനെ പ്രത്യാനയിക്കുന്നത്.

വയലേലകളും കൊയ്ത്തുപാട്ടും കതിർക്കറ്റകളും നഷ്ടമായതിന്റെ ഗദ്ഗദമുണ്ട് വിഷുപ്പാട്ടിൽ.

"വിത്തും കൈക്കോട്ടും
കള്ളൻ ചക്കേട്ടു
കണ്ടാൽ മിണ്ടണ്ട...."

വിദൂരതയിൽ നിന്നും വിഷുക്കാലത്ത് നമ്മുടെ കാതുകളെ പുളകം കൊള്ളിച്ചിരുന്ന ആ സാർത്ഥക ഗാനം ഇന്ന് അവ്യക്തതയുടെ സ്വരസ്ഥാനം തേടുകയാണ്.

"ദൂരെ വിഷുപ്പക്ഷി മുഴക്കി
വേദന വഴിയും ഗാനം
വീടില്ലാത്തൊരു കൂടില്ലാത്തൊരു
കൂട്ടില്ലാത്തൊരു പക്ഷി"

വിഷുപ്പക്ഷിയുടെ നിരാശയും നിരാലംബതയും പി. എഴുതിയ ഈ വരികളിൽ ഭംഗിയായി ദർശിക്കാം.

അയൽസംസ്ഥാനക്കാരുടെ കാർഷികോത്പന്നങ്ങളും ഭക്ഷ്യവസ്തുക്കളും കൊണ്ട് വയർ നിറയ്ക്കുന്ന പുത്തൻ മലയാളിക്ക് വിഷു കാർഷികോത്സവമല്ല, കലണ്ടറിലെ അവധിദിനം മാത്രം...

പക്ഷേ... വിഷുവിന് വരാതെ വയ്യ.

സ്വാർത്ഥതയും ദുരഭിമാനവും കൈമുതലാക്കിയ ഒരു ജനതയായി കാലപ്പെരുവഴിയിലൂടെ കേരളീയ സമൂഹം മുന്നേറുമ്പോൾ;

അതാ അവിടെ വഴിയോരത്ത് കണിക്കൊന്നകൾ സ്വർണകിരീടമണിഞ്ഞു നിൽക്കുന്നു. മേടമാസത്തിന്റെ ലാവണ്യദശയിൽ സമതയുടെയും സമൃദ്ധിയുടെയും അടയാളവാക്യങ്ങൾ മൗനമായി ഉച്ചരിച്ചുകൊണ്ട് കണിക്കൊന്നപ്പൂക്കൾ ചിരിക്കുന്നു.

ഈ ചിരിപ്പൂക്കളിൽ നന്മയുടെ സുപ്രഭാതം കണികണ്ടുണരുവാൻ നമുക്കു സാധിക്കുമോ?

"ഏതു ധൂസര സങ്കല്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവത്കൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

മാറിയ കാലസ്ഥിതി തിരിച്ചറിഞ്ഞു കൊണ്ട് മഹാകവി വൈലോപ്പിള്ളി കുറിച്ച ഈ ആശംസാവചനത്തിന്റെ ഉൾപ്പൊരുൾ തിരിച്ചറിയുമ്പോൾ വിഷുവിനെ നമുക്ക് മനം നിറയെ പൊലിപ്പിച്ചെടുക്കാനാവും, തീർച്ച.



# വിഷുവും കാർഷികവൃത്തിയും

സത്യജിത് ആർ.

"**കൊ**ന്നകളലുക്കുകൾ തൂക്കിയാൽ മഴവില്ലിൻ മന്ദഹാസവും ചൂടിസ്സന്ധ്യകൾ നൃത്തം വയ്ക്കും"

(കേരളം വളരുന്നു, പാലാ നാരായണൻ നായർ) കൊന്നയുടെ സമൃദ്ധി പ്രകൃതിയെ മാത്രമല്ല, മനുഷ്യരെപ്പോലും ആനന്ദനൃത്തത്തിലാറാടിക്കാറുണ്ട്. അതുകൊണ്ടു തന്നെ വിഷുവിനെ ഉത്സവമായി ആഘോഷിക്കാനും കേരളീയർ ശ്രദ്ധേയരായിരുന്നു. വിഷുവെന്നാൽ രാവും പകലും തുല്യദൈർഘ്യമെന്നാണർത്ഥമാകുന്നത്. സൂര്യൻ മധ്യരേഖ കടക്കുമ്പോൾ ദിനരാത്രങ്ങളുടെ ദൈർഘ്യം തുല്യമാവുന്ന വിഷു സമരാത്രദിനം (Equinox) ആണ്. അതുകൊണ്ടു തന്നെ വിഷുവിന് തുല്യം എന്ന അർഥവും വന്നു ചേർന്നു. കേരളീയർ മേടമാസം ഒന്നാം തീയതിയാണ് വിഷുവായി ആഘോഷിക്കുന്നത്. സൂര്യൻ മീനം രാശിയിൽ നിന്ന് മേടം രാശിയിലേക്ക് വിഷുവിന്റെ തലേ ദിവസം പ്രവേശിക്കും. വിഷുവിനു തൊട്ടുമുമ്പുള്ള ഈ ദിവസത്തെ വിഷുസംക്രമണ ദിവസമെന്നോ വിഷുസംക്രാന്തിയെന്നോ പറയുന്നു. വിഷുവത്സമ: രാത്രിവാസര എന്നാണ് അഭിമതം.

ഐശ്വര്യത്തിന്റെയും നിറവിന്റെയും വർഷത്തിനായി സംക്രമപ്പുലരി കണിയൊരുങ്ങുന്നു.

വിഷ്ണുപുരാണത്തിലും ഇതിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഒരു ചെറുപ്രാണിയെപ്പോലെ ചുറ്റിത്തിരിയുന്ന സൂര്യൻ ഒരു മുഹൂർത്തത്തിൽ ഭൂമിയുടെ മുപ്പതിലൊരു ഭാഗം വീതം അതിക്രമിച്ചുകൊണ്ട് പകലും രാത്രിയും ഉണ്ടാകുന്നു. ഉത്തരായനത്തിന്റെ തുടക്കത്തിൽ സൂര്യൻ മകരരാശിയിലേക്ക് സംക്രമിക്കുന്നു. ഈ മൂന്നു രാശിയും സമമാക്കിക്കൊണ്ട് വിഷുവത്തിലേക്ക് കടക്കുന്നു.

ഉത്തരായനത്തിൽ മേടം ഒന്നും ദക്ഷിണായനത്തിൽ തുലാം ഒന്നും ആണ് വിഷുവത്ത്. ഇത് പുണ്യകാലമെന്നാണ് ജ്യോതിഷികൾ പറയുന്നത്. മലയാളികളുടെ കൊല്ലവർഷം ആരംഭിക്കുന്നത് ചിങ്ങത്തിലാണെങ്കിലും ജ്യോതിശാസ്ത്രമനുസരിച്ച് മേടസം

ക്രമ വേളയെയാണ് ആണ്ടുപിറപ്പായി കണക്കാക്കുന്നത്. അങ്ങനെ മേടം ഒന്ന് ഒരു വർഷാരംഭദിനം കൂടിയാവുന്നു. ഈ ദിനം കേരളത്തിന്റെ വിളവിറക്കുത്സവവും വിളവെടുപ്പുത്സവവുമാണ്. വിളവിറക്കും വിളവെടുപ്പും തുല്യമായിത്തന്നെ ഈ നാളിൽ ഉണ്ടാകുന്നുവെന്നതുകൊണ്ട് തുല്യം എന്നർത്ഥം കാർഷികവിളകളുടെ അടിസ്ഥാനത്തിൽ വിഷുവിന് കൈവരുകയും ചെയ്യുന്നു. വിഷു കാർഷികോത്സവമായി മാറുന്നു എന്നത് കേരളത്തിന്റെ കാർഷിക പരിസ്ഥിതി ബന്ധങ്ങൾ വ്യക്തമാക്കുന്നു. സംഘം കൃതികളിൽ കാർഷികവൃത്തിയുടെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നുണ്ട്. എന്തിന് ആധുനിക കവികളിൽപ്പോലും കൃഷിയുടെ മഹത്വവത്കരണം കാണുന്നു.

"കാളയിൽ, കലപ്പയിൽ, ജീവിതം സമർപ്പിക്കു
മാളുകൾക്കധിവാസ ദേശങ്ങളിവിടങ്ങൾ"

(പാലാ) എന്നത് കേരളത്തിന്റെ കാർഷിക മഹത്വത്തെ വിളിച്ചോതുന്നു. വിഷു കാർഷികോത്സവമാണെന്ന് കേരളത്തിന്റെ ഭൂപ്രകൃതിതന്നെ അറിവു തരുന്നു. അധ്വാനത്തിന്റെ മഹത്വം അതിന്റെ പരിസമാപ്തിയിലെത്തുന്നത് വിഷുവിനാണ്.

കർഷകർക്ക് എന്തെല്ലാം അല്ലലുണ്ടെങ്കിലും അതെല്ലാം മറക്കുവാൻ ശ്രമിക്കുന്നു. അത് വിഷുവിന്റെ മഹത്വം കൂടിയാണ്. കർഷകർ മാത്രമല്ല, കേരളീയർ എല്ലാവരും തന്നെ എല്ലാം മറന്ന് വിഷുവിനെ എതിരേല്ക്കുന്നു.

"നൂറു പരാതിയെനിക്കുണ്ടാകാം
പോരുമതെന്റെ കണിക്കൊന്നേ, വഴി-
യോരമിതിങ്കൽ ചാമീകരണമണി
ഹാരശതങ്ങളണിഞ്ഞു, നിനയ്ക്കാ-
തത്ഭുതസംഭവമായ് നീ നില്ക്കേ,-
യപ്പുകൾ കണ്ടു മറപ്പേനെല്ലാം."

എന്ന് വൈലോപ്പിള്ളി കണിക്കൊന്ന എന്ന കവിതയിൽ ദാരിദ്ര്യത്തിന്റെ പക്ഷത്തു നിന്നു കൊണ്ട് പാടുന്നുണ്ട്.

വേനൽച്ചൂടും വേനൽമഴയും മീനം-മേടം മാസങ്ങളുടെ പ്രത്യേകതയാണ്. കഠിനമായ ചൂടിൽ നിന്ന് മുക്തിനേടാൻ വേനൽമഴ സഹായിക്കുന്നു. ചൂടിന്റെയും മഴയുടെയും ഇടയിൽ ഭൂമിക്കുണ്ടാകുന്ന പാരവശ്യമെന്താവാം എന്നു പോലും ചിന്തിക്കുന്ന ഒരു പാരിസ്ഥിതികാവബോധത്തെക്കുറിച്ച് കേരളീയർ എന്നും ബോധവാന്മാരായിരുന്നു. ഭൂമിയുടെ ഓരോ വളർച്ചയ്ക്കും തളർച്ചയ്ക്കും ഉള്ള പ്രതിഭാസങ്ങളെക്കുറിച്ച് കവികൾ ജാഗരൂകരായിരുന്നു. മേടരാവിൽ എന്ന കവിതയിൽ വൈലോപ്പിള്ളി തന്റെ ഉത്കണ്ഠ പുറത്തു വിടുന്നു.

"മേടത്തിൽ കൊടും ചൂടു
മിരട്ടിപ്പിക്കും മട്ടിൽ
കോടക്കാർ നിരവന്നു
മാനത്തു വിലസുമ്പോൾ
പാവമീയൂഴിപ്പെണ്ണിൻ
പാരവശ്യമെന്താവാം?"

എന്ന ഉത്കണ്ഠ പാരിസ്ഥിതിക പ്രേമത്തിൽ നിന്നും ഉരുവം കൊള്ളുന്നതാണ്.

നിറത്തിന് മനശ്ശാസ്ത്രപരമായി വിവിധ അർത്ഥകല്പനകൾ നല്കിയിട്ടുണ്ട്. മഞ്ഞ നിറം അഥവാ സ്വർണ്ണനിറം സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയും നിറമാണ്. മാത്രമല്ല, കർഷകന്റെ അധ്വാനത്തിൽ ഭൂമി ഉർവരമാകുമ്പോൾ ഭൂമി നൽകുന്ന സന്തോഷമാണ് കൊന്നപ്പൂക്കൾ. ഇതിന്റെ മഞ്ഞനിറം ദാരിദ്ര്യത്തെ നശിപ്പിക്കുന്ന മഞ്ഞ നിറം കൂടിയാണ്. ദാരിദ്ര്യത്തിന്റെ ഇല്ലായ്മ കർഷകനെ സന്തോഷഭരിതനാക്കുന്നു.

"ഉന്മിഷൽപ്പുളകത്താൽ
പൊൻപീലിക്കതിർ നീട്ടി
നന്മയിൽ നൃത്തം ചെയ്തു-
മന്നു ഞങ്ങടെ ചിത്തം"

ഭൂമിയെ ഉർവരമാക്കുന്ന എല്ലാവരുടെയും ചിത്തത്തെ ഉന്മേഷപുളകിതമാക്കുന്ന കാഴ്ചയാണ് ഇവിടെ പ്രകടമാകുന്നത്.

സൂര്യന്റെ പുതിയ പ്രദക്ഷിണവഴി കേരള വിഷുപ്പക്ഷിയുടെ പാട്ടിൽ മുഖരിതമാവുന്നു. വിത്തും കൈക്കോട്ടും 'പാട്ടും കൈകൊട്ടും',



'അച്ഛൻ കൊമ്പത്ത് അമ്മ വരമ്പത്ത്', 'ചക്കയ്ക്കുപ്പുണ്ടോ', 'കള്ളൻ ചക്കേട്ടു കണ്ടാൽ മിണ്ടണ്ടാ' എന്ന പാട്ടുശകലങ്ങൾ വിഷുക്കാലത്ത് മുഖരിതമാകുന്നു. തനിമയാർന്ന ഈ പാട്ടിന്റെ ഈണം ആർക്കും മറക്കാവതല്ല. വൈലോപ്പിള്ളി ഈ ഈണത്തിൽ കുറിച്ചു.

"പുത്തൻ വരിഷത്തിൽ
പുലരിക്കണികാണാൻ
എത്തും കിളിപാടീ........
വിത്തും കൈക്കോട്ടും".

പരിസ്ഥിതി-യത്നം-നന്മ എന്നീ പ്രാകൃതികപ്രതിഭാസങ്ങളാണ് വിഷു മുന്നോട്ടു വയ്ക്കുന്നത്. കാർഷികവൃത്തിയിൽ കൂടിയാണ് ഈ ചാക്രിക പ്രതിഭാസം നിലകൊള്ളുന്നത്. ഇത് കവിയ്ക്കും ബോധ്യമുണ്ട്.

"നാടാം നാടെല്ലാം
നന്മകൾ വിളയിക്കും
വിത്തും, വിഘ്നത്തിൽ
കൊത്തും കൈക്കോട്ടും
യത്നം ചെയ്യട്ടേ"

വിത്ത് പരിസ്ഥിതിയുടെയും കൈക്കോട്ട് അധ്വാനത്തിന്റെയും കണി നന്മയുടെയും ചിഹ്നങ്ങളായി മാറുന്നു.

കണികാണൽ വിഷുവിന്റെ പ്രധാന ചടങ്ങാണ്. വേനൽമഴ മണ്ണിന്റെയും പൂവിന്റെയും ഗന്ധത്തെ തരുന്നു. ഈ സംക്രമപ്പുലരി, ഐശ്വര്യത്തിന്റെയും നിറവിന്റെയും വർഷത്തിനായി കണിയൊരുങ്ങുകയായി.

"ഇക്കണി, പൂക്കണി, വിഷുക്കണി
ഇക്കൊല്ലത്തെ പുതുക്കണി
മണ്ണിനു പിറന്നാൾ പുലർക്കണി
വിണ്ണിൽ നിറയെ കതിർക്കണി"

(വിഷുക്കണി, നീലമ്പേരൂർ മധുസൂദനൻനായർ) ആവുകയാണ് കുട്ടികൾക്ക്.

ഓട്ടുരുളിയിൽ നിറച്ച് അരിയിൽ കൃഷ്ണ വിഗ്രഹം വച്ച് അതിനുള്ളിൽ കണിക്കൊന്നയുടെ പൂങ്കുലയും കായ്കനികളും വാൽക്കണ്ണാടി, ധാന്യം, പടലയായുള്ള വാഴപ്പഴം, കോടി, സ്വർണം/വെള്ളി, എന്നിവ തലേദിവസം തന്നെ വച്ചൊരുക്കും. "കനകക്കിങ്ങിണി, വളകൈമോതിരം അണിഞ്ഞു വാ ഉണ്ണി കണികാണാൻ". അമ്മയുടെയോ മുത്തശ്ശിയുടെയോ വിളികേൾക്കേണ്ട താമസം ഉണ്ണികൾ ചാടിയെഴുന്നേൽക്കുന്നു. കണ്ണുകൾ അമ്മ കൈകൊണ്ട് പൊത്തി ഒരുക്കി വച്ചിരിക്കുന്ന ഓട്ടുരുളിയ്ക്കു മുന്നിൽ കൊണ്ടു ചെന്ന് പറയും 'ഉണ്ണി കണി കാണ്' എന്ന്.

നല്ലൊരു നാളേയ്ക്കായി അർപ്പിക്കുന്ന മനസ്സും ശരീരവും പുതിയൊരു ജീവിതത്തിന് വഴിതുറക്കുന്നു. മുതിർന്നവർ എല്ലാപേർക്കും കൈനീട്ടം നല്കുന്നു. ഉണ്ണിക്കുട്ടന്മാർക്കാകട്ടെ സന്തോഷവും. 'ഉണ്ണിക്കണ്ണനു കൈനീട്ടം! ഉത്സാഹത്തിൻതിരനോട്ടം.' കൈനീട്ടം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുക എന്നത് വിഷുവിന്റെ പ്രത്യേകതയാണ്. ഭൂമിക്ക് എന്തു കൊടുക്കുന്നുവോ അത് നല്കുന്നുവെന്നതിന്റെ പ്രതീകാത്മകതകൂടിയാണ് വിഷുവിന് നാം എന്തുകൊടുക്കുന്നുവോ അതിന്റെ ഇരട്ടി കൈനീട്ടമായി നല്കുന്നു എന്നതിനു പിന്നിൽ.

വിഷുക്കണി ദർശിച്ചശേഷം കർഷകർ ആദ്യത്തെ വിത്തെറിയുന്നു. വിളഞ്ഞു പാകമായവയാകട്ടെ കൊയ്തെടുക്കുകയും ചെയ്യുന്നു. ഭൂമിയും കർഷകനും സന്തോഷം കൊണ്ട് പുനർജനിയിലേക്ക് നീങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇവിടെ കുട്ടികളും മുതിർന്നവരും വിളവെടുപ്പിന്റെ ഭാഗഭാക്കുകളാകുന്നു.

"ഉണ്ണികളറിവീലുണ്മകൾ, കള്ള-
ക്കണ്ണുകൾ പൊത്തി വരട്ടേ, കണിക-
ണ്ടിത്തിരി പൂത്തിരി കത്തിക്കട്ടെ,
പൊട്ടിവിരിഞ്ഞു ചിരിക്കട്ടേ........"



# വിഷുപ്പടയണി

എഴുമാവിൽ രവീന്ദ്രനാഥ്

> വൃശ്ചികം ഏഴിന് വെണ്ണിക്കുളത്തിന് സമീപമുള്ള തെള്ളിയൂർകാവിൽ തുടങ്ങി മേടം പത്തിന് കുന്നന്താനം മഠത്തിൽകാവിൽ സമീപിക്കുന്ന പടയണിക്കാലത്തിന്റെ വർണാഭമായ കലണ്ടർ നെഞ്ചകത്തിൽ സൂക്ഷിക്കുന്ന ഒരു ജനസമൂഹം ഇന്നും പഴയ തെക്കുംകൂറിൽപ്പെട്ട പത്തനംതിട്ടയിലും സമീപ്രദേശങ്ങളിലുമുണ്ട്.

വരമൊഴിയ്ക്കും, സംസ്കരിയ്ക്കപ്പെട്ട വായ്മൊഴിയ്ക്കും മുമ്പ് ആശയസംവേദനത്തിനുള്ള ഏറ്റവും ശക്തമായ ഉപാധികളായിരുന്നു പ്രാചീനകലാരൂപങ്ങൾ. സംഘകാലം മുതല്ക്കേ പാട്ട്, കൂത്ത്, നാട്യം, ചിത്രം, എടുപ്പുകോലങ്ങൾ തുടങ്ങിയവയുടെ പ്രാകൃത രൂപങ്ങൾ ഇവിടെയുണ്ടായിരുന്നുവെന്നാണു ചരിത്രം പറയുന്നത്. വിശേഷാവസരങ്ങൾ കൊണ്ടാടുവാനും പ്രകൃതി ശക്തികളെ ആരാധിയ്ക്കുവാനും, പിതൃക്കളെ പ്രീതിപ്പെടുത്തുവാനുമൊക്കെയായിരുന്നു ഇവയിൽ പലതും അവതരിപ്പിച്ചിരുന്നത്. വടക്ക് കോലത്തുനാടുമുതൽ തെക്കു വേണാടുവരെ നില നിന്നിരുന്ന ഇവയിൽ പലതും നാമാവശേഷമായിക്കഴിഞ്ഞു.

ഓരോ കലാരൂപവും അതതു നാട്ടിലെ കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ടാണ് ഉരുത്തിരിഞ്ഞു വന്നതെന്നു വേണം അനുമാനിയ്ക്കാൻ. വിളവെടുപ്പിനും വിത്തിറക്കിനും മദ്ധ്യേയുള്ള കാലമായിരുന്നു ജനങ്ങൾ ആഘോഷങ്ങൾക്കായി പൊതുവേ തെരഞ്ഞെടുത്തിരുന്നത്. വൃശ്ചികത്തിൽ ഒരറ്റത്തു തുടങ്ങി മേടത്തിൽ മറ്റൊരു നാട്ടിൽ അവസാനിക്കുംവിധമായിരുന്നു ഇവയുടെ ക്രമീകരണം. വിവിധ നാടുകൾ തമ്മിലുള്ള സൗഹൃദം പുതുക്കുക എന്ന ലക്ഷ്യം കൂടിയായിരുന്നിരിയ്ക്കണം ഈ ക്രമീകരണങ്ങൾക്കു പിന്നിൽ.







കാവുകളും, മുക്കാൽവട്ടങ്ങളും കേന്ദ്രീകരിച്ചായിരുന്നു അന്നു കലാരൂപങ്ങൾ അരങ്ങേറിയിരുന്നത്. വള്ളിപ്പടർപ്പുകളും, വൻമരങ്ങളും നിറഞ്ഞ കാവുകൾ നിബിഢവനങ്ങളുടെ മിനിയേച്ചറുകൾ തന്നെയായിരുന്നു. സ്വതന്ത്രമായി നിലനിന്നിരുന്ന ക്ഷേത്രങ്ങളായിരുന്നു മുക്കാൽവട്ടങ്ങൾ. നാടിന്റെ ശക്തികേന്ദ്രങ്ങളും ഇവതന്നെ. പാഠശാലകളും കളരികളുമൊക്കെ മിക്കക്ഷേത്രങ്ങൾക്കും സമീപമായിരുന്നു സ്ഥാപിയ്ക്കപ്പെട്ടിരുന്നത്. നാട്ടിലെ തർക്കപരിഹാരകേന്ദ്രങ്ങളും മറ്റെങ്ങുമായിരുന്നില്ല.

പൂർവികസംസ്കൃതിയുടെ തിരുശേഷിപ്പുകളായി പത്തനംതിട്ട ജില്ലയിലെ കാവുകളിൽ ഇന്നും ആഘോഷിച്ചുപോരുന്ന കലാരൂപമാണ് പടയണി. കോട്ടയം, ആലപ്പുഴ ജില്ലയിലെ ഏതാനും ക്ഷേത്രങ്ങളിലും പണ്ട് പടയണി നടന്നിരുന്നതായി പഴമക്കാർ പറയുന്നു. പേരിൽ പടയണി എന്നുണ്ടെങ്കിലും ഇവയ്ക്കൊന്നിനും തന്നെ യഥാർത്ഥ പടയണിയുമായി ബന്ധമുണ്ടായിരുന്നില്ല എന്നതാണു സത്യം (കോട്ടയം ജില്ലയിലെ മാടപ്പള്ളിക്കാവിലും, പത്തനാട്ടുകാവിലും അരനൂറ്റാണ്ടു മുമ്പുവരെ നടന്നിരുന്ന ചൂട്ടുപടയണി, ചമ്പക്കരക്കാവിലെ പിണ്ടിവിളക്ക്, ആലപ്പുഴ ജില്ലയിൽ ഇന്നും ആഘോഷിയ്ക്കുന്ന നീലമ്പേരൂർ പടയണി, കരപ്പുറം പടയണി എന്നിവ ഉദാഹരണ ങ്ങളാണ്).

പഴയ തെക്കുംകൂറിൽപ്പെട്ട പത്തനംതിട്ടയിലും സമീപ പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ഇന്നും പടയണി ഒരു ലഹരിയാണ്. ലോകത്തിന്റെ ഏതുകോണിൽ പോകുമ്പോഴും അവർ അലിഖിതവും അലംഘ്യവുമായ പടയണിക്കലണ്ടർ നെഞ്ചകങ്ങളിൽ സൂക്ഷിച്ചിരിക്കും. വൃശ്ചികം ഏഴിന് വെണ്ണിക്കുളത്തിന് സമീപമുള്ള തെള്ളിയൂർക്കാവിൽ തുടങ്ങി മേടം പത്തിന് കുന്നന്താനം മഠത്തിൽ കാവിൽ സമാപിക്കുന്ന പടയണിക്കാലത്തിന്റെ വർണ്ണാഭമായ കലണ്ടർ.

പടയണി ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം അനുഷ്ഠാനകല ആയിരുന്നില്ല. കലംപൂജമുതൽ ആപിണ്ടിവിളക്കെടുക്കും വരെയുള്ള ഓരോ ചടങ്ങിലും വർണവർഗ ഭേദമന്യേ ഗ്രാമം മുഴുവൻ അലിഞ്ഞു ചേരുകയാണ്. ഓരോ ചടങ്ങിനുമുള്ള അവകാശം ഓരോ സമുദായത്തിനു നൽകിയ പൂർവികർ നാടിന്റെ ഐക്യവും അഖണ്ഡതയും

നിലനിർത്തുന്നതിൽ ബദ്ധ ശ്രദ്ധരായിരുന്നു വെന്നു വേണം കരുതാൻ.

പടയണിയുടെ പരിശീലനകാലം ഏതാണ്ട് ഒരു വർഷം വരും. നൃത്തം, ഗീതം, വാദ്യം, നാട്യം, നടനം, ചിത്രകല തുടങ്ങി യവയുടെ സമന്വയമായ ഈ കലാരൂപ ത്തിന്റെ പരിശീലനത്തിനായുള്ള കളരിക ളിൽ പത്താമുദയംനാളിലാണ് വിദ്യാരംഭം. വാമൊഴി രീതിയാണ് കളരികളിൽ നില നിന്നിരുന്നത്. വ്രതനിഷ്ഠയോടെയുള്ള അഭ്യസനത്തോടൊപ്പം വേലകളിയും ഉണ്ടായിരുന്നു.

മീനമാസത്തിലെ കലംപൂജാനാളിലാണ് കരക്കാരൊത്തു ചേർന്ന് തന്നാണ്ടിലെ വിഷുപ്പടയണിയുടെ രൂപരേഖ തയ്യാറാക്കു ന്നത്. അതോടെ ചുമതലക്കാരെല്ലാം കർമ്മനിരതരാവുന്നു. ഇതേ സമയത്തു തന്നെ അണിയറയിൽ 'സാധിപ്പ്' എന്ന ചടങ്ങിനും തുടക്കമാകുന്നു. പന്ത്രണ്ട് ദിവസം നീണ്ടു നിൽക്കുന്ന ഈ ചടങ്ങിൽ ആശാൻമാരും ശിഷ്യരും ഓർമ്മപുതുക്കി പിഴവുകൾ തീർക്കുന്നു.

ചൂട്ടുവെയ്പ്പോടെയാണ് വിഷുപ്പടയണി യുടെ ആരംഭം. ക്ഷേത്ര ശ്രീകോവിലിൽ നിന്നും നൽകുന്ന ദീപം തെങ്ങോലച്ചൂട്ടി ലേക്കു പകർന്ന് ക്ഷേത്രം വലംവെച്ച് അഗ്നികോണിൽവെയ്ക്കുന്ന ഈ ചടങ്ങ് ആദ്യത്തെ നാലുനാളുകളിലാണ്. വാദ്യ ഘോഷങ്ങളോ താളമേളങ്ങളോ ഇല്ലാത്ത ഈ ചടങ്ങുകൾക്കുശേഷം വെളിച്ചപ്പാട്, ശർക്കരക്കുടക്കാരൻ തുടങ്ങിയവർ കളത്തി ലെത്തി ചില നർമ്മ പരിപാടികൾ അവതരി പ്പിയ്ക്കാറുണ്ട്. പ്രാദേശികസംഭവങ്ങൾ ഉൾപ്പെടുത്തി നർമ്മത്തിൽച്ചാലിച്ചവതരിപ്പി യ്ക്കുന്ന സാമൂഹ്യവിമർശനങ്ങൾ കൊള്ളേ ണ്ടിടത്തു കൊള്ളുകതന്നെ ചെയ്തിരുന്നു.



പുലവൃത്തം, ഗണപതിക്കോലം ഇവയും ഈ രാവുകളിൽത്തന്നെയാണ്. നിലവിളക്കിനു ചുറ്റും തപ്പിന്റെയും കൈമണിയുടെയും താളത്തിൽ ചുവടു വെയ്ക്കുന്ന സംഘത്തിനു പിന്നണിയായി സ്തുതി ഗീതങ്ങളുമായി പാട്ടുകാരുമുണ്ടാകും. ഇതിനു ശേഷ മാണ് ഗണപതിക്കോലം. പേരിൽ ഗണപതി എന്നുണ്ടെങ്കിലും ഈ കോലത്തിന് സാക്ഷാൽ ഗണപതിയുമായി യാതൊരു ബന്ധവുമില്ല. ആദ്യത്തെ കോലമായതിനാലാവും ഇതിന് ഇങ്ങനെയൊരു പേര് വീണത്. യഥാർത്ഥ ത്തിൽ ഇത് പിശാചു കോലമാണെന്നാണ് വിദഗ്ധമതം. ആമ്പിശാച്, പെമ്പിശാച്, അള്ളുപിശാച്, മുള്ളുപിശാച്, എരിപ്പിശാച്, പൂപ്പിശാച്, മരപ്പിശാച് ഇങ്ങനെ നീളുന്നു പിശാചുകളുടെ നിര.



അടുത്തനാൾ അരക്കുതിരകളും പട്ടാണിയും കളത്തിലെത്തുന്നു. കുരുത്തോലകൾ കൊണ്ടുള്ള ഉടലും, പച്ചപ്പാളയിൽ തീർത്ത ശിരസ്സുമുള്ള കുതിരയ്ക്കു നടുവിൽ തുള്ളൽ ക്കാരുണ്ടാവും. കാൽസ്രായിയും വീതിത്തൊപ്പിയുമാണ് പട്ടാണിയുടെ വേഷം. മുസ്ലീം വണിക്കുകളും നാട്ടുകാരും തമ്മിലുള്ള ആദ്യകാല വാണിജ്യബന്ധത്തെ സൂചിപ്പിയ്ക്കുന്ന താണത്രെ ഈ ചടങ്ങ്. തുടർന്ന് ഭൈരവിക്കോലമെത്തുന്നു. കാളിയുടെ പ്രതിരൂപമായും ദേവിയുടെ തിരുമുടിയായും സങ്കല്പിച്ചുവരുന്ന കോലമാണിത്.

ആറാം നാളിലെ അടവിയോടു കൂടി പടയണിത്താളം മുറുകുകയായി. പാനതുള്ളലും നാടിന്റെ നാനാഭാഗത്തു നിന്നുമായി ശേഖരിച്ച മരച്ചില്ലകളും പനയും വാഴയും കൊണ്ട് കളത്തിലൊരുക്കുന്ന കൃത്രിമവനവും മാരൻപാട്ടും ഗന്ധർവൻ പുറപ്പാടുമൊക്കെ ചടങ്ങിന് കൊഴുപ്പേകുന്നു. തൊട്ടടുത്ത നാളുകളിൽ നടക്കുന്ന ഇടപ്പടയണിയിലും കോലംതുള്ളലും പുലവൃത്തവും തുടരുന്നു.

വിഷുപ്പടയണിയിലെ പ്രധാനദിനം പത്താമുദയം തന്നെ. ക്ഷേത്രാങ്കണത്തിൽ നിന്ന് വെളുപ്പിനെ ഉയരുന്ന ആചാരവെടികൾക്കു പിന്നാലെ ചെണ്ടയും, തപ്പും, കൈമണിയും ചേർന്നുള്ള പത്താമുദയ വിളംബരമുണ്ടാവും. പ്രഭാതപൂജകൾ കഴിഞ്ഞുള്ള ഓട്ടൻ തുള്ളൽ, സായാഹ്നത്തിലെ വേലകളി ഇവയ്ക്കുശേഷം ഹ്രസ്വമായ ഒരു ഇടവേളയുണ്ട്. തുടർന്ന് തീവെട്ടി, ചൂട്ടുവിളക്ക്, ചെണ്ടമേളം, തപ്പ്, ആർപ്പുവിളി എന്നിവയുടെ അകമ്പടിയോടെ അലങ്കരിച്ച നാലുനിലത്തേരിന്റെയും കെട്ടുകാഴ്ചകളുടെയും എതിരേൽപ്പാണ്. തേരിന്റെ മുകൾത്തട്ടിലുള്ള ഭഗവതിയുടെ രൗദ്രരൂപം ചൂട്ടുവിളക്കുവെട്ടത്തിൽ കൂടുതൽ ഭീതിദമാകും. കെട്ടുകാഴ്ചകളോടൊപ്പം രണ്ടു ഭൈരവിക്കോലങ്ങൾ ഉറഞ്ഞു തുള്ളിമാറുന്നു. പിന്നാലെ യക്ഷി, പക്ഷി, മറുതാക്കോലങ്ങളാണെത്തുക. വെളുപ്പിന് മൂന്നുമണിയോടെ അകമ്പടികളുമായി കാലൻകോലമെത്തുന്നു. പുറംകളത്തിൽ കാപ്പൊലിച്ചു തുള്ളുന്ന കാലൻ കോലത്തിന്റെ മുടിയരിയുന്നതോടെ മംഗളഭൈരവിക്കോലങ്ങളുടെ വരവാണ്. ഒപ്പം ആപിണ്ടിയും കളത്തിലെത്തുന്നു. വാഴപ്പോളയും പിണ്ടിയും കമുകിൻ വാരിയും ചേർത്ത് കൂടാരംപോലെ നിർമിക്കുന്ന ആപിണ്ടിയുടെ നാലുചുറ്റും മരോട്ടിക്കായിൽത്തീർത്ത് പച്ചഈർക്കിലിൽ ഉറപ്പിച്ച വിളക്കുകളും ഉണ്ടാകും. ഒത്ത മുകളിൽ തെങ്ങിൻ പൂക്കുലകൾക്ക് മദ്ധ്യത്തിലായി പന്തവും കാണാം. ഇവയിലെല്ലാം ദീപം തെളിയിച്ച് നടയിൽ വെയ്ക്കുന്നതോടെ പടയണിച്ചടങ്ങുകൾ അവസാനിക്കുന്നു.

തെക്കുംകൂറിന്റെ സാംസ്കാരികത്തനിമ കാത്തു സൂക്ഷിക്കുവാൻ പ്രതിജ്ഞാ ബദ്ധമായ ഒരുപറ്റം പടയണിസംഘങ്ങൾ ഇന്നും ജില്ലയിൽ സജീവമാണ്. കുന്നന്താനത്തെ ഗോത്രകലാപീഠം പോലെയുള്ള സംഘടനകൾ ഇവർക്കു പിൻബലമേകുന്നു. കക്ഷിരാഷ്ട്രീയ ഭേദമന്യേ ഇവിടെക്കാണുന്ന യുവതലമുറയുടെ കൂട്ടായ്മ പ്രതീക്ഷയ്ക്കു വകനൽകുന്നുണ്ട്. മൺമറയുന്ന കലാരൂപങ്ങളുടെ പുനരുദ്ധാരണത്തിനായി ഇത്തരം കൂട്ടായ്മകൾ ഓരോ നാട്ടിലും ഉരുത്തിരിഞ്ഞെങ്കിൽ!





# കൊന്നപ്പൂ

## പൂക്കുന്നൊരെന്റെ നാട്ടിൽ........

ഒ.എ. മുഹമ്മദ് റിഷ്‌ലം

കണിക്കൊന്നയെക്കുറിച്ച് പറയുമ്പോൾ മലയാളിക്കെപ്പോഴും ആയിരം നാവാണ്. കാരണം കേരളമെന്ന സുന്ദരദേശത്ത് വിരിയുന്ന ഏറ്റവും മനോഹരമായ പൂവാണ് കണിക്കൊന്ന. കൊന്നപ്പൂ മലയാളികൾക്ക് എന്നും ഐശ്വര്യത്തിന്റെ പ്രതീകമായിരുന്നു. ആ കണിക്കൊന്നയാണ് കേരളനാടിന്റെ ആസ്ഥാന പുഷ്പവും.

ഏകദേശം ആയിരം വർഷങ്ങൾക്കപ്പുറം തന്നെ കേരളീയർ തുലാവിഷു ആഘോഷിച്ചിരുന്നതായി തെളിയിക്കുന്ന ചരിത്രരേഖകളുണ്ട്. പക്ഷേ, നാം ഇന്ന് ആഘോഷിക്കുന്നത് മേടവിഷുവാണ്. തുലാവിഷുവിൽ നിന്ന് മേടവിഷുവിലേക്കുള്ള മാറ്റം എങ്ങനെ, എന്നുണ്ടായി എന്നൊന്നും അറിയാൻ തക്കരേഖകളില്ല. തുലാവിഷു ആഘോഷിച്ചുപോന്ന നാളുകളിൽ കൊന്നപ്പൂവിന് സ്ഥാനമുണ്ടായിരുന്നോ എന്നും കൃത്യമായി പറയാൻ പറ്റില്ല. എന്തായാലും, കേരളത്തിൽ കൃഷിയാരംഭിച്ച കാലം മുതലെങ്കിലും കൊന്നപ്പൂ നമ്മുടെ സാംസ്കാരിക-അനുഷ്ഠാന ജീവിതത്തിൽ സ്ഥാനം പിടിച്ചിരുന്നതായി ഊഹിക്കാം. അതാകട്ടെ വിത്തും കൈക്കോട്ടുമായി ബന്ധപ്പെട്ടതാണ്. ഏകദേശം രണ്ടായിരം വർഷങ്ങൾക്കപ്പുറം തന്നെ കൊന്നപ്പൂവിനെ കുറിച്ചുള്ള പരാമർശമുണ്ട്. ഒരു സംഘംപാട്ടിൽ മഴക്കാലത്ത് പൂക്കാറുള്ള കൊന്നപ്പൂക്കൾ ചൂടി പുതിയ ഏറുകൾ പൂട്ടുന്ന ഉഴവരുടെ മനോഹരമായൊരു ചിത്രമുണ്ട്. "കൊന്നപ്പൂക്കൾ ഇടയ്ക്കിടെ തൊടുത്തുണ്ടാക്കിയ വനമാല ചൂടിയ വീരഭടന്മാരുടെ നായകനാണ്" ചേരരാജാവായ ചെൽവക്കടുങ്കോവാഴിയാതൻ എന്ന് കപിലർ എന്ന കവി പാടിയിട്ടുണ്ട്. കൊന്നപ്പൂവിനോടൊപ്പം കാഞ്ചിപ്പൂവും ഭടന്മാർ അക്കാലത്ത് അണിഞ്ഞിരുന്നു. മേച്ചിൽ സ്ഥലങ്ങളും



**കൊടുംവേനലിൽ മണ്ണിനും മനസ്സിനും കുളിരായെത്തുന്ന കിഴക്കൻ മഴവീഴുമ്പോൾ കർഷകൻ കലപ്പയുമായി പാടത്തിറങ്ങുന്നു. കൊടുംചൂടിലും പൂത്തുനില്ക്കുന്ന കണിക്കൊന്ന അവനെ ഹാർദമായി സ്വീകരിക്കുന്നു.**

കുറ്റിക്കാടുകളും നിറഞ്ഞ 'മുല്ല' എന്നറിയപ്പെട്ടിരുന്ന ഇടനാടൻ പ്രദേശങ്ങളിൽ ധാരാളം കൊന്ന മരങ്ങൾ തിങ്ങിവളർന്നിരുന്നുവെന്ന് ചില സംഘംപാട്ടുകളിൽ കാണാം-കണിക്കൊന്നതന്നെയാകണം അത്.

അങ്ങനെ പ്രാചീന കേരളീയർക്ക് സുപരിചിതമായിരുന്ന കണിക്കൊന്ന മലയാളികളുടെ പുതുവർഷ പുലരിയായ മേടം പിറക്കുന്നതിന് മുമ്പ് തന്നെ പൂത്തുലഞ്ഞു നിൽക്കും. കൊടും വേനലിൽ മണ്ണിനും മനസ്സിനും കുളിരായെത്തുന്ന കിഴക്കൻ മഴ വീഴുമ്പോൾ കർഷകൻ വിത്തും കലപ്പയുമായി പാടത്തേക്കിറങ്ങുന്നു. കൊടും ചൂടിലും പൂത്തുനില്ക്കുന്ന കണിക്കൊന്ന സ്വാഭാവികമായും അവന്റെ മനസ്സിലും സ്ഥാനം പിടിച്ചു. വർഷകാലത്തിന്റെ വരവിനെയും കൊന്ന പൂക്കുന്നതിനെയും ബന്ധപ്പെടുത്തി നിരീക്ഷണം നടത്തിയിട്ടുണ്ടാകണം അവൻ. കൊന്നപ്പൂ വിരിയുന്നത് നേരത്തെ ആയാൽ കാലവർഷം നേരത്തെ വരുമെന്നും, വൈകിയാൽ കാലവർഷം വൈകുമെന്നും അവൻ മനസ്സിലാക്കി. അങ്ങനെയാകണം 'കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി' എന്ന ചൊല്ലുണ്ടായത്. കൃഷിയിറക്കേണ്ട കാലമടുപ്പിച്ചാണല്ലോ കൊന്ന മരങ്ങൾ സ്വർണമരങ്ങളാകുന്നത്. കൃത്യസമയത്ത് കൃഷിപ്പണി തുടങ്ങിയില്ലെങ്കിൽ പട്ടിണി തീർച്ചയാണെന്ന് മനസ്സിലാക്കിയ കൃഷിക്കാരൻ കണിക്കൊന്നയെ ഐശ്വര്യത്തിന്റെ പ്രതീകമാക്കിയതിൽ എന്തത്ഭുതം?



കണിക്കൊന്ന വിരിയുന്ന കാലവും ദിവസങ്ങളും നിരീക്ഷിച്ച് കാലവർഷം പ്രവചിക്കാനാകുമെന്ന് ഈ അടുത്തകാലത്ത് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ രംഗത്ത് ഗവേഷണം നടത്തിയ പ്രഗത്ഭനായൊരു ശാസ്ത്രജ്ഞനുണ്ടായിരുന്നു നമുക്ക്. ഡോ. പിഷാരടി. ലോക കാലാവസ്ഥാ സംഘടന അതിന്റെ 1989-ലെ അവാർഡ് നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. 1985-ൽ ഗുജറാത്തിലും ഡൽഹിയിലും പതിവിലും നേരത്തെ ജൂലൈ ഒന്നിന് കാലവർഷം ആരംഭിക്കുമെന്ന് അദ്ദേഹം പ്രവചിച്ചു. ചില പ്രത്യേകതരം സസ്യങ്ങളും മരങ്ങളും പുഷ്പിക്കുന്ന ദിവസങ്ങളെ കാലാവസ്ഥയുമായി ബന്ധപ്പെടുത്തി പഠിച്ച് കാലാവസ്ഥാ പ്രവചനം നടത്തുന്ന ഒരു ശാസ്ത്രശാഖതന്നെ സമീപകാലത്ത് ഉരുത്തിരിഞ്ഞിട്ടുണ്ട്; ഫീനോളജി. പ്രവചിക്കാനാവാത്തവിധം കാലാവസ്ഥ മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഈ ശാസ്ത്രശാഖയ്ക്ക് വിപുലമായ സാധ്യതകൾ ഉണ്ട്. കേരളത്തിൽ സാധാരണയായി ഒക്ടോബറിലും ഫെബ്രുവരിയിലുമാണ് കണിക്കൊന്ന പൂക്കുന്നത്. പലപ്പോഴും കാലം തെറ്റിയും പൂക്കാറുണ്ട്. ഈ പ്രതിഭാസത്തെ തുലാവർഷവും കാലവർഷവുമായി ബന്ധപ്പെടുത്തി എന്ത് കൊണ്ട് നമുക്ക് പഠിച്ച് കൂടാ?



# വേനൽക്കാലരോഗങ്ങൾ ചികിത്സയും പ്രതിരോധവും

ഡോ. പി. കൃഷ്ണൻ

കത്തിജ്ജ്വലിക്കുന്ന സൂര്യൻ. വെള്ളം വറ്റുന്ന പുഴയും കുളങ്ങളും. ഉണങ്ങുന്ന പുൽക്കൊടികൾ. ചൂടിൽ നിന്ന് രക്ഷ നേടാൻ മരങ്ങൾ പോലും ഇലകൾ പൊഴിച്ചിരിക്കുകയാണ്. വീശിയടിക്കുന്ന ഉഷ്ണക്കാറ്റിൽ കരിയിലകളും പൊടിയും.... ദാഹവും ക്ഷീണവും വർധിപ്പിക്കുന്ന വേനൽക്കാലം. പൂജാദിവിധികൾ നിഷേധിക്കപ്പെട്ട തെയ്യങ്ങളും ഭഗവതിമാരും രോഗങ്ങളുടെ വിത്തെറിയുന്നതും ഇക്കാലത്തു തന്നെ. ഉത്സവങ്ങളുടെയും ആരവങ്ങളുടെയും യാത്രകളുടെയും മറുപുറമല്ലേ രോഗങ്ങളും അപകടങ്ങളും?

വേനൽക്കാലത്ത് നമ്മെ അലട്ടുന്ന രോഗങ്ങളാണ് ചിക്കൻപോക്സ്, അഞ്ചാം പനി, ജർമൻ മീസിൽസ്, മുണ്ടിനീര്, കോളറ, വയറിളക്ക രോഗങ്ങൾ, മന്തുരോഗം, സൂര്യാഘാതം, ചെങ്കണ്ണ്, മഞ്ഞപ്പിത്തം എന്നിവ. ഈ അസുഖങ്ങളിലൂടെയൊരു പര്യടനം.

ചറിയുന്നത്. ലിംഗ-പ്രായ വ്യത്യസമില്ലാതെ ഈ രോഗം ബാധിക്കാറുണ്ട്. ഒരിക്കൽ പിടിപെട്ടവരെ അപൂർവമായേ പിന്നീട് രോഗം ബാധിക്കാറുള്ളൂ. രോഗപ്രതിരോധ ശേഷി കുറഞ്ഞവരിലും കുഞ്ഞുങ്ങളിലും ഇത് ബാധകമല്ല. ജനുവരി മുതൽ ജൂൺവരെയുള്ള കാലയളവിലാണ് ഇന്ത്യയിൽ ചിക്കൻപോക്സ് കാണുന്നത്. ജനപ്പെരുപ്പവും ജനസാന്ദ്രതയും രോഗം പകരുന്നതിന് ആക്കം കൂട്ടും.

തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും രോഗാണു കലർന്ന കഫം, സ്രവങ്ങൾ എന്നിവ അന്തരീക്ഷത്തിലെ പൊടി പടലങ്ങളിൽ കലർന്ന്, ആ വായു ശ്വസിക്കുന്നതിലൂടെയും രോഗിയുമായുള്ള സമ്പർക്കം കൊണ്ടും രോഗം പകരാം. രോഗി ഉപയോഗിച്ച വസ്തുക്കളും തൂവാല, തോർത്ത് എന്നിവയുടെ ഉപയോഗത്താലും അസുഖം പകരാം.

**വേനൽക്കാലത്ത്** നമ്മെ അലട്ടുന്ന രോഗങ്ങളാണ് ചിക്കൻപോക്സ്, അഞ്ചാം പനി, ജർമൻ മീസിൽസ്, മുണ്ടിനീര്, കോളറ, വയറിളക്ക രോഗങ്ങൾ, മന്തുരോഗം, സൂര്യാഘാതം, ചെങ്കണ്ണ്, മഞ്ഞപ്പിത്തം എന്നിവ.



## ചിക്കൻ പോക്സ്

വേരിസെല്ലാ സോസ്റ്റർ (Varicella zoster) എന്ന പേരുള്ള വൈറസാണ് രോഗകാരി. പനിയുടെയും ശരീരംവേദനയുടെയും കൂടെ കുരുക്കൾ പ്രത്യക്ഷപ്പെടുമ്പോഴാണ് ചിക്കൻ പോക്സെന്ന് നാം തിരി

ചിക്കൻപോക്സ് വൈറസ് മനുഷ്യശരീരത്തിൽ പ്രവേശിച്ച് രണ്ടാഴ്ചയോളം കഴിഞ്ഞേ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നുള്ളൂ.

## രോഗലക്ഷണങ്ങൾ

പെട്ടെന്ന് തുടങ്ങുന്ന പനിയും ശരീരം വേദനയും വിറയലുമാണ് തുടക്കത്തിൽ. കുരുക്കൾ പ്രത്യക്ഷപ്പെടുന്നതിന് രണ്ടോ

മൂന്നോ ദിവസങ്ങൾക്ക് മുമ്പായിരിക്കുമിത്.

ഉടലിലാണ് കുരുക്കൾ കൂടുതൽ കാണാറുള്ളത്. മുഖം, കൈകാലുകൾ, കക്ഷം എന്നിവിടങ്ങളിൽ കുരുക്കൾ കാണാമെങ്കിലും കുറവായിരിയ്ക്കും. കൈപ്പത്തി, പാദം എന്നിവിടങ്ങളെ ബാധിക്കാറില്ല. വെള്ളം നിറഞ്ഞുനിൽക്കുന്ന കുരുക്കൾ മഞ്ഞുതുള്ളികൾ ശരീരത്തിൽ ഒട്ടിപ്പിടിച്ചതുപോലെ തോന്നിക്കും. ഒരാഴ്ചകൊണ്ടവ ഉണങ്ങുകയും ചെയ്യും.

ന്യുമോണിയയും, തലച്ചോറിനെ ബാധിക്കുന്ന എൻസിഫലൈറ്റിസും, രക്തസ്രാവം, കരൾരോഗങ്ങൾ എന്നിവയും അപൂർവമായി വരാറുണ്ട്. ഗർഭിണികളിൽ ഈ രോഗം വരുമ്പോൾ ഗർഭസ്ഥശിശുവിന് അംഗവൈകല്യം സംഭവിക്കുവാൻ സാധ്യതയുള്ളതിനാൽ, തുടക്കം മുതൽ വിദഗ്ദ്ധ ഡോക്ടറുടെ ഉപദേശപ്രകാരം മരുന്നുകൾ കഴിക്കണം.

## പ്രതിരോധമാർഗങ്ങൾ

ഇത്തരം രോഗങ്ങൾ പൊട്ടിപ്പുറപ്പെട്ടാൽ ഉടനെ ആരോഗ്യപ്രവർത്തകരെ വിവരമറിയിക്കണം. രോഗിയെ പനി തുടങ്ങിയതുമുതൽ ഒരാഴ്ച മാറ്റിപ്പാർപ്പിക്കുന്നത് നല്ലതാണ്. വീട്ടിൽ ഒറ്റപ്പെട്ട മുറിയുണ്ടെങ്കിൽ അതാണ് ഉചിതം. രോഗി ഉപയോഗിച്ച വസ്തുക്കൾ അണുനാശിനി ഉപയോഗിച്ച് കഴുകണം. കഫവും സ്രവങ്ങളും സംസ്കരിക്കണം. സൂക്ഷിച്ചില്ലെങ്കിൽ സ്കൂളിൽ നിന്ന് കുട്ടികളിലൂടെ വീട്ടിലെത്തിയ ചിക്കൻ പോക്സ് എല്ലാവരെയും ബാധിച്ചേ മടങ്ങുകയുള്ളൂ.

## അഞ്ചാം പനി (Measles)

അറബി വൈദ്യനായിരുന്ന അബൂബക്കറാണ് (865-925AD) ആദ്യമായി ഈ രോഗത്തെക്കുറിച്ച് പരാമർശിക്കുന്നത്. ഒരു സൂക്ഷ്മജീവിയായ വൈറസാണ് രോഗകാരി.

സാധാരണയായി കുട്ടികളെയാണ് ഈ രോഗം കൂടുതലായി ബാധിക്കുന്നത്. ജലദോഷം, പനി, കണ്ണിന് ചുവപ്പുനിറം എന്നിവയ്ക്ക് ശേഷം ശരീരത്തിൽ കുരുക്കൾ പ്രത്യക്ഷപ്പെടാം. മൂക്ക്, വായ, ശ്വാസനാളം എന്നിവയിൽ നിന്നുള്ള രോഗാണു കലർന്ന കഫവും സ്രവങ്ങളും വായുവിലും പൊടിയിലും കലർന്നാണ് രോഗം പകരുന്നത്.

കുരുക്കൾ പ്രത്യക്ഷപ്പെടുന്നതിന് നാലു ദിവസം മുമ്പും ഉണ്ടായിക്കഴിഞ്ഞ് അഞ്ചു ദിവസവുമാണ് രോഗിയിൽ നിന്നും രോഗം പകരുന്നത്. അതുകൊണ്ട് രോഗം തുടങ്ങിയതു മുതൽ ഒരാഴ്ച മാറ്റിത്താമസിപ്പിച്ചാൽ മറ്റുള്ളവരിലേക്ക് രോഗം പകരുന്നത് തടയാനും കഴിയും. രോഗപ്രതിരോധശേഷി കുറഞ്ഞ കുട്ടികളിലും പോഷകാഹാരക്കുറവുള്ളവരിലും രോഗം ഗുരുതരമാകാറുണ്ട്. രോഗാണു ശരീരത്തിലെത്തി, പത്തുദിവസങ്ങൾക്ക് ശേഷം മാത്രമാണ് രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നത്.

**ചില കുട്ടികളെ** അഞ്ചാം പനിക്കു ശേഷം ഭാരക്കുറവ്, വളർച്ച മുരടിപ്പ്, വയറിളക്കം, വായിൽ വ്രണങ്ങൾ, രോഗാണുബാധ, പൂപ്പൽബാധ, ക്ഷയരോഗം എന്നിവ ബാധിക്കാറുണ്ട്.

## രോഗലക്ഷണങ്ങൾ

പനി, മൂക്കൊലിപ്പ്, തുമ്മൽ, ചുമ, കണ്ണിന് ചുവപ്പുനിറം, കണ്ണുനീർ കൂടുതലായി വരിക എന്നിവയാണ് പ്രധാനപ്പെട്ടവ. ചിലർക്ക് വെളിച്ചത്തിലേക്ക് നോക്കാൻ പ്രയാസവുമുണ്ടാകാറുണ്ട്. കുരുക്കൾ പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് ചുവന്ന പ്രതലത്തിൽ, ഉപ്പിൻതരികൾ പോലെയുള്ള ചെറുപൊട്ടുകൾ അണപ്പല്ലുകൾക്കടുത്തുള്ള ശ്ലേഷ്മസ്തരത്തിൽ കാണും. കുരുക്കൾ ചെവിക്കു പിറകെയും മുഖത്തും കഴുത്തിലും കൈകാലിലുമാണ് വരുന്നത്.

ചില കുട്ടികളെ അഞ്ചാം പനിക്കു ശേഷം ഭാരക്കുറവ്, വളർച്ച മുരടിപ്പ്, വയറിളക്കം, വായിൽ വ്രണങ്ങൾ, രോഗാണുബാധ, പൂപ്പൽബാധ, ക്ഷയരോഗം എന്നിവ ബാധിക്കാറുണ്ട്.

വിദഗ്ദ്ധ ചികിത്സയുടെ അഭാവത്തിൽ ന്യുമോണിയ, ചെവിയിൽ പഴുപ്പ്, തലച്ചോറിനെ ബാധിക്കുന്ന രോഗങ്ങൾ, കണ്ണിന്റെ കാഴ്ചകുറയൽ എന്നിവയും റിപ്പോർട്ട് ചെയ്യാറുണ്ട്.

## ജർമൻ മീസിൽസ്

ഗർഭാരംഭത്തിൽ ഈ രോഗം പിടിപെട്ടാൽ കുഞ്ഞിന് അംഗവൈകല്യവും ഗർഭസ്ഥശിശുവിന്റെ മരണവും സംഭവിക്കാം. 1941-ൽ നോർമൻ ഗ്രെഗ് എന്ന നേത്രരോഗ വിദഗ്ദ്ധനാണ് ഈ രോഗം ആദ്യമായി വിശദീകരിച്ചത്.

അന്ധത, ഹൃദയ രൂപീകരണത്തിലെ വ്യതിയാനങ്ങൾ, കേൾവിക്കുറവ്, തലയുടെ വലിപ്പം കുറയൽ, ഞരമ്പ്-പേശീതളർച്ച, വളർച്ചക്കുറവ്, കരൾ-പ്ലീഹ വലിപ്പക്കൂടുതൽ, മാനസികവും ശാരീരികവുമായ വളർച്ച മുരടിപ്പ് എന്നിവ ഒറ്റയ്ക്കോ, കൂട്ടായോ കുട്ടികളിലുണ്ടാകുന്നതിന് ഒരു കാരണം റൂബെല്ല എന്നു വിളിക്കുന്ന ജർമൻ മീസിൽസാണെന്നത് ഇതിനോടകം വിദഗ്ദ്ധർ കണ്ടെത്തിയിട്ടുണ്ട്.

ആർ.എൻ.എ. വൈറസ് എന്ന സൂക്ഷ്മജീവിയാണ് രോഗകാരി. അഞ്ചാംപനിയെ അപേക്ഷിച്ച് പകരുന്നതിന്റെ തോത് കുറവാണ്.

രോഗാണു കലർന്ന തുപ്പലും സ്രവങ്ങളും വായുവിൽ കലർന്നാണ് രോഗം പകരുന്നത്. കുരുക്കൾ പ്രത്യക്ഷപ്പെടുന്നതിന് ഒരാഴ്ച മുമ്പും, കുരുക്കൾ ഉണങ്ങിയതിനു





ശേഷം ഒരാഴ്ചയും രോഗിയിൽ നിന്ന് രോഗം പകരാം. വൈറസ് ശരീരത്തിലെത്തി, രണ്ടാഴ്ചയിലേറെ സമയമെടുക്കും രോഗലക്ഷണങ്ങൾ കാണിക്കുവാൻ.

## രോഗലക്ഷണങ്ങൾ

ജലദോഷം, തൊണ്ടവേദന, പനി എന്നിവയോടുകൂടി കഴുത്തിന് പിന്നിലും ചെവിക്കു താഴെയുമായി ഗ്രന്ഥികൾ തടിച്ചിരിക്കുന്നതു കാണാം. പനി തുടങ്ങി ഒരു ദിവസത്തിനകം കുരുക്കൾ പ്രത്യക്ഷപ്പെടും.

## മുണ്ടിനീര് (Mumps)

മിക്സോവൈറസ് പരോറ്റിഡൈറ്റിസ് (Myxovirus parotiditis) എന്ന സൂക്ഷ്മ ജീവിയായ വൈറസാണ് രോഗകാരി. രോഗം തുടങ്ങുന്നതിന് ആറുദിവസം മുമ്പുവരെയും



രോഗം ഭേദമായശേഷം ഒരാഴ്ചയും രോഗിയിൽ നിന്ന് രോഗം പകരും. മുഖത്തിന്റെ വശങ്ങളിൽ പരോറ്റിഡ് ഗ്രന്ഥിയുടെ (ഉമിനീർഗ്രന്ഥി) വീക്കം കുറയുന്നതുവരെ രോഗം പകരാമെന്നതിനാൽ പ്രത്യേകം ശ്രദ്ധിക്കണം.

അഞ്ചുമുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികളിലാണ് സാധാരണ മുണ്ടിനീര് കാണപ്പെടുന്നത്. പ്രായപൂർത്തിയായവരെയും രോഗം ബാധിക്കാറുണ്ട്.

സ്രവങ്ങളിലൂടെയും കഫത്തിലൂടെയും പുറത്തുവരുന്ന രോഗാണുക്കൾ പൊടിയിൽ കലർന്നും, ആ പൊടിയിൽ ശ്വസിക്കുന്നതുമൂലവും രോഗിയുമായുള്ള സംസർഗം കൊണ്ടും രോഗം പകരാം. രോഗാണു ശരീരത്തിലെത്തി രോഗമുണ്ടാക്കുവാൻ ഏകദേശം 18 ദിവസമെങ്കിലുമെടുക്കും.

പനിയും തലവേദനയും വരുന്നതിനൊപ്പം കുട്ടികൾ ചെവിവേദനകൂടി പറയുന്നതോടെ, ചെവിക്കു മുന്നിലും കവിളിലുമായി പരോറ്റിഡ് ഗ്രന്ഥി വീങ്ങുന്നതോടൊപ്പം കഴുത്തിലുള്ള മറ്റു ഗ്രന്ഥികളും വീങ്ങുന്നത് കാണാം. വായ തുറക്കുവാൻ പ്രയാസവും തുറക്കുമ്പോൾ വേദനയുണ്ടെന്നും പറയുകയും ചെയ്യും.

വിദഗ്ദ്ധ ചികിത്സയുടെ അഭാവത്തിൽ വൃഷണം, ആഗ്നേയഗ്രന്ഥി, കേന്ദ്രനാഡീവ്യവസ്ഥ, അണ്ഡാശയം, പ്രോസ്റ്റേറ്റ് ഗ്രന്ഥി എന്നിവയെയും രോഗം ബാധിക്കാറുണ്ട്.

## ഫ്ളൂ (Influenza)

എ,ബി,സി, വിഭാഗങ്ങളിലുള്ള ഇൻഫ്ളുവൻസ വൈറസാണ് രോഗകാരി. കുളിരും പനിയും ദേഹം വേദനയും അസ്വസ്ഥതയും ചുമയുമാണ് പ്രധാന രോഗലക്ഷണങ്ങൾ.

ഇതൊരന്തർദേശീയ രോഗവും കൂടിയാണ്. ഈ വൈറസിന് സ്വന്തം ഘടന മാറ്റാൻ കഴിയുന്നതു കൊണ്ട് ഏത് പരിതസ്ഥിതിയിലും അതിജീവനം സാധ്യമാകും. മൃഗങ്ങളായ കുതിര, പന്നി, പട്ടി, പൂച്ച, വളർത്തുപക്ഷികൾ, പറവകൾ എന്നിവയിലും സമാനമായ വൈറസുകൾ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യനിലേക്ക് രോഗം വ്യാപിക്കുന്നത് മൃഗങ്ങളിൽ നിന്നോ, പക്ഷികളിൽ നിന്നോ ആകാമെന്നാണ് പഠനങ്ങൾ കാണിക്കുന്നത്.



ശ്വസനപഥത്തിലെ സ്രവങ്ങളിലൂടെയാണ് രോഗം പകരുന്നത്. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതിന് രണ്ട് ദിവസം മുമ്പുമുതൽ, രോഗലക്ഷണങ്ങൾ തുടങ്ങിയിട്ട് രണ്ട് ദിവസം വരെ രോഗിയിൽ നിന്ന് അസുഖം പകരും. ഈ രോഗം, 18 മാസത്തിന് താഴെ പ്രായമുള്ള കുട്ടികളെയും 65 വയസ്സിന് മുകളിലുള്ള വയോവൃദ്ധരെയും ബാധിച്ച് മാരകമാകാറുണ്ട്.

പ്രമേഹരോഗം, ഹൃദ്രോഗങ്ങൾ, വൃക്ക-ശ്വാസനാളിയിലെ രോഗങ്ങൾ എന്നിവയുള്ളവർക്ക് ഈ രോഗം ബാധിച്ചാൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കണം.

രോഗാണു കലർന്ന സ്രവങ്ങൾ അന്തരീക്ഷത്തിൽ കലർന്ന്, രോഗാണുക്കൾ ശ്വസനപഥത്തിലെത്തിയും രോഗം പകരാം. രോഗാണു ശരീരത്തിലെത്തി 18 മുതൽ 72 വരെയുള്ള മണിക്കൂറിലുള്ളിലാണ് രോഗം പ്രത്യക്ഷപ്പെടുന്നത്.

### രോഗലക്ഷണങ്ങൾ

കടുത്ത പനി, കുളിര്, ദേഹം വേദന, ചുമ, ക്ഷീണം എന്നിവയാണ് പ്രധാനരോഗലക്ഷണങ്ങൾ. മൂന്ന് മുതൽ അഞ്ചു ദിവസം വരെ പനി നീണ്ടുനിൽക്കാറുണ്ട്. ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ കഫക്കെട്ട് വർധിച്ച് ന്യുമോണിയ പിടിപെടും.

## കോളറ

സൂക്ഷ്മജീവിയായ വിബ്രിയോ കോളറ 01-ന്റെ എൽടോർ ജൈവരൂപമാണ് രോഗകാരി.

രോഗകാരിയായ വിബ്രിയോ കോളറയെ 56° സെന്റിഗ്രേഡിൽ 30 മിനിട്ട് ചൂടാക്കിയും തിളപ്പിച്ചും നശിപ്പിക്കാം. ഐസിൽ ഒരു മാസത്തിലേറെ ഈ സൂക്ഷ്മജീവിക്ക് കേടുകൂടാതെ ഇരിക്കുവാൻ കഴിയുമെന്നും വൈദ്യഗ്രന്ഥങ്ങൾ പറയുന്നുണ്ട്. 6 മില്ലിഗ്രാം ബ്ലീച്ചിംങ് പൗഡർ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തുണ്ടാക്കിയ ലായനിയാലും വിബ്രിയോ കോളറയെ നശിപ്പിക്കാം. ഈ സൂക്ഷ്മജീവിയുടെ ചെറുകുടലിലെ പ്രവർത്തനഫലമായി വിഷാംശം ഉണ്ടാകുന്നതാണ് രോഗത്തിലേക്ക് നയിക്കുന്നത്.

മനുഷ്യൻ, രോഗിയായും രോഗവാഹകരായും കാണുന്നുണ്ട്. രോഗിയുടെ ഛർദിയി

**കുടിക്കാനും** അലക്കുവാനും ഭക്ഷണം പാകം ചെയ്യാനും ശുദ്ധമായ വെള്ളം ലഭ്യമാക്കണം. വെള്ളം ക്ലോറിനേറ്റ് ചെയ്യുന്നതും അഭികാമ്യമാണ്. മലമൂത്രാദികൾ ശരിയായ വിധത്തിൽ സംസ്കരിക്കണം. വെള്ളം/കിണർ എന്നിവയിൽ നിന്ന് കക്കൂസിന്റെ ടാങ്കുകൾ നിശ്ചിത അകലം പാലിച്ചേ നിർമിക്കാവൂ.

ലൂടെയും മലത്തിലൂടെയും പുറത്തു പോകുന്ന രോഗാണുക്കളിലൂടെയാണ് രോഗം പകരുന്നത്. കോളറയുടെ രോഗവാഹകരും രോഗം പകർത്താൻ കഴിവുള്ളവരാണ്. ഈ രോഗാണു ശരീരത്തിനുള്ളിലെത്തിയാൽ അഞ്ച് ദിവസങ്ങൾ കഴിഞ്ഞേ രോഗമുണ്ടാകുകയുള്ളൂ.

എല്ലാ പ്രായക്കാരെയും ബാധിക്കുന്ന ഈ രോഗം കുട്ടികളെ ഗുരുതരമായി ബാധിക്കാറുണ്ട്. വർധിച്ച യാത്ര, ആഘോഷങ്ങളുടെ ഭാഗമായ കൂട്ടം ചേരൽ, സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ എന്നിവയും കോളറയിലേക്ക് നയിക്കുന്ന ഘടകങ്ങളാണ്.

കൂടാതെ വൃത്തിഹീനമായ ചുറ്റുപാടുകൾ, മലിനമായ വെള്ളം; മണ്ണ്, വ്യക്തിശുചിത്വക്കുറവ്, ആരോഗ്യ-വിദ്യാഭ്യാസമില്ലായ്മ, ജീവിതത്തിന്റെ ശോച്യാവസ്ഥ എന്നിവയും കോളറയ്ക്ക് വളരാൻ വഴിയൊരുക്കും.

മനുഷ്യവിസർജ്യം കൊണ്ട് മലിനമായ കുളം, കിണർ, തടാകം, അരുവി, പുഴ എന്നിവയും മലിനമായ ഭക്ഷണവും പാനീയങ്ങളും, അഴുക്കു വെള്ളം കൊണ്ട് കഴുകിയ പഴങ്ങളുടെയും പച്ചക്കറികളുടെയും ഉപയോഗം എന്നിവയും കോളറ വരുത്തും. വേവിച്ച ഭക്ഷണമാണെങ്കിലും രോഗവാഹകരുടെ വിളമ്പലിലൂടെയും രോഗം പകരാം.

രോഗി ഉപയോഗിച്ച തുണിയും മറ്റും അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും, രോഗിയുടെ മലം, ഛർദിൽ എന്നിവ അണുനാശിനി ഉപയോഗിക്കാതെ സംസ്കരിക്കുന്നതും അഭികാമ്യമല്ല.

## രോഗലക്ഷണങ്ങൾ

പെട്ടെന്നുണ്ടാകുന്ന വയറിളക്കവും ഛർദിയുമാണാദ്യം പ്രത്യക്ഷപ്പെടുന്നത്. മിക്കവരിലും വയറുവേദനയുണ്ടാകാറില്ല. 40-ലേറെ തവണ ഒരു ദിവസം തന്നെ വയറിളകും. കഞ്ഞിവെള്ളം പോലെയാണ് പോകുന്നത്.

അധികം വൈകാതെ രോഗി ക്ഷീണത്തിലേക്കും നിർജലീകരണത്തിലേക്കും പോകും. തത്ഫലമായി കുഴിഞ്ഞ കണ്ണുകളും, കവിളും, ഒട്ടിയ വയറും, തണുത്ത ശരീരവും കൈകാലുകളും പൾസ് കിട്ടാതിരിക്കലും, രക്തസമ്മർദം ക്രമാതീതമായി താഴലും, തൊലിയുടെ കട്ടി കുറയലും, ധ്രുതഗതിയിലുള്ള ശ്വാസോച്ഛ്വാസവും കാണാറുണ്ട്.

മൂത്രം കുറഞ്ഞുവന്ന് മൂത്രമില്ലാതാകുന്ന സ്ഥിതി സംജാതമാകും. രോഗി അസ്വസ്ഥത പ്രകടിപ്പിക്കുകയും, ദാഹം വർധിച്ച്, കാലിലും വയറിലും മസിലുരുണ്ടുകയറി നിർജലീകരണത്തിന്റേതായ വിഷമതകളാൽ മരിക്കുകയാണ് പതിവ്. മരിക്കാത്തവരിൽ രോഗത്തിന്റെ കാഠിന്യം കുറഞ്ഞ് രക്തസമ്മർദം കൂടുകയും ശാരീരിക ഊഷ്മാവ് സാധാരണഗതിയിലാവുകയും ചെയ്യും. വീണ്ടും മൂത്രം വന്നില്ലെങ്കിൽ വൃക്കയുടെ പ്രവർത്തനം നിലച്ചും രോഗി മരിക്കാനിടയുണ്ട്.

> **വെള്ളം** പോലെയുള്ള മലം, ഒരു ദിവസം മൂന്നിലേറെ തവണ പോകുന്നതാണിത്. പൊതുവെ ഗാസ്ട്രോ എന്റൈറ്റിസ് എന്നാണിതിനെ വിളിക്കുന്നത്. വൈറസ്, പലതരം ബാക്ടീരിയകൾ എന്നിവയ്ക്ക് പുറമെ വയറുകടിയുണ്ടാക്കുന്ന അമീബയും വിരകളും വയറിളക്കമുണ്ടാക്കും.

കോളറയാണെന്ന് ബോധ്യപ്പെട്ടാൽ ആരോഗ്യപ്രവർത്തകരെ വിവരമറിയിക്കണം. നിർജലീകരണം തടയാൻ ORS ലായനികൊടുക്കാം. ഇത് ലഭ്യമല്ലെങ്കിൽ അഞ്ച് ഗ്രാം ഉപ്പും 20 ഗ്രാം പഞ്ചസാരയും ഒരു ലിറ്റർ തിളപ്പിച്ചാറിയ വെള്ളത്തിൽ ചേർത്തും ORS കിട്ടുന്നതുവരെ ഉപയോഗിക്കാം.

## ശുചിത്വം പാലിക്കേണ്ടതെങ്ങനെ?

കുടിക്കാനും അലക്കുവാനും ഭക്ഷണം പാകം ചെയ്യാനും ശുദ്ധമായ വെള്ളം ലഭ്യമാക്കണം. വെള്ളം ക്ലോറിനേറ്റ് ചെയ്യുന്നതും അഭികാമ്യമാണ്. മലമൂത്രാദികൾ ശരിയായ വിധത്തിൽ സംസ്കരിക്കണം. വെള്ളം/ കിണർ എന്നിവയിൽ നിന്ന് കക്കൂസിന്റെ ടാങ്കുകൾ നിശ്ചിത അകലം പാലിച്ചേ നിർമിക്കാവൂ. മലശോധന കഴിഞ്ഞ് ശൗചം ചെയ്ത കൈ സോപ്പിട്ട് കഴുകേണ്ടതാണ്. ഭക്ഷണസാധനങ്ങൾ ചൂടോടെ കഴിക്കണം. കഴിവതും കൈകൊണ്ട് തൊടാതെ വിളമ്പുന്നതും ശീലമാക്കണം. രോഗി ഉപയോഗിച്ച വസ്തുക്കൾ അണുനാശിനി ഉപയോഗിച്ച് കഴുകണം.

## വയറിളക്ക രോഗങ്ങൾ (Acute Diorrhoeal Diseases)

വെള്ളം പോലെയുള്ള മലം, ഒരു ദിവസം മൂന്നിലേറെ തവണ പോകുന്നതാണിത്. പൊതുവെ ഗാസ്ട്രോ എന്റൈറ്റിസ് എന്നാണിതിനെ വിളിക്കുന്നത്. വൈറസ്, പലതരം ബാക്ടീരിയകൾ എന്നിവയ്ക്ക് പുറമെ വയറുകടിയുണ്ടാക്കുന്ന അമീബയും വിരകളും വയറിളക്കമുണ്ടാക്കും.

ആറ് മാസം മുതൽ രണ്ട് വയസ്സുവരെയുള്ള കുട്ടികളിലാണിത് സാധാരണ കാണാറുള്ളത്. മുലപ്പാലിൽ നിന്ന് മറ്റ് ഭക്ഷണങ്ങളിലേക്ക് മാറുമ്പോൾ രോഗപ്രതിരോധശേഷി കുറഞ്ഞുവരാറുണ്ട്. ഇതോടൊപ്പം ഇഴഞ്ഞു നടക്കുമ്പോൾ മല-മൂത്രാദികൾ കലർന്ന ഭക്ഷണപാനീയങ്ങൾ വയറിലെത്തുന്നതു വഴിയും രോഗം വരാറുണ്ട്.

പശുവിൻപാൽ കൊടുക്കുന്ന കുട്ടികളിലും കൃത്രിമ സമീകൃതാഹാരം കൊടുക്കുന്ന കുട്ടികളിലും പോഷകാഹാരക്കുറവുള്ളവരിലും ഇത്തരം വയറിളക്കം കാണാറുണ്ട്.



## നിയന്ത്രണ മാർഗങ്ങൾ

ഗർഭിണിയായിരിക്കുമ്പോഴും പ്രസവശേഷവും അമ്മമാർക്ക് പോഷകാഹാരം ലഭിക്കുന്നതുവഴി ആരോഗ്യമുള്ള കുഞ്ഞുങ്ങൾ ജനിക്കും. ആരോഗ്യമുള്ള അമ്മയ്ക്ക് ഗുണമുള്ള പാലും കാണും. ശരിയായ രീതിയിൽ, ആരോഗ്യം അനുവദിക്കുന്നതുവരെ കുട്ടികളെ മുലയൂട്ടാം. വിപണിയിലെ ബേബി ഫുഡുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കുക.

കുട്ടികൾക്ക് നല്ല ഭക്ഷണം ശരിയായ അളവിൽ, ചെറുചൂടോടെ, സമയത്ത് കൊടുക്കണം. ഒരിക്കലുപയോഗിച്ച ഭക്ഷണം ചൂടാക്കി വീണ്ടും കൊടുക്കരുത്. കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നതിന് മുമ്പ് കൈകൾ സോപ്പുപയോഗിച്ച് കഴുകണം.

പരിസര ശുചിത്വം പാലിക്കുന്നതോടൊപ്പം മലമൂത്രാദികൾ യഥാവിധി സംസ്കരിക്കുക തന്നെ വേണം. ഇത്തരം കാര്യങ്ങൾ വളർന്നുവരുന്ന കുഞ്ഞുങ്ങൾക്ക് കാണിച്ചും പറഞ്ഞും കൊടുക്കുന്നതും നല്ലതാണ്. ആരോഗ്യ വിദ്യാഭ്യാസത്തോടൊപ്പം ഈച്ചകളെ നിയന്ത്രിക്കുന്നതും ഏറെ ഗുണം ചെയ്യും.

## മന്ത്

മന്തുരോഗം വിവിധതരം കൊതുകുകളാണ് പരത്തുന്നത്. കൊതുകുകൾ ചില പ്രത്യേക സൂക്ഷ്മ ജീവികളെയാണ് മനുഷ്യ ശരീരത്തിലേക്ക് കടത്തിവിടുന്നത്. ഈ സൂക്ഷ്മജീവികളുടെ പ്രായപൂർത്തിയെത്തിയ വിരകൾ മനുഷ്യരുടെ ലിംഫ് കുഴലുകളിൽ അടിഞ്ഞു കൂടുമ്പോൾ അവയുടെ സന്തതികളായ മൈക്രോ ഫൈലേറിയ, ശരീരത്തിന്റെ പുറം ഭാഗങ്ങളിൽ വരുന്ന രക്തക്കുഴലുകളിൽ ചുറ്റി സഞ്ചരിക്കും. അങ്ങനെ അവ, കടിക്കുന്ന കൊതുകിലേക്ക് പ്രവേശിക്കും. ആ കൊതുക് മറ്റൊരാളെ കടിക്കുന്നതിലൂടെ അയാളിലേക്കും.

നീർക്കെട്ടും കഴലവീക്കവും കൂടാതെ കൈ, കാല്, ലിംഗം എന്നിവയെ ബാധിക്കുന്ന മന്തും കാണുന്നുണ്ട്. മരണത്തിലേക്ക് നയിച്ചില്ലെങ്കിലും ശാരീരിക വിഷമതകളും വൈകല്യവും ജോലി ചെയ്യാൻ പ്രയാസവുമുണ്ടാകും. ഇന്ത്യയിൽ കൂടുതൽ മന്തുരോഗം കാണപ്പെടുന്നത് ഉത്തർപ്രദേശ്, ബീഹാർ, ഝാർഖണ്ഡ്, ആന്ധ്രാപ്രദേശ്, ഒറീസ്സ, തമിഴ്നാട്, കേരളം, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലാണ്.

വുച്ചിറീറിയ ബാൻക്രോഫ്റ്റി, ബ്രൂജിയ മലയി, ബ്രൂജിയ റ്റിമോറി എന്നിവയാണ് രോഗകാരികളായ സൂക്ഷ്മജീവികൾ.

വുച്ചിറീറിയ ബാൻക്രോഫ്റ്റി, ബ്രൂജിയ മലയി എന്നിവ രാത്രികാലങ്ങളിൽ പുറമെയുള്ള രക്തക്കുഴലിലേക്ക് വരും. കൊതുകുകളുടെ രാത്രിയിലെ രക്തപാനത്തിൽ കിട്ടാനെന്ന വണ്ണമാണവ വരുന്നതു തന്നെ. (അവരുടെ സന്തതി പരമ്പരകൾ കുറ്റിയറ്റു പോകരുതല്ലോ!)

നഗരവത്കരണം, വ്യവസായവത്കരണം, ആളുകളുടെ വൻതോതിലുള്ള കുടിയേറ്റം, നിരക്ഷരത, ദാരിദ്ര്യം, വൃത്തിഹീനമായ ചുറ്റുപാടുകൾ എന്നിവ രോഗമുണ്ടാക്കുന്ന സാമൂഹികഘടകങ്ങളാണ്. ഡ്രെയിനേജ് കാര്യക്ഷമമല്ലാത്തയിടങ്ങളിൽ കൊതുകു വളർന്നാണ് രോഗം ഇത്രമേൽ പരക്കുന്നത്. ഒപ്പം ടൗൺ പ്ലാനിങ്ങിന്റെ അപര്യാപ്തതയിൽ വേസ്റ്റ് കാര്യക്ഷമമായി ഒഴിവാക്കാൻ കവിയാതിരിക്കുന്നതും കൊതുകിന്റെ വളർച്ചയെ പോഷിപ്പിക്കും.

രോഗാണു ശരീരത്തിലെത്തി, എട്ട് മുതൽ 16 മാസം വരെയുള്ള ദീർഘകാലയളവെടുത്താണ് രോഗമുണ്ടാക്കുന്നത്.

### രോഗലക്ഷണങ്ങൾ

പൊതുവെ രണ്ടു തരത്തിൽ കാണപ്പെടുന്നു. ആഗന്തുക(Acute)മായി വരുന്നതാണ് ഒന്ന്. പനിയോടനുബന്ധിച്ച് വിറയൽ, തലവേദന, ദേഹം വേദന എന്നിവ കാണാറുണ്ട്. ചിലരിൽ മൂന്ന് മുതൽ ഏഴ് ദിവസം കഴിഞ്ഞ് പനി വീണ്ടും വരാറുണ്ട്. കഴലവീക്കവുമുണ്ടാകും.

പനി കൂടുന്നതോടൊപ്പം ചൊറിച്ചിലും തടിപ്പും വരാറുണ്ട്. ലിംഫ് കുഴലുകളെ ബാധിക്കുന്ന ഈ രോഗം ബീജവാഹിനിക്കുഴലുകൾ, വൃഷണം എന്നിവയിലേക്ക് വ്യാപിക്കും. കക്ഷത്തിലും കൈയിലും തടിപ്പും നീർക്കെട്ടോടുകൂടിയും മന്ത് വരാറുണ്ട്. ഇതോടനുബന്ധിച്ച് രോഗാണുബാധയുടെ ഫലമായി വീക്കവും പഴുപ്പും ഉണ്ടാകുന്നതും സാധാരണ കാഴ്ചയാണ്.

ദീർഘകാലം നീണ്ടുനിൽക്കുന്ന മന്ത് രോഗം വൃഷണങ്ങൾക്ക് വീക്കവും കാല്, കൈ, മുല എന്നിവിടങ്ങളിൽ വീക്കവുമുണ്ടാക്കും. ഇവരിലാണ് സാധാരണ മന്തുകാൽ കാണപ്പെടുന്നത്. ഇയോസിനോഫീലിയയും കാണാറുണ്ട്, ചിലരിൽ.




**ചെങ്കണ്ണ്** പകരുന്ന ഒരു രോഗമാണ്. രോഗകാരി, ബാക്ടീരിയയാണ്. രോഗിയുടെ കണ്ണിലെ സ്രവങ്ങളിൽ നിന്നാണ് രോഗം പകരുന്നത്. അഞ്ചാം പനിയിലും, സ്കാർലറ്റ്പനിയിലും ചെങ്കണ്ണ് കാണാറുണ്ട്.

### രോഗനിർണയം

രാത്രിയിലുള്ള രക്തപരിശോധനയിലൂടെ രോഗനിർണയം നടത്താം.

### കൊതുകു നിർമാർജന പ്രവർത്തനങ്ങൾ

പരിസര ശുചീകരണത്തിലൂടെ കൊതുക് വളരുന്ന പ്രവണത ഇല്ലാതാക്കാം. അഴുക്കുജലം ഭൂമിക്കടിയിലൂടെ ഒഴുക്കിക്കളയണം. രാസവസ്തുക്കളുപയോഗിച്ചോ, പ്രകൃത്യായുള്ള വസ്തുക്കളുപയോഗിച്ചോ കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കണം. കൊതുകിന്റെ വളർച്ച പോഷിപ്പിക്കുന്ന കുളവാഴ തുടങ്ങിയ വെള്ളത്തിൽ വളരുന്ന പാഴ്ച്ചെടികളെ നശിപ്പിക്കുന്നതും നല്ലതു തന്നെ. നിർമാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിലാകരുത്. വെള്ളം നിറഞ്ഞ കുഴികൾ മണ്ണിട്ട് മൂടണം. സെപ്റ്റിക് ടാങ്കുകളാണ് കൂടുതൽ അനുയോജ്യം.

### ചെങ്കണ്ണ്

രോഗകാരി, ബാക്ടീരിയയാണ്. പകരുന്ന ഒരു രോഗമാണിത്. രോഗിയുടെ കണ്ണിലെ സ്രവങ്ങളിൽ നിന്നാണ് രോഗം പകരുന്നത്. അഞ്ചാം പനിയിലും, സ്കാർലറ്റ്പനിയിലും ചെങ്കണ്ണ് കാണാറുണ്ട്. രോഗാണുവിന്റെ രോഗമുണ്ടാക്കുവാനുള്ള ശേഷിയും, രോഗിയുടെ രോഗപ്രതിരോധശേഷിയും ആശ്രയിച്ചാണ് ചെങ്കണ്ണിന്റെ കാഠിന്യം.

ജലദോഷത്തോടൊപ്പം കണ്ണിൽ പീളവന്നു നിറയും. രാവിലെ കൺപോളകൾ ഒട്ടിപ്പിടിക്കുന്നതും സാധാരണയായി സംഭവിക്കുന്നതാണ്. കണ്ണിലെ നേത്രപടലത്തിന് രക്തനിറം വരികയും ചെയ്യും. ചിലപ്പോൾ കൺപീലികൾ ഒട്ടിപ്പിടിക്കാറുണ്ട്. കൃഷ്ണമണിയിൽ പീളയിരുന്ന്, പ്രിസം പോലെ പ്രവർത്തിക്കുന്നതിനാൽ മഴവില്ലുകാണുന്നുണ്ടെന്ന് പലരും പറയും. മൂന്നോ നാലോ ദിവസത്തിനകം ഭേദപ്പെടുകയും ചെയ്യും.

### ചെയ്യേണ്ടത്

സ്വന്തം കൈകൊണ്ടായാൽപ്പോലും കണ്ണിൽ തൊട്ടാൽ കൈ കഴുകണം. രോഗിയുടെ തൂവാല, തോർത്ത്, സോപ്പ് ഇത്യാദികൾ (രോഗി ഉപയോഗിച്ചവ) ആരും ഉപയോഗിക്കരുത്. വെളിച്ചം പ്രശ്നമാകുന്നുവെങ്കിൽ കറുത്ത കണ്ണട ധരിക്കാം. പൊതുവെ ഈ രോഗമുള്ളവരെ ആളുകൾ വെറുപ്പോടെ നോക്കുന്നതിനാൽ രോഗിയായി ഓഫീസിലും, ബസ്സിലും വണ്ടികളിലും യാത്ര ചെയ്യരുത്.

### മഞ്ഞപ്പിത്തം

വൈറസ് പരത്തുന്ന ഈ രോഗം വെള്ളം കുറയുന്നതോടെയും മഴക്കാലത്തുമാണ് കാണപ്പെടുന്നത്. വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയുമാണ് ഈ രോഗം പകരുന്നത്.

മനുഷ്യരുടെ മലത്തിലൂടെ പുറത്തു വരുന്ന സൂക്ഷ്മജീവികളാണ് രോഗകാരി. അകത്തുകടന്ന വൈറസിന് മഞ്ഞപ്പിത്തമുണ്ടാക്കാൻ 15 മുതൽ 45 വരെ ദിവസമെടുക്കാറുണ്ട്. മഞ്ഞപ്പിത്തം തുടങ്ങുന്നതിന് രണ്ടാഴ്ച മുമ്പും അതിനുശേഷം ഒരാഴ്ചയും രോഗിക്ക് മഞ്ഞപ്പിത്തം പകർത്താൻ കഴിയും.

വ്യക്തിഗതവും സാമൂഹികവുമായ ശുചിത്വം പാലിക്കണം. ശൗചം ചെയ്ത ശേഷം സോപ്പുപയോഗിച്ച് കൈകഴുകണം. മലമൂത്രാദികൾ അണുനാശിനി ഉപയോഗിച്ച്

സംസ്കരിക്കുന്നതും ആവശ്യമാണ്. വെള്ളം, പാൽ, ഭക്ഷണം എന്നിവ മലിനമാകാതെ ചൂടോടെ ഉപയോഗിക്കുക, വെള്ളം അരിച്ച്, ക്ലോറിനേറ്റ് ചെയ്യുന്നതും നല്ലതാണ്.

## സൂര്യാഘാതം

നഷ്ടപ്പെടുത്താൻ കഴിയാത്തതിലധികം ചൂട് ശരീരത്തിലെത്തുമ്പോൾ ശരീരത്തിനുള്ളിലെ ചൂട് വർധിക്കും. വേനലിൽ അന്തരീക്ഷത്തിലെ ചൂടുകൂടുമ്പോഴും, വിയർപ്പ് കുറയുമ്പോഴും അല്ലെങ്കിൽ ചൂടു കുറയ്ക്കുവാനുള്ള ശരീരത്തിന്റെ കഴിവ് നഷ്ടപ്പെടുത്തുന്നതു കൊണ്ടും സൂര്യാഘാതമുണ്ടാകാം.

ചൂടുകൂടിയ അന്തരീക്ഷത്തിൽ വ്യായാമം, ജോലി എന്നിവ ചെയ്യുന്നവരുടെ അകത്തെ ചൂട് 37° സെന്റിഗ്രേഡു മുതൽ 40° സെന്റിഗ്രേഡുവരെയാകും. ജോലിയുടെ കാഠിന്യം, അന്തരീക്ഷ ഊഷ്മാവ്, അന്തരീക്ഷത്തിൽ നനവ് (humidity) നിൽക്കുന്നതു കാരണം വിയർക്കാതിരിക്കൽ, ചൂടു കുറയ്ക്കുന്ന വസ്ത്രങ്ങളുടെ അപര്യാപ്തത എന്നിവയും സൂര്യാഘാതത്തിന് വഴിയൊരുക്കുന്ന ഘടകങ്ങളാണ്.

പേശികൾക്ക് ബലക്ഷയവും, ക്ഷീണവും തലക്കറക്കവുമാണ് സാധാരണ കാണുന്ന രോഗലക്ഷണങ്ങൾ. രക്തത്തിൽ യൂറിയയുടെയും സോഡിയത്തിന്റെയും അളവ് കൂടുന്നതും സ്വാഭാവികമാണ്. നിർജലീകരണത്തിന്റേതായ ലക്ഷണങ്ങളും കാണിക്കും.

ശരീരത്തിനകത്തെ ചൂട് 40° സെന്റിഗ്രേഡിൽ കൂടുമ്പോൾ മരണം വരെ സംഭവിക്കുവാനും സാധ്യതയുണ്ട്. ഇതോടനുബന്ധിച്ച് തലവേദന, ഓക്കാനം, ഛർദി, വിറയൽ എന്നിവയോടൊപ്പം ബോധക്കേടും വരാറുണ്ട്. വിദഗ്ദ്ധ ചികിത്സ ലഭിച്ചില്ലെങ്കിൽ കരൾ, വൃക്ക, തലച്ചോറ് എന്നിവയെ ബാധിച്ച് ഗുരുതരമാകാനും സാധ്യതയുണ്ട്.

## ചികിത്സ

രോഗിയെ ചൂടിൽ നിന്ന് മാറ്റണം. തണുത്ത വെള്ളത്തിൽ മുക്കിയ സ്പോഞ്ചുപയോഗിച്ച് തുടച്ചു കൊടുക്കണം. നഷ്ടപ്പെട്ട ജലാംശം തിരികെ കിട്ടുവാനായി ORS കൊടുക്കാം.

## വേനൽക്കാല രോഗങ്ങൾക്ക് പൊതുവിലുള്ള ഉപദേശങ്ങൾ

ചിക്കൻ പോക്സ്, അഞ്ചാം പനി, മുണ്ടിനീര്, ജർമൻ മീസിൽസ് എന്നീ രോഗങ്ങളുള്ളവരുമായി ഇടപെഴകുന്നത് കുറയ്ക്കണം. അവരെ വീട്ടിൽത്തന്നെ പ്രത്യേക മുറിയിൽ താമസിപ്പിക്കുകയോ, ആശുപത്രിയിൽ കിടത്തുകയോ ചെയ്യാം. ചിക്കൻ പോക്സ്, അഞ്ചാംപനിയുള്ളവർക്ക് തണുത്ത ഭക്ഷണം, തണുത്ത വെള്ളം എന്നിവ കൊടുക്കരുത്. നെഞ്ച്, ചെവി മറ്റ് അവയവങ്ങളിലേക്കൊക്കെ അണുബാധ തടയാനാണിത്. മുണ്ടിനീരുള്ളപ്പോൾ വായും പല്ലുകളും വൃത്തിയാക്കി വെക്കണം. കഞ്ഞിയോ പാനീയങ്ങളോ ഉപയോഗിക്കുന്നതാണ് നല്ലത്. പച്ചക്കറികൾ ഉപ്പും എണ്ണയും പരമാവധി കുറച്ചാണ് തയ്യാറാക്കേണ്ടത്. യാതൊരു കാരണവശാലും ദഹനക്കേടുണ്ടാക്കരുത്. മഞ്ഞപ്പിത്തമുള്ളവരും പഥ്യം പാലിക്കുന്നത് രോഗം എളുപ്പത്തിൽ ഭേദപ്പെടുത്തുന്നതിന് സഹായിക്കും. അസുഖം മാറുന്നതുവരെ ഓഫീസിൽ നിന്ന് ലീവെടുക്കണം. വിശ്രമം വേണം. രോഗിയായി യാത്ര ചെയ്യുന്നതും പൊതുവെ കാണാറുണ്ട്. മറ്റുള്ളവരുടെ കൂടെ ആരോഗ്യം കണക്കിലെടുത്ത് സാംക്രമിക രോഗങ്ങളുള്ളവർ വീട്ടിൽ വിശ്രമിക്കണം.



**നഷ്ടപ്പെടുത്താൻ കഴിയാത്തതിലധികം** ചൂട് ശരീരത്തിലെത്തുമ്പോൾ ശരീരത്തിനുള്ളിലെ ചൂട് വർധിക്കും. വേനലിൽ അന്തരീക്ഷത്തിലെ ചൂടുകൂടുമ്പോഴും, വിയർപ്പ് കുറയുമ്പോഴും അല്ലെങ്കിൽ ചൂടു കുറയ്ക്കുവാനുള്ള ശരീരത്തിന്റെ കഴിവ് നഷ്ടപ്പെടുത്തുന്നതു കൊണ്ടും സൂര്യാഘാതമുണ്ടാകാം.

## ഹോമിയോപ്പതി ചികിത്സ

രോഗലക്ഷണങ്ങളനുസരിച്ചാണ് ചികിത്സ നിർണയിക്കുന്നത്. രോഗകാര്യങ്ങൾ ഡോക്ടർ ചോദിക്കുമ്പോൾ വിശദമായി പറയാൻ മടിക്കരുത്. രോഗം തുടങ്ങിയ സാഹചര്യങ്ങളും, രോഗം വർധിക്കുന്നതും കുറയുന്നതുമായ സാഹചര്യങ്ങളും രോഗത്തിന്റെ കൂടെ വരുന്ന മറ്റു വിഷമങ്ങളും പറയുന്നത് നല്ലതാണ്. എന്തെങ്കിലും ലബോറട്ടറി പരിശോധന പറഞ്ഞെങ്കിൽ, ഹോമിയോപ്പതി മരുന്നിന് ഇതാവശ്യമുണ്ടോ എന്ന് ചോദിക്കാതെ പരിശോധന നടത്തണം.

നിങ്ങൾ പറയുന്ന രോഗലക്ഷണങ്ങളിൽ നിന്നും, മറ്റുള്ള രോഗികളിൽ നിന്ന് നിങ്ങളെ വ്യത്യസ്തനാക്കുന്ന ഘടകങ്ങളാണ് ഹോമിയോപ്പതി ഡോക്ടർ തെരയുന്നത്. അതുകൊണ്ട് വിഷമതകൾ പരമാവധി തുറന്നു പറയണം.

## പ്രതിരോധ ചികിത്സ

സാംക്രമിക രോഗങ്ങളുണ്ടെന്നു ബോധ്യപ്പെട്ടാൽ പ്രദേശത്തെ രോഗികളുടെ ലക്ഷണങ്ങൾ പഠനവിധേയമാക്കും. അതിൽ ഏറ്റവും കൂടുതൽ പേർക്ക് നിർദേശിക്കപ്പെട്ട മരുന്നായിരിക്കും പ്രതിരോധമരുന്നായി ആ പ്രദേശത്ത് നൽകുന്നത്. ഈ മരുന്നിനെ ജീനസ് എപ്പിഡമിക്കസ് (Genus Epidemicus) എന്നു വിളിക്കും. പ്രസ്തുത മരുന്നിന്റെ പൊട്ടൻസിയും കഴിക്കേണ്ടതെങ്ങനെയെന്നും തുടർമരുന്നുകളെന്തെങ്കിലുമുണ്ടെങ്കിൽ അതും ചർച്ചചെയ്ത് തീരുമാനിക്കും. ഈ മരുന്നുകളാണ് സാംക്രമിക രോഗമുള്ളപ്പോൾ സന്നദ്ധ സംഘടനകളിലൂടെ വിതരണം ചെയ്യപ്പെടുന്നത്. 1801-ൽ ഹാനിമാൻ സ്കാർലറ്റ് പനിയുടെ ചികിത്സയും പ്രതിരോധവുമെന്ന ഒരു ലേഖനം തന്നെയെഴുതിയിട്ടുണ്ട്. കോളറക്കും ഫലപ്രദമായി ഹോമിയോപ്പതി ഔഷധങ്ങൾ ഉപയോഗിച്ചിരുന്നതായി ഹോമിയോപ്പതിയിലെ ആധികാരിക ഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നുണ്ട്.

വേനൽക്കാലത്ത് മൂത്രക്കടച്ചിലും മൂത്രനാളിയിലെ കല്ലും വരാതിരിക്കാനായി ധാരാളം വെള്ളം കുടിക്കണം. വേനൽ ക്ഷീണം മാറ്റാൻ പഴങ്ങൾ കഴിക്കേണ്ടതും അനിവാര്യമാണ്.

വർഷങ്ങളായി വേനൽക്കാലത്ത് ത്വക് രോഗങ്ങളും അലർജിയും മറ്റും പതിവായി വരുന്നതും കാണാറുണ്ട്. പ്രത്യേക കാലാവസ്ഥയിൽ രോഗം വരുന്നത്, ഹോമിയോപ്പതി മരുന്നുകളുടെ ഉപയോഗം വഴി (കഴിക്കുന്നതിലൂടെ) തടയാൻ കഴിയും. സീസൺ തുടങ്ങുന്നതിന് മുമ്പു തന്നെ ഇത്തരം അസുഖങ്ങൾ ചികിത്സയ്ക്ക് വിധേയമാക്കണം.

തുടർച്ചയായ ഔഷധസേവയോടൊപ്പം പഥ്യവും പാലിച്ചാൽ രോഗത്തെ ഉന്മൂലനം ചെയ്യാൻ കഴിയും. അതുവഴി ആത്മവിശ്വാസം വർധിക്കുകയും ചെയ്യും.



# മുത്തുകൾ പ്രകൃതിയുടെ വരദാനം !

**ടി.ഡി. വേലായുധൻ**

ത്രസിപ്പിക്കുന്ന സൗന്ദര്യവും പുതുമയുടെ തിളക്കവുമുള്ള മുത്തുകൾ പ്രകൃതിയുടെ ഏറ്റവും സമ്പൂർണമായ സൃഷ്ടികളിൽ ഒന്നാണ്. നവരത്നങ്ങളിൽ ഒന്നായ മുത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ റോമാക്കാരുടെ ആഭരണ സമുച്ചയത്തിൽ മുഖ്യ സ്ഥാനം ഉണ്ടായിരുന്നു. പുരാതന റോമിൽ പ്രഭു കുടുംബങ്ങളിൽ പ്പെട്ടവർക്ക് മാത്രമെ മുത്തിന്റെ ആഭരണങ്ങൾ ധരിക്കുവാൻ അവകാശമുണ്ടായിരുന്നുള്ളു. റോമൻ ചക്രവർത്തിയായിരുന്ന ജൂലിയസ് സീസറിന്റെ മുത്തിനോടുള്ള കമ്പം ചരിത്രപ്രസിദ്ധമാണ്. ഒരു ലക്ഷം ഡോളറിന് തുല്യമായ പ്രതിഫലം കൊടുത്താണ് അദ്ദേഹം വിശേഷപ്പെട്ട ഒരു മുത്ത് വാങ്ങിയത്. ജൂലിയസ് സീസർ ബ്രിട്ടനെതിരെ പട നയിച്ചത് തന്നെ അവരുടെ ഭണ്ഡാകാരത്തിലെ അമൂല്യമായ മുത്തുകൾ കൊള്ളയടിക്കാനായിരുന്നുവത്രെ !

മുത്ത് രൂപം കൊള്ളുന്നതിനെക്കുറിച്ച് പല ഐതിഹ്യങ്ങളും ജനങ്ങളുടെ ഇടയിലുണ്ട്. ഭാരതീയ സങ്കല്പമനുസരിച്ച് മഴത്തുള്ളികൾ മുത്തുച്ചിപ്പിയുടെ വായ്ക്കകത്ത് അകപ്പെട്ട് ഘനീഭവിച്ചുണ്ടായതാണ് മുത്തുകൾ. പക്ഷെ ശാസ്ത്രം പുരോഗമിച്ചതോടെ മുത്ത് രൂപം കൊള്ളുന്നതിന്റെ ശാസ്ത്രീയ വിശദീകരണങ്ങൾ പുറത്ത് വന്നു കഴിഞ്ഞു. ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ മുത്തുകൾ ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെട്ടതാണ്. ഭാരതം ഇപ്പോൾ മുത്തിന്റെ ആഭരണ കയറ്റുമതിയിൽ ലോകത്ത് ഒന്നാം സ്ഥാനം അലങ്കരിക്കുന്നു. എന്നാൽ ലോകത്ത് ഏറ്റവുമധികം മുത്ത് ഇറക്കുമതി ചെയ്യുന്ന രണ്ടാമത്തെ രാജ്യവും ഭാരതമാണ്. ലെബനോൺ ആണ് ഇക്കാര്യത്തിൽ ഒന്നാം സ്ഥാനമലങ്കരിക്കുന്നത്.





ഇന്ത്യയിലെ മുത്തുവ്യവസായം പൂർണമായും ഇറക്കുമതിയെ ആശ്രയിച്ചു നില്ക്കുന്ന ഒന്നാണ്. പ്രതിവർഷം 20 കോടി രൂപയുടെ മുത്ത് ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ട്. പ്രകൃതിദത്ത മുത്തുകൾ പ്രധാനമായും ബഹറിനിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. പിങ്ക്, വൈറ്റ്, ക്രീം, യെല്ലോ, സ്റ്റീൽ ഗ്രെ എന്നീ നിറങ്ങളിലാണ് ഇവ ലഭ്യമാവുന്നത്. ജപ്പാനിൽ നിന്നും വളർത്തു മുത്തുകളാണ് ഇറക്കുമതി ചെയ്യുന്നത്. ധാന്യ മുത്തുകൾ (Rice Pearls) ചൈനയുടെ പ്രത്യേകതയാണ്. ഈ മുത്തുകൾ സംസ്കരണത്തിനു ശേഷം ആഭരണങ്ങളാക്കി അമേരിക്ക, യൂറോപ്പ്, പടിഞ്ഞാറെ ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നു. ഇന്ത്യയിലെ മുത്തുവ്യാപാരത്തിന്റെ മുഖ്യ കേന്ദ്രം ഹൈദരാബാദാണ്. എന്നാൽ ഹൈദരാബാദിൽ മുത്ത് പ്രാദേശികമായി ഉത്പാദിപ്പിക്കുകയോ കൃഷി ചെയ്യുകയോ ചെയ്യുന്നില്ല എന്നത് ഒരു വിരോധാഭാസമായി തോന്നാം. കരകൗശലരംഗത്ത് അനിതരസാധാരണമായ പ്രാഗത്ഭ്യമുള്ള തൊഴിലാളികളാണ് മുത്തു കൊണ്ട് അതീവ ഭംഗിയുള്ള ആഭരണങ്ങളുടെ നിർമാണത്തിൽ ഹൈദരാബാദിന് ലോകപ്രശസ്തി നേടിക്കൊടുത്തത്. മുത്തു വാങ്ങുമ്പോൾ അവയുടെ വലുപ്പം, ആകൃതി, തിളക്കം, നിറം എന്നിവയെക്കുറിച്ച് വേണ്ടത്ര അവബോധം ആവശ്യമാണ്. എല്ലാ ഗുണഗണങ്ങളും ഒത്തുചേർന്ന മുത്തുകൾ ഏറെ വിലപിടിപ്പുള്ളതാണ്. വലിയ മുത്തുകൾക്ക് പ്രിയം ഏറും അതുകൊണ്ട് വിലയും കൂടുതലാണ്. ആഭ്യന്തര വിപണിയിൽ മുത്തിന് ഗ്രാമിന് 650 രൂപ മുതൽ 1000 രൂപവരെയാണ് വില.

മുത്തുകൾ പല നിറങ്ങളിൽ ലഭ്യമാണെങ്കിലും വൈറ്റ്, ക്രീം, പിങ്ക്, ഗ്രീൻ, ഗോൾഡ്, ബ്ലാക്ക് എന്നിവയാണ് ശരീരത്തിന് ഏറെ ഇണങ്ങുന്നത്. ഈ നിറങ്ങൾ അനേകം ഷെയ്ഡുകളിൽ ലഭ്യമാണ്. അപൂർവമായി കാണപ്പെടുന്നതും ബ്ലാക്ക്, റോസ്, ലാവണ്ടർ എന്നീ നിറങ്ങളിൽ ലഭിക്കുന്നതുമായ മുത്തുകൾ ഏറെ വിലമതിക്കപ്പെടുന്നു. മുത്തുകളുടെ ഗുണമേന്മ സംരക്ഷിക്കുന്നതിന് താഴെ കൊടുക്കുന്ന സംഗതികൾ ശ്രദ്ധിക്കണം.

- മുത്തുകളിൽ പോറൽ വീഴാൻ എളുപ്പമാണ്. അതുകൊണ്ട് ഉപയോഗത്തിനുശേഷം മുത്തുകൾ സാറ്റിൻ കൊണ്ട് പൊതിഞ്ഞ ആഭരണപെട്ടിയിൽ സൂക്ഷിക്കണം. ആഭരണ വ്യാപാരികൾ ഉപയോഗിക്കുന്ന പരമ്പരാഗത പിങ്ക് പേപ്പറുകളിൽ മുത്തുകൾ പൊതിഞ്ഞു സൂക്ഷിക്കാൻ പാടില്ല.
- അമ്ലസ്വഭാവമുള്ള പെർഫ്യൂമുകളുമായുള്ള സമ്പർക്കം മുത്തിന്റെ തിളക്കം കെടുത്തുന്നതാണ്. അതുകൊണ്ട് പെർഫ്യൂമുകൾ, പൗഡർ, ഹെയർ ഡൈ എന്നിവ ഉപയോഗിച്ചതിനുശേഷം മാത്രമേ മുത്തുകൊണ്ടുള്ള ആഭരണങ്ങൾ അണിയാൻ പാടുള്ളൂ.
- പൊടി മുത്തിന്റെ തിളക്കം കുറയ്ക്കും. അതുകൊണ്ട് ഓരോ പ്രാവശ്യത്തെ ഉപയോഗത്തിനുശേഷവും മുത്തുകൊണ്ടുള്ള ആഭരണങ്ങൾ മാർദവമുള്ള തുണി ഉപയോഗിച്ച് നന്നായി തുടച്ച് പൊടി നീക്കം ചെയ്യണം.
- പേൾ നെക്ക്ലെസിന്റെ ചരട് ദുർബലമാവാൻ ഇടയുള്ളതു കൊണ്ട് വർഷത്തിലൊരിക്കൽ മാറ്റി പുതിയത് ഉപയോഗിക്കണം. സിൽക്ക് കൊണ്ടുള്ള ചരടാണ് ഏറെ അഭികാമ്യം.
- മുത്തുകൾ വെള്ളത്തിൽ കഴുകാൻ പാടില്ല.

ചരിത്രാതീതകാലം മുതൽക്കു തന്നെ ഭാരതത്തിൽ കടലിൽ നിന്നുള്ള മുത്തുവാരൽ തമിഴ് നാട്ടിലെ മന്നാർ ഉൾക്കടലിലും ഗുജറാത്തിലെ കച്ച് മേഖലയിലും നിലനിന്നിരുന്നു. എന്നാൽ മന്നാറിലും കച്ചിലും മുത്ത്വാരൽ നിരോധിക്കപ്പെട്ടതോടെ മുത്തുത്പാദനം നാമാവശേഷമായി. എന്നാൽ ഇന്ന് മുത്തിനുവേണ്ടി കടലിനെ ആശ്രയിക്കേണ്ട ആവശ്യം തന്നെയില്ല. മുത്തുച്ചിപ്പികൾ ഫാമുകളിൽ പരിപാലിക്കുന്നതിനും ശാസ്ത്രീയ രീതിയിൽ മുത്ത് വളർത്തിയെടുക്കുന്നതിനുമുള്ള സാങ്കേതികവിദ്യ ഇപ്പോൾ ലഭ്യമാണ്. മുത്തുവളർത്തലിൽ ആദ്യം വിജയം കണ്ടെത്തിയത് ജപ്പാൻകാരാണ്. ടാർട്ട് സുഹിമിസ് എന്നു പേരായ ഒരു മരാശാരി ചിപ്പിയിൽ നിന്നുള്ള എപ്പിത്തീലിയൽ കോശങ്ങൾ ഗോളാകൃതിയിലുള്ള ഈയത്തിന്റെ കൂടെ മറ്റൊരു ചിപ്പിക്കുള്ളിലേക്ക് കടത്തിവച്ചപ്പോൾ മുത്ത് രൂപം കൊള്ളുന്നതായി കണ്ടെത്തി. ഏതാണ്ട് ഇതേ സമയത്തുതന്നെ ത്വക്കിച്ചി നിഷികാവ എന്നു പേരായ ഒരു ഫിഷറീസ് ടെക്നീഷ്യൻ വൃത്താകൃതിയിലുള്ള മുത്ത് വളർത്തിയെടുക്കുന്നതിൽ വിജയിച്ചു. ഈയത്തിന് പകരം അയാൾ

**മുത്തുകളിൽ പോറൽ വീഴാൻ എളുപ്പമാണ്. അതുകൊണ്ട് ഉപയോഗത്തിനുശേഷം മുത്തുകൾ സാറ്റിൻ കൊണ്ട് പൊതിഞ്ഞ ആഭരണപെട്ടിയിൽ സൂക്ഷിക്കണം. ആഭരണ വ്യാപാരികൾ ഉപയോഗിക്കുന്ന പരമ്പരാഗത പിങ്ക് പേപ്പറുകളിൽ മുത്തുകൾ പൊതിഞ്ഞു സൂക്ഷിക്കാൻ പാടില്ല.**





**കക്കകളെപ്പോലെ രണ്ടു പുറംതോടുകൾ പരസ്പരം അഭിമുഖമായി ഘടിപ്പിച്ചിട്ടുള്ളതും അതിനുള്ളിൽ മാംസളമായ ശരീരമുള്ളതുമാണ് മുത്തുച്ചിപ്പികൾ. തമ്മിൽ ചേർന്നിരിക്കുന്ന പുറംതോടുകളുടെ പിൻഭാഗത്തുനിന്നും വളരുന്ന നീളമുള്ള നാരുകൾ കൊണ്ട് ഇവ കട്ടിയുള്ള പ്രതലങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നു.**

സ്വർണ്ണത്തിന്റെയും വെള്ളിയുടെയും മർമം ഉപയോഗിച്ചാണ് മുത്തുണ്ടാക്കിയത്. എന്നാൽ കൊക്കിചിമിക്കിമോട്ടോയാണ് മർമം നിർമിക്കുന്നതിന് ഏറ്റവും പറ്റിയ പദാർത്ഥം അമേരിക്കൻ ശുദ്ധജലകക്കയാണ് എന്ന് തിരിച്ചറിഞ്ഞത്. `പേൾകിങ്' എന്ന അപര നാമധേയത്തിൽ അറിയപ്പെടുന്ന മിക്കിമോട്ടയാണ് ആധുനിക മുത്തുവളർത്തൽ സാങ്കേതികവിദ്യയുടെ ഉപജ്ഞാതാവ്. ഇന്ത്യയിൽ 1973-ൽ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞനായ ഡോ: അളഗർ സ്വാമി മുത്തു വളർത്തിയെടുക്കുന്നതിൽ വിജയം കൈവരിച്ചു. കടലിൽ അനുയോജ്യമായ സ്ഥലം തിരഞ്ഞെടുത്ത് പ്രത്യേകം തയ്യാറാക്കിയ ഫാമുകളിൽ മുത്തുച്ചിപ്പികൾ വളർത്തിയെടുക്കുകയും അവയിൽ ന്യൂക്ലിയസ് കടത്തിവെച്ച് മുത്തുത്പാദനം നടത്തുകയും ചെയ്യുന്നു.

**മുത്തുച്ചിപ്പികൾ**

കക്കകളെപ്പോലെ രണ്ടു പുറംതോടുകൾ പരസ്പരം അഭിമുഖമായി ഘടിപ്പിച്ചിട്ടുള്ളതും അതിനുള്ളിൽ മാംസളമായ ശരീരമുള്ളതുമാണ് മുത്തുച്ചിപ്പികൾ. തമ്മിൽ ചേർന്നിരിക്കുന്ന പുറംതോടുകളുടെ പിൻഭാഗത്തുനിന്നും വളരുന്ന നീളമുള്ള നാരുകൾ കൊണ്ട് ഇവ കട്ടിയുള്ള പ്രതലങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നു. വിവിധയിനങ്ങളിൽപ്പെട്ട മുത്തുച്ചിപ്പികൾ ലഭ്യമാണ്. പിംഗ്ടാഡ ഫ്യൂക്കേറ്റ, പിംഗ്ടാഡ സുജില്ലേറ്റ, പിംഗ്ടാഡ ചെംനിറ്റ്സി, പിംഗ്ടാഡ മാർഗരിറ്റിഫെറ, ടീറിയ പെൻഗ്വിൻ എന്നിവയാണ് കേരളതീരത്ത് കാണപ്പെടുന്ന മുത്തുച്ചിപ്പികൾ. എന്നാൽ ഗുണമേന്മയുള്ള മുത്തുത്പാദനത്തിന് ഏറ്റവും അനുയോജ്യമായി കണ്ടിട്ടുള്ളത് പിംഗ്ടാഡ ഫ്യൂക്കേറ്റയാണ്. ഇന്ത്യൻ പേൾ ഓയ്സ്റ്റർ എന്നും, ഗോൾഡൻ പേൾ ഓയ്സ്റ്റർ എന്നും ഇവ അറിയപ്പെടുന്നു. ഈയിനം ചിപ്പിയിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന മുത്തുകൾ 'ഓറിയന്റൽ പേൾസ്', 'ലിംഗാ പേൾസ്' എന്നീ പേരുകളിലാണ് വിപണിയിൽ അറിയപ്പെടുന്നത്. പിങ്ടാഡ മാർഗരിറ്റിഫെറ 'ബ്ലാക്ക് ലിപ് പേൾ ഓയ്സ്റ്റർ' എന്നാണ് പൊതുവെ അറിയപ്പെടുന്നത്. ഇവയിൽ നിന്നാണ് കറുത്ത മുത്ത് ഉത്പാദിപ്പിക്കുന്നത്. ഇന്ത്യയിൽ മന്നാർ ഉൾക്കടലിലും കച്ച് കടലിടുക്കിലും വിവിധയിനം മുത്തുച്ചിപ്പികൾ സുലഭമായി കാണപ്പെടുന്നു. കേരളതീരത്ത് വിഴിഞ്ഞം, തങ്കശ്ശേരി, കോഴിക്കോട്, ധർമടം, മാഹി എന്നിവിടങ്ങളിൽ മുത്തുച്ചിപ്പികൾ വളരുന്നു.

**മുത്തുത്പാദന സാങ്കേതിക വിദ്യ**

പ്രകൃത്യായുള്ള മുത്ത്, മുത്തുച്ചിപ്പികളിൽ സ്വാഭാവികമായി രൂപം കൊള്ളുന്നതാണ്. അബദ്ധവശാൽ ചിപ്പിക്കുള്ളിൽ അകപ്പെട്ടു പോകുന്ന മണൽത്തരിയോ പുറന്തോടിന്റെ പൊട്ടോ പുറന്തള്ളുന്നതിന് സ്വീകരിക്കുന്ന പ്രതിരോധ പ്രക്രിയയുടെ അനന്തരഫലമായാണ് മുത്ത് രൂപമെടുക്കുന്നത്. പ്രകൃതിയിൽ സ്വാഭാവികമായി സംഭവിക്കുന്ന ഇത്തരം ഒരു പ്രക്രിയക്ക് പകരം നിയതമായ ആകൃതിയും വലുപ്പവുമുള്ള ഒരു ഖരപദാർത്ഥം ചിപ്പിക്കുള്ളിൽ ബോധപൂർവം നിക്ഷേപിച്ച് അതിനെ മുത്താക്കി വളർത്തിയെടുക്കാൻ കഴിയും. ഇതാണ് ചുരുക്കത്തിൽ മുത്തു വളർത്തൽ സാങ്കേതികവിദ്യയായി അറിയപ്പെടുന്നത്. ഇങ്ങനെ ചിപ്പിക്കുള്ളിൽ നിക്ഷേപിക്കുന്ന പദാർത്ഥത്തെ മർമം (Nucleus) എന്നു പറയുന്നു. ഇത് കക്കകൾ, ശംഖ് എന്നിവയുടെ പുറം തോടിൽ നിന്നും യന്ത്രസഹായത്താൽ

പരുവപ്പെടുത്തിയെടുക്കു ന്നതാണ്. 2 മി.മീ. മുതൽ 8 മി.മീ. വരെ വ്യത്യസ്ത വ്യാസങ്ങളിൽ മർമം തയ്യാറാക്കുന്നു. ചിപ്പിയുടെ വലുപ്പമനുസരിച്ച് തിരഞ്ഞെടുക്കുന്ന മർമത്തിന്റെ വ്യാസം തീരുമാനിക്കാവുന്നതാണ്. മർമത്തോട് ചേർത്തു വയ്ക്കുന്ന ഗ്രാഫ്റ്റിലെ കോശങ്ങൾ മർമത്തിന് ചുറ്റും വളർന്ന് ഒരു മുത്തുത്പാദക സഞ്ചി (Pearl Sac) രൂപം കൊള്ളുന്നു. ഇതിലെ കോശങ്ങൾ സ്രവിക്കുന്ന ദ്രാവകം (Nacre) മർമത്തിന് ചുറ്റും പാളികളായി നിക്ഷേപിക്കപ്പെടുകയും അങ്ങനെ തിളങ്ങുന്ന മുത്ത് രൂപം കൊള്ളുകയും ചെയ്യുന്നു.

## മുത്ത് രൂപം കൊള്ളുന്നതിന്റെ വിവിധ ഘട്ടങ്ങൾ

ഇതര രത്നങ്ങളിൽ നിന്ന് വ്യതിരിക്തമായി മുത്ത് ഒരു ജൈവോത്പന്നമാണ്. മുത്തിന്റെ രാസഘടനയ്ക്ക് മുത്തുച്ചിപ്പിയുടെ പുറംതോടിന്റെ ഘടനയോട് ഏറെ സാമ്യമുണ്ട്. മുത്തിന്റെ തിളക്കമുള്ള ബാഹ്യാവരണം അരാഗോ ണൈറ്റ് എന്ന പേരിൽ അറിയപ്പെടുന്ന നീല കാത്സ്യം കാർബണേറ്റ് അടങ്ങിയതാണ്. ഇതിന്റെ പരലുകൾക്ക് (Crystals) സവി ശേഷമായ ഒരു ഘടനയുണ്ട്. കൂടാതെ കൺക്കിയോളിൻ എന്ന പേരിൽ അറിയപ്പെ ടുന്ന ജൈവ സ്വഭാവമുള്ള ഒരു പദാർത്ഥവും ഇതിൽ അടങ്ങിയിരിക്കുന്നു. മുകളിൽ പരാ മർശിച്ച രണ്ടു പദാർത്ഥങ്ങളും വെള്ളവും ചേർന്നാണ് നാക്കർ രൂപം കൊള്ളുന്നത്.

## മുത്തുച്ചിപ്പി ഫാമിന്റെ നിർമാണം

കടലിൽ തിരയിളക്കം കുറഞ്ഞ സ്ഥലം തിരഞ്ഞെടുത്ത് മുത്തുച്ചിപ്പിഫാം നിർമിക്കണം. ശാന്തമായതും കരയിലേക്ക് കയറിക്കിടക്കുന്നതുമായ ഉൾക്കടൽ പ്രദേശങ്ങളാണ് മുത്തുച്ചിപ്പി ഫാമിന്റെ നിർമാണത്തിന് ഏറെ അനുയോജ്യം. 5 മീറ്റർ നീളവും 5 മീറ്റർ വീതിയുമുള്ള ചതുരാകൃതിയിലുള്ള ചങ്ങാടങ്ങൾ നിർമിച്ചാണ് ഫാം തയ്യാറാക്കുന്നത്. ചങ്ങാട നിർമാണത്തിന് പ്രാദേശീയമായി ലഭ്യമാവുന്ന മുളകളും, തേക്കിൻ കഴകളും, ഒഴിഞ്ഞ മണ്ണെണ്ണ ബാരലുകളും, നൈലോൺ റോപ്പുകളുമാണ് സാധാരണയായി ഉപയോഗിക്കുന്നത്. മുളകൾ നെടുകെയും കുറുകെയും പാകി നൈലോൺ റോപ്പ് ഉപയോഗിച്ച് കെട്ടി ഉറപ്പിച്ചാണ് ചങ്ങാടം നിർമിക്കുന്നത്. ചങ്ങാടം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിന് ഒഴിഞ്ഞ മണ്ണെണ്ണ ബാരലുകൾ പെയിന്റ് ചെയ്ത് ഫ്ളോട്ടുകളായി ഉപയോഗിക്കണം. കടലിൽ ചങ്ങാടങ്ങളെ ഒരു നിശ്ചിത സ്ഥാനത്ത് ഉറപ്പിച്ചു നിർത്തുന്നത് നങ്കൂരങ്ങളുടെ സഹായത്താലാണ്. 8 മുതൽ 15 മീറ്റർ വരെ ആഴത്തിൽ നങ്കൂരമിട്ട് ഫാം നിർമിക്കാവുന്നതാണ്. ഇത്തരത്തിലുള്ള നിരവധി ചങ്ങാടങ്ങൾ നിരകളായി കെട്ടിയിട്ടാണ് മുത്തുച്ചിപ്പി ഫാം നിർമിക്കുന്നത്. സസ്യപ്ലവകങ്ങൾ സുലഭമായുള്ളതും 30 മുതൽ 35 പി.പി.ടി വരെ ലവണതയുള്ളതും മാലിന്യരഹിതവുമായ പ്രദേശം മുത്തുചിപ്പികളുടെ വളർച്ചക്ക് ആവശ്യമാണ്.

**കടലിൽ തിരയിളക്കം കുറഞ്ഞ സ്ഥലം തിരഞ്ഞെടുത്ത് മുത്തുച്ചിപ്പി ഫാം നിർമിക്കണം. ശാന്തമായതും കരയിലേക്ക് കയറിക്കിടക്കുന്നതുമായ ഉൾക്കടൽ പ്രദേശങ്ങളാണ് മുത്തുചിപ്പി ഫാമിന്റെ നിർമാണത്തിന് ഏറെ അനുയോജ്യം.**

## ചിപ്പിക്കുഞ്ഞുങ്ങളുടെ ശേഖരണവും വളർത്തിയെടുക്കലും

കല്ലുകളിലും പാറകളിലും മറ്റും ചിപ്പിക്കുഞ്ഞുങ്ങൾ (spat) പറ്റിപ്പിടിച്ചു വളരുന്നു. ഇവയെ പ്രകൃതിയിൽ നിന്നും നേരിട്ട് കൈകൊണ്ടോ കത്തി ഉപയോഗിച്ചോ ഇളക്കിയെടുക്കാൻ കഴിയും. ചങ്ങാടത്തിൽ നിന്നും തൂക്കിയിടുന്ന നൈലോൺ കൾച്ചുകൾ ഉപയോഗിച്ചും ചിപ്പിക്കുഞ്ഞുങ്ങളെ ശേഖരിക്കാം. 10-12 മില്ലീ മീറ്റർ കനമുള്ള നൈലോൺ റോപ്പ് 6 മുതൽ 10 ഇഞ്ച് വരെ നീളമുള്ള കഷണങ്ങളായി മുറിച്ചെടുക്കുകയും അവയുടെ ഇഴകൾ അഴിച്ചെടുത്ത് തൊങ്ങൽ രൂപത്തിലുള്ള നൈലോൺ കൾച്ചുകൾ തയ്യാർ ചെയ്യുകയും ചെയ്യുന്നു. ഈ നൈലോൺ കൾച്ചുകൾ നവംബർ-ഡിസംബർ മാസങ്ങളിൽ ഫാമിൽ കെട്ടി തൂക്കിയിടുന്നു. കൾച്ചുകളിൽ പറ്റിപ്പിടിച്ചു വളരുന്ന നഖത്തിന്റെ വലുപ്പമുള്ള ചിപ്പിക്കുഞ്ഞുങ്ങൾ (spat) കൾച്ചുകളിൽ നിന്നും ശേഖരിച്ച് വലിയ നഴ്സറി ഹാപ്പ കളിലേക്ക് മാറ്റുന്നു. നഴ്സറി ഹാപ്പകളിൽ ഇവയെ 10 ഗ്രാമിലധികം തൂക്കമുള്ള മുത്തുച്ചിപ്പികളായി വളർത്തിയെടുക്കുന്നു. തുടർന്ന് അവയെ ദീർഘചതുരാകൃതിയിലുള്ള കൂടുകളിലേക്ക് മാറ്റി വളർത്തുന്നു. ഈ കൂടുകൾക്ക് കമ്പി കൊണ്ടുള്ള ചട്ടയും ആ ചട്ടയ്ക്കുചുറ്റും നൈലോൺ വല കൊണ്ടുള്ള ആവരണവും ഉണ്ടായിരിക്കും. ഓരോ കൂട്ടിലും നാല് തട്ടുകളിലായി 100 ചിപ്പികൾ വീതം വളർത്തിയെടുക്കാൻ കഴിയും. മർമ നിക്ഷേപണത്തിന് അനുയോജ്യമായ വലുപ്പത്തിൽ തള്ളച്ചിപ്പികൾ (Mother Oysters) വളർത്തിയെടുക്കുന്നത് ഈ കൂടുകളിലാണ്. ആഴ്ചയിലൊരിക്കൽ ഈ ചിപ്പിക്കൂടുകൾ തുറന്ന് ചിപ്പികളെ ആവരണം ചെയ്തിട്ടുള്ള ബാർണക്കിളുകളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യണം. മത്സ്യങ്ങൾ, ഞണ്ട്, ചിറ്റാക്കൊഞ്ച് എന്നിവ ചിപ്പിക്കൂടിൽ പ്രവേശിച്ച് ചിപ്പികളെ തിന്നൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.

## മുത്തുച്ചിപ്പികളുടെ പരിപാലനം

20 ഗ്രാമിലധികം തൂക്കമുള്ള ചിപ്പികളെ ഫാമിൽ നിന്നും ശേഖരിച്ച് ലബോറട്ടറിയിൽ കൊണ്ടുവരുന്നു. പ്രജനനക്ഷമമായതും ധാരാളം മുട്ടകളുള്ളതുമായ ചിപ്പികളെ ഒഴിവാക്കുന്നതാണ് അഭികാമ്യം. ലബോറട്ടറിയിൽ വച്ച് ചിപ്പികളെ പുറത്ത് പറ്റിപ്പിടിച്ചിട്ടുള്ള ബാർണക്കിളും മറ്റും നീക്കം ചെയ്ത് കഴുകി വൃത്തിയാക്കിയെടുക്കുന്നു. അതിനുശേഷം അവയെ ഒരു ഗ്ലാസ്സ് ട്രഫിലെ ലവണജലത്തിൽ മുക്കി വയ്ക്കുന്നു. തുടർന്ന് ഈ വെള്ള ത്തിൽ മെന്തോൾ പരലുകൾ ചേർത്ത് ചിപ്പികളെ മയക്കിയെടു ക്കുന്നു. മയങ്ങിയ ചിപ്പികളുടെ തുറന്ന വാൽവുകൾക്കിടയിൽ മരം കൊണ്ടുള്ള കമ്പുകൾ തിരുകി വയ്ക്കണം. ഒരു മണിക്കൂറിനുള്ളിൽ ചിപ്പികളെ മർമ നിക്ഷേപ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നു.





മയങ്ങിയ ചിപ്പികളുടെ തുറന്ന വാൽവുകൾക്കിടയിൽ മരം കൊണ്ടുള്ള കമ്പുകൾ തിരുകി വയ്ക്കണം. ഒരു മണിക്കൂറിനുള്ളിൽ ചിപ്പികളെ മർമ്മനിക്ഷേപ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നു.

## ഗ്രാഫ്റ്റ് തയ്യാറാക്കുന്ന വിധം

ശസ്ത്രക്രിയക്ക് മുമ്പായി ദാതാവായ ചിപ്പിയുടെ മാന്റിലിന്റെ ഉപരിഭാഗത്തുള്ള കോശങ്ങളിൽ നിന്നും ഗ്രാഫ്റ്റ് തയ്യാറാക്കണം. ഇത് വളരെ സൂക്ഷ്മതയോടെ നിർവഹിക്കേണ്ട പ്രവൃത്തിയാണ്. ഇതിനായി മൂർച്ചയുള്ള കത്തി ഉപയോഗിച്ച് ചിപ്പി തുറക്കുന്നു. മുത്തുച്ചിപ്പിയുടെ പുറംതോടിനോട് ചേർന്ന ഇടത്തെ മാന്റിൽ മുറിച്ചുമാറ്റിയാണ് ഗ്രാഫ്റ്റ് തയ്യാറാക്കുന്നത്. ഇടത്തെ മാന്റിലിന്റെ ഒരറ്റത്തുനിന്നും എപ്പിത്തീലിയൽ ടിഷ്യു ഒരു റിബൺ രൂപത്തിൽ മുറിച്ചെടുക്കുന്നു. ഈ റിബൺ 2 ചതുരശ്ര മില്ലീമീറ്റർ വലുപ്പമുള്ള ചെറു കഷണങ്ങളായി വീണ്ടും മുറിക്കുന്നു. ഗ്രാഫ്റ്റ് തയ്യാർ ചെയ്യുമ്പോൾ പുറംകോശങ്ങൾ കേടുവരാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണം. ഇവ അണുരഹിതമായി ഈർപ്പമുള്ള അവസ്ഥയിൽ സൂക്ഷിക്കണം.

## ശസ്ത്രക്രിയയും നിക്ഷേപവും

ചിപ്പിയിൽ ശസ്ത്രക്രിയ നടത്തി മർമം നിക്ഷേപിക്കുന്നതിന് സൂക്ഷ്മതയും പരിശീലനവും ആവശ്യമാണ്. ജപ്പാനിൽ കൗമാരപ്രായത്തിലുള്ള പെൺകുട്ടികളാണ് ഈ പ്രവർത്തനത്തിൽ ഏർപ്പെടുന്നത്. ഇതിനായി സ്റ്റെയിൻലസ് സ്റ്റീലിൽ നിർമിച്ച ശസ്ത്ര ക്രിയോപകരണങ്ങൾ ലഭ്യമാണ്. മയക്കത്തിൽ ആണ്ടുപോയ



ചിപ്പികളെ ഒരു ഓയ്സ്റ്റർ ക്ളാമ്പിൽ ഘടിപ്പിക്കുന്നു. തുടർന്ന് ചിപ്പിയുടെ മാന്റിൽ സ്പാറ്റുല (Spatula) എന്ന ഉപകരണം ഉപയോഗിച്ച് വശങ്ങളിലേയ്ക്ക് തുത്തുമാറ്റുന്നു. മുത്തുചിപ്പിയുടെ പാദഭാഗത്ത് ഒരു മുറിവുണ്ടാക്കി അവിടെ നിന്നും ചിപ്പിയുടെ ഉത്പാദനാവയവമായ ഗോണാഡിന്റെ ഭാഗത്തേക്ക് ഒരു പൊഴി വെട്ടിയെടുക്കുന്നു. തയ്യാറാക്കി വച്ചിരിക്കുന്ന ഗ്രാഫ്റ്റ് ടിഷ്യു ഒരു നീഡിൽ ഉപയോഗിച്ച് പൊഴിയിൽ കൂടി ഗോണാഡിന്റെ ഭാഗത്ത് ശ്രദ്ധയോടെ കടത്തി വയ്ക്കുന്നു. ഇതിനെ തുടർന്ന് പ്രത്യേക ഉപകരണത്തിന്റെ സഹായത്താൽ മർമം പൊഴി വഴി ഗോണാഡി ലേയ്ക്ക് നിക്ഷേപിക്കുന്നു. ഇതിന്റെ ഫലമായി മർമവും ഗ്രാഫ്റ്റും പരസ്പരം ഇഴുകിച്ചേർന്നിരിക്കുന്നു. ശസ്ത്രക്രിയക്കുശേഷം ന്യൂക്ലിയസ് നിക്ഷേപത്തിന് വിധേയമായ ചിപ്പികൾ ഒരു ടാങ്കി ലേയ്ക്ക് മാറ്റി പ്രത്യേകം പരിചരിക്കുന്നു. ഏതാനും മണിക്കൂറുകൾ ക്കുള്ളിൽ ചിപ്പികൾ ശസ്ത്രക്രിയയുടെ ആഘാതത്തിൽ നിന്നും മോചനം പ്രാപിക്കുകയും സാധാരണ നില കൈവരിക്കുകയും ചെയ്യുന്നു.

## ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള പരിപാലനം

ശസ്ത്രക്രിയയ്ക്ക് വിധേയമാക്കിയ ചിപ്പികളെ പുസ്തക രൂപത്തിലുള്ള കൂടുകളിൽ നിരനിരയായി ക്രമീകരിക്കുന്നു. ഈ കൂടിന് രണ്ട് ചട്ടകൾ ഉണ്ടായിരിക്കും. ഓരോ ചട്ടയും നൈലോൺ റോപ്പുകൊണ്ട് ആവരണം ചെയ്തിരിക്കും. ഓരോന്നും 5 തുല്യ ഭാഗങ്ങളായി തിരിച്ചിരിക്കും. ഈ കൂടുകൾ മുത്തുച്ചിപ്പിഫാമിലെ ചങ്ങാടത്തിൽ നിന്നും ഒരു മീറ്റർ ആഴത്തിൽ കടൽ വെള്ളത്തിൽ തൂക്കിയിടുന്നു. മാസത്തിൽ ഒരിക്കൽ കൂടുകൾ പുറത്തെടുത്ത് മുത്തുചിപ്പികൾ കഴുകി വൃത്തിയാക്കി കൂടുകളിൽ തിരിച്ചു

ചിപ്പിയിൽ ശസ്ത്രക്രിയ നടത്തി മർമം നിക്ഷേപിക്കുന്നതിന് സൂക്ഷ്മതയും പരിശീലനവും ആവശ്യമാണ്. ജപ്പാനിൽ കൗമാരപ്രായത്തിലുള്ള പെൺകുട്ടികളാണ് ഈ പ്രവർത്തനത്തിൽ ഏർപ്പെടുന്നത്. ഇതിനായി സ്റ്റെയിൻലസ് സ്റ്റീലിൽ നിർമിച്ച ശസ്ത്രക്രിയോപകരണങ്ങൾ ലഭ്യമാണ്.



മുത്തുത്പാദന രാജ്യങ്ങളുടെ ചക്രവർത്തി എന്ന പദവിയാണ് എക്കാലത്തും ജപ്പാനുള്ളത്. അസൂയാവഹമായ ഈ പദവി ജപ്പാന് കരഗതമായത് മുത്തുത്പാദന വിപണി നിയന്ത്രിക്കുന്നതിന് അവർ പ്രയോഗിച്ച വാണിജ്യ തന്ത്രങ്ങളാണ്.

വിടുന്നു. മുത്തു വളർത്തുന്നതിന് 100 മുതൽ 400 വരെ ദിവസങ്ങൾ എടുക്കുന്നു. ഒക്ടോബർ മുതൽ ജനുവരിവരെയുള്ള മാസങ്ങളാണ് മുത്തുത്പാദനത്തിന് ഏറെ അനുയോജ്യം. ആദ്യത്തെ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ചിപ്പിക്കുള്ളിലെ ബാഹ്യ പദാർത്ഥമായ മർമത്തിന് ചുറ്റുമായി ഗ്രാഫ്റ്റിൽ നിന്നുള്ള എപ്പിത്തീലിയൽ കോശങ്ങൾ വളരുകയും ഒരു മുത്തുത്പാദക സഞ്ചി (Pearl sac) രൂപം കൊള്ളുകയും ചെയ്യുന്നു. ഈ സഞ്ചിയിൽ നിന്നും സ്രവിക്കപ്പെടുന്ന നാക്കർ (Nacre) എന്ന പദാർത്ഥം ന്യൂക്ലിയസിനെ ആവരണം ചെയ്യുകയും കാലക്രമത്തിൽ തിളക്കമുള്ള മുത്തായി രൂപം പ്രാപിക്കുകയും ചെയ്യുന്നു.

## വിളവെടുപ്പ്

മുത്തിന്റെ വിളവെടുപ്പിനായി ചിപ്പികളെ ഫാമിൽ നിന്നും ലബോറട്ടറിയിൽ കൊണ്ടു വരുന്നു. ചിപ്പികൾ തുറന്ന് മുത്തുകൾ ശേഖരിക്കുന്നു. നിറം, വലുപ്പം, ആകൃതി, ഭംഗി എന്നിവയുടെ അടിസ്ഥാനത്തിൽ മുത്ത് വിവിധ ഗ്രേഡുകളായി തരംതിരിക്കുന്നു. പൂർണമായും ഗുണമേന്മയുള്ള A ഗ്രേഡ്, മെച്ചപ്പെട്ട ഗുണമേന്മയുള്ള B ഗ്രേഡ്, ഒന്നിൽ കൂടുതൽ കുത്തുകൾ ഉള്ള C ഗ്രേഡ്, ഭാഗികമായ കോട്ടിംഗ് ഉള്ള D ഗ്രേഡ്, രൂപഘടനയില്ലാത്ത E ഗ്രേഡ് എന്നിങ്ങനെ തരം തിരിക്കുന്നു. C,D,E ഗ്രേഡുകളിൽപ്പെട്ട മുത്തുകൾ ഗുണമേന്മ കുറഞ്ഞതും വിലക്കുറവുള്ളതുമായിരിക്കും.

## മുത്തിന്റെ സാർവദേശീയ വ്യാപാരം

മുത്തുത്പാദന രാജ്യങ്ങളുടെ ചക്രവർത്തി എന്ന പദവിയാണ് എക്കാലത്തും ജപ്പാനുള്ളത്. അസൂയാവഹമായ ഈ പദവി ജപ്പാന് കരഗതമായത് മുത്തുത്പാദന വിപണി നിയന്ത്രിക്കുന്നതിന് അവർ പ്രയോഗിച്ച വാണിജ്യതന്ത്രങ്ങളാണ്. എവിടെ മുത്തുവളർത്തിയാലും ഉത്പന്നം ജപ്പാൻ വഴി വിപണനം ചെയ്യണമെന്നാണ് വ്യവസ്ഥ. ജപ്പാൻ നിയന്ത്രിത മുത്തു വളർത്തൽ പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുന്നത് ജപ്പാൻ തന്നെയാണ്. മുത്തുത്പാദനത്തിന് ആവശ്യമായ സാങ്കേതികവിദ്യ പ്രത്യേകിച്ചും മർമ നിക്ഷേപണത്തിനുള്ള വൈദഗ്ധ്യം ജപ്പാൻകാരായ വ്യക്തികൾക്കു മാത്രമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്.

1950 കളിലും 60 കളിലും ലോകത്തിൽ മുത്തുത്പാദിപ്പിക്കുന്ന ഏക രാജ്യം ജപ്പാനായിരുന്നു. 1955-ൽ 'ആസ്ട്രേലിയ പിങ്ടാഡ മാക്സിമ' എന്ന ചിപ്പി ഉപയോഗിച്ച് ഗോൾഡൻ മുത്തുകളും 1962-ൽ ഫ്രഞ്ച് 'പോളിനേഷ്യ പിങ്ടാഡ മാർഗറിറ്റിഫെറ' എന്ന ചിപ്പിയിൽ നിന്നും കറുത്ത മുത്തുകളും ഉത്പാദിപ്പിക്കാൻ തുടങ്ങി. എന്നാൽ ഇവിടെയെല്ലാം ജപ്പാനീസ് സാങ്കേതിക വിദഗ്ധരുടെ സഹായം ഉണ്ടായിരുന്നു എന്നതാണ് വസ്തുത. ഉത്പാദിപ്പിക്കപ്പെട്ട മുത്തുകൾ ജപ്പാനീസ് കമ്പനികൾക്ക് മാത്രമേ വിറ്റഴിക്കാൻ കഴിയുമായിരുന്നുള്ളു. എന്നാൽ 1980 കളുടെ അവസാനത്തോടെ ഇതിന് മാറ്റമുണ്ടായി. ആസ്ട്രേലിയയും ഫ്രഞ്ച് പോളിനേഷ്യയും മുത്തുത്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. ഇന്തോനേഷ്യയും പുതുതായി മുത്തുത്പാദന രംഗത്തേക്ക് കടന്നു വന്നു. എന്നാൽ ചൈനയാണ് ജപ്പാന് ഏറ്റവും വലിയ വെല്ലുവിളി ഉയർത്തിയത്. ചൈനയിൽ ആയിരക്കണക്കിന് മുത്തുത്പാദന ഫാമുകൾ നിലവിൽ വന്നു. മുത്തുത്പാദന മേഖലയിലെ ചൈനയുടെ കടന്നുവരവ് പുതിയ വാണിജ്യ കരാറുകൾക്ക് ഇട നല്കി. ചൈനീസ് സാങ്കേതിക വിദഗ്ധർക്ക് ജപ്പാൻ വിദഗ്ധോപദേശം നല്കാൻ തയ്യാറായി. അതേ സമയം ചൈന തങ്ങളുടെ ഉത്പന്നങ്ങൾ സംസ്കരിക്കാനും വിപണനം നടത്താനും ജപ്പാനീസ് സംരംഭകർക്ക് അനുവാദം നല്കി. ഈ ഉത്പന്നങ്ങൾ ലോക മാർക്കറ്റിൽ ജപ്പാൻ ഉത്പന്നമായി അറിയപ്പെടാൻ തുടങ്ങി. ഇപ്പോൾ മുത്തിന്റെ ആഗോള ഉത്പാദനം 78 ടണ്ണാണ്. പ്രതിവർഷം 1040 ദശലക്ഷം ഡോളറിന്റെ ക്രയവിക്രയമാണ് മുത്തിന്റെ ആഗോളവിപണിയിൽ നടക്കുന്നത്.





# അഗസ്ത്യഹൃദയത്തിലേക്ക്...

ലോകത്തെ 20 ജൈവസമ്പന്നതയുടെ ഹോട്ട്സ്പോട്ടുകളിൽ ഒന്നായ അഗസ്ത്യമല അഥവാ അഗസ്ത്യകൂടം, വിശിഷ്ടമായ ആരോഗ്യപ്പച്ച ഉൾപ്പെടെ രണ്ടായിരത്തോളം ഔഷധസസ്യങ്ങളുടെ സമ്പന്നതയുമായി 1868 മീറ്ററിന്റെ തലയെടുപ്പോടെ നില്ക്കുന്നു. സഹ്യാദ്രിയുടെ തെക്കേ അറ്റത്തെ ഏറ്റവും ഉയരം കൂടിയ ഈ പർവതം, തിരുവനന്തപുരം കൊല്ലം ജില്ലകളിലും തമിഴ്നാട്ടിൽ തിരുനെൽവേലി, കന്യാകുമാരി ജില്ലകളിലുമായി വ്യാപിച്ചു കിടക്കുന്നു. സഹ്യാദ്രി മറികടന്ന് ആദ്യമെത്തിയ സപ്തർഷിമാരിലൊരാളായ അഗസ്ത്യമുനിയുടെ, അതിലൂടെ ആയുർവേദത്തിന്റെയും സിദ്ധവൈദ്യത്തിന്റെയും കളിത്തട്ട്. മുനിയുടെ പൂർണകായ പ്രതിമയെ പൂജിക്കാൻ തീർത്ഥാടകരും, പ്രകൃതിയുടെ വൈവിധ്യങ്ങൾ നേരിട്ടു മനസ്സിലാക്കാൻ നിരീക്ഷകരും മലമുകളിലെത്തുന്നു. മേഘങ്ങളെ കാറ്റ് തുടച്ചുമാറ്റുമ്പോൾ, കിഴക്ക് താഴെ അംബാസമുദ്രവും, തെക്ക് നെയ്യാർഡാമും പടിഞ്ഞാറ് പേപ്പാറഡാമും തീർത്ത ജലാശയങ്ങൾ. സ്കോട്ടിഷ് ശാസ്ത്രജ്ഞനായ ജോൺ അലൻ മൂർ സ്ഥാപിച്ച ചെറിയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഇവിടെ ഉണ്ട്. ബോണക്കാട് വഴിയും (61 കിമീ.) നെയ്യാർ ഡാം വഴിയും (32 കിമീ) എത്തിച്ചേരാം.

ചിത്രങ്ങൾ: പ്രവീൺ എം.വി.





# ആത്മാവിലെ അനേകം മുറിവുകളിലൂടെ വിലപിച്ച മഹാൻ

കെ.സി. വേണു

ചരിത്രത്തിൽ ചരിത്രകാരന്മാർ ഉപേക്ഷിച്ചുപോകുന്ന ഇടങ്ങളുണ്ട്. അത് മനഃപൂർവമാകാം; അറിവില്ലായ്മകൊണ്ടുമാകാം. ഇന്ത്യാ ചരിത്രത്തിൽ അപ്രകാരം ഉപേക്ഷിച്ചുപോയിട്ടുള്ള ഒരുപാട് ഇടങ്ങളുണ്ട്. അവിടെയൊക്കെ ഭാരതത്തിന്റെ മഹാനായ പുത്രരിൽ ഒരാളും അവശകോടികളുടെ വിമോചകനുമായ ഭീംറാവു ബാബാസാഹേബ് അംബേദ്കറെക്കുറിച്ചുള്ള വിവരണങ്ങൾ കൊണ്ട് നിറയേണ്ടതായിരുന്നു. കാരണം ഇന്ത്യയുടെ ചരിത്രമെന്നത് ജാതിമത അടിമത്വത്തിന്റെ കൂടി ചരിത്രമാണ്. നൂറ്റാണ്ടുകളായി ജാതി വ്യവസ്ഥിതിയിൻ കീഴിൽ അടിച്ചമർത്തപ്പെട്ടു കഴിഞ്ഞിരുന്ന അധഃസ്ഥിത വർഗത്തിന്റെ വിമോചനത്തിനായി കുരിശുയുദ്ധം നടത്തിയ ധീരനായ പോരാളിയായിരുന്നു ഡോ. അംബേദ്കർ. അമേരിക്കൻ ഐക്യനാടുകളിൽ നീഗ്രോകളുടെ അടിമത്തം അവസാനിപ്പിച്ച എബ്രഹാം ലിങ്കന്റെ ചരിത്രത്തിലെ സ്ഥാനം നമുക്കറിയാം.

സ്വതന്ത്ര പരമാധികാര റിപ്പബ്ളിക്കായ ഇന്ത്യയുടെ ചരിത്രം ആരംഭിക്കേണ്ടത് അംബേദ്കറിൽ നിന്നു കൂടിയാണ്. ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന പതിത ജനവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിനായി ഒരു മനുഷ്യായുസ്സ് മുഴുവൻ പ്രയത്നിക്കുകയും ലോകത്തിലെ തന്നെ ഏറ്റവും മഹത്തരവും ജനാധിപത്യത്തിന്റെ വേദപുസ്തകവുമായ ഭരണഘടനയ്ക്ക് ജന്മം നൽകിയതും ആ ഉത്തുംഗപ്രതിഭയായിരുന്നു. അധഃസ്ഥിത വിഭാഗങ്ങൾ ഇന്നനുഭവിക്കുന്ന ആനുകൂല്യങ്ങൾക്ക് ആധാരമായ ഓരോ വകുപ്പുകളും ഭരണഘടനയിൽ എഴുതിവെച്ചത് അദ്ദേഹത്തിന്റെ വിരലുകളായിരുന്നു. വകുപ്പുകൾ എഴുതിയുണ്ടാക്കുക മാത്രമല്ല ആവർത്തിച്ചാവർത്തിച്ചുള്ള വാദമുഖങ്ങളിലൂടെ അവയ്ക്കെല്ലാം അംഗീകാരം നേടിയെടുത്തതും അദ്ദേഹമാണ്. ദേശീയ നേതൃത്വത്തിലെ പലരുടെയും എതിർപ്പുകളുടെ കുന്തമുനകൾ ഒടിച്ചുകൊണ്ടാണ് അദ്ദേഹം ഇത് സാധിച്ചത്.

ഇംഗ്ളണ്ടിൽ നിന്നും ഇന്ത്യയിലെത്തിയ സൗത്ത് ബറോ കമ്മീഷൻ, സൈമൺ കമ്മീഷൻ, എന്നിവരുടെ മുന്നിലും ഇംഗ്ളണ്ടിൽ നടന്ന വട്ടമേശ സമ്മേളനങ്ങളിലും തനിച്ചു പോയി അയിത്ത ജാതിക്കാരുടെ മോചനത്തിനായി വാദിച്ചത് ഡോ.അംബേദ്കറായിരുന്നു. സവർണരുടെ അവകാശങ്ങളുടെയും ദളിതരുടെ അടിമത്തത്തിന്റെയും ബൈബിളായ മനുസ്മൃതി ചുട്ടുകരിച്ചതും മഹദിലെ ചൗദാർകുളത്തിൽ നിന്നും വെള്ളം കോരി കുടിക്കുവാനുള്ള അവകാശത്തിനായി ചരിത്രപ്രസിദ്ധമായ സമരം സംഘടിപ്പിച്ചതും അദ്ദേഹമായിരുന്നു. അമരാവതിയിലെ ക്ഷേത്രപ്രവേശനത്തിന് നേതൃത്വം കൊടുത്തതും പാവപ്പെട്ടവരുടെ അവകാശങ്ങൾക്കായി രാഷ്ട്രീയപാർട്ടി രൂപീകരിച്ച് പ്രവർത്തിച്ചതും മറ്റാരുമായിരുന്നില്ല . അവഹേളനങ്ങളുടെയും പരിഹാസ്യത്തിന്റെയും കഠിനയാതനകളുടെയുമെല്ലാം കനൽപ്പാതകളിലൂടെ സഞ്ചരിച്ചാണ് അദ്ദേഹം ഈവിധ പ്രവർത്തനങ്ങൾ നടത്തിയത്. സാമൂഹ്യസമത്വത്തിനും നീതിക്കും എതിരായി വേദശാസ്ത്രങ്ങളിൽ എഴുതിവച്ചിട്ടുള്ള അനുശാസനങ്ങളുടെ പൊള്ളത്തരങ്ങൾ എടുത്തുകാട്ടുന്ന നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഹിന്ദുക്കൾക്ക് എല്ലാവർക്കും ഒരേ അവകാശം ബാധകമാക്കുന്ന ബിൽ എഴുതി തയ്യാറാക്കി ജനാധിപത്യത്തിന് പുതിയ നിർവചനം നൽകിയതും ഇന്ത്യയുടെ മോചനത്തി





നുള്ള മന്ത്രങ്ങൾ നിർദേശിച്ചതും അദ്ദേഹമാണ്.

ലോകപണ്ഡിതന്മാരിൽ ആറാമനും ഏഷ്യയിലെ ഒന്നാമനുമായിരുന്ന ഡോ.അംബേദ്കർ കൊളംബിയ സർവകലാശാലയിൽ നിന്നും തത്വശാസ്ത്രത്തിലും ലണ്ടൻ സർവകലാശാലയിൽ നിന്നും ശാസ്ത്രത്തിലും ഡോക്ടറേറ്റുകൾ സമ്പാദിച്ചു. ലണ്ടനിൽ നിന്നും നിയമ ബിരുദവും (ബാർ അറ്റ് ലാ) കരസ്ഥമാക്കി. ജർമനിയിലെ ബോൺ സർവകലാശാലയിലും പഠിച്ചു. ഗ്രന്ഥകാരൻ, സാമൂഹ്യ പരിഷ്കർത്താവ്, നിയമപണ്ഡിതൻ നിയമമന്ത്രി, പ്രക്ഷോഭകാരി അവശകോടികളുടെ അനശ്വര പ്രവാചകൻ തുടങ്ങിയ ബഹുമുഖപ്രതിഭയായിരുന്നു അംബേദ്കർ. എന്നാൽ അദ്ദേഹം ഭാരതത്തിനു നൽകിയ സംഭാവനകളോ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോ ആധുനിക ഇന്ത്യാ ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയില്ല, ജാതി എന്ന സംജ്ഞ ഇന്ത്യാ ചരിത്രത്തിൽ കാണാത്തതു പോലെ.



മനുഷ്യത്വപൂർണമായ പെരുമാറ്റംപോലും താഴ്ന്ന ജാതിക്കാർക്ക് നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലത്താണ് അംബേദ്കർ ജനിച്ചത്. 1891 ഏപ്രിൽ 14 ന് മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിൽ അംബവാഡി എന്ന സ്ഥലത്ത് അയിത്ത ജാതികളിൽ ഒന്നായ മഹർജാതിയിലെ ഒരു ദരിദ്രകുടുംബത്തിൽ. റാംജി സക്പാലും ഭീമാഭായിയുമായിരുന്നു അച്ഛനമ്മമാർ. തന്റെ സമുദായം അനുഭവിച്ച അതേ അവധീരണവും അവജ്ഞയും അംബേദ്കറിനും ജീവിതത്തിൽ നേരിടേണ്ടിവന്നു. അയിത്തം എത്ര അപമാനകരമാണെന്ന് സ്കൂൾ വിദ്യാഭ്യാസകാലത്തു തന്നെ ഹൃദയവേദനയോടെ ഭീം മനസ്സിലാക്കി. പുറംലോകത്തിന്റെ ചെറിയ പതിപ്പായിരുന്നു അംബേദ്കർ പഠിച്ച സർക്കാർ സ്കൂൾ. ഭീമിനും ജേഷ്ഠനും ക്ലാസ്മുറിയുടെ മൂലയിൽ അവർ കൊണ്ടുപോകുമായിരുന്ന ഒരു ചാക്കുകഷണത്തിൽ ചമ്രം പടിഞ്ഞിരുന്നു പഠിക്കാനേ അനുവാദമുണ്ടായിരുന്നുള്ളൂ. അശുദ്ധമാകുമെന്നുള്ള ഭയംമൂലം ചില അധ്യാപകർ അവരോട് ചോദ്യങ്ങൾ ചോദിക്കുകയോ പദ്യം ചൊല്ലാൻ ആവശ്യപ്പെടുകയോ ചെയ്യുമായിരുന്നില്ല. ഉത്തരം പറയുവാൻ കുട്ടികൾ വായ് തുറക്കണമല്ലോ. അപ്പോൾ വായു അശുദ്ധമാകും!

ഒരു സ്കൂൾ ഒഴിവുകാലം ഭീമും ജേഷ്ഠനും കൊച്ചു ഭാഗിനേയനും കൂടി ഹോറിഗണിൽ ക്യാഷ്യറായി ജോലി നോക്കിയിരുന്ന അച്ഛനെ കാണാൻ പുറപ്പെട്ടു. നേരത്തെ അയച്ചിരുന്ന കത്ത് കിട്ടാത്തതുമൂലം അച്ഛൻ അവരെ സ്വീകരിക്കാൻ മസൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയിരുന്നില്ല. നീണ്ട മണിക്കൂറുകൾ കാത്തിരുന്ന കുട്ടികൾ ഒരു കാളവണ്ടി ഏർപ്പാടാക്കി ഗോറിഗണിലേക്കു യാത്ര തുടർന്നു.

കാളവണ്ടി ഏതാനും വാര നീങ്ങിയപ്പോഴേക്കും മേൽജാതിക്കാരനായ വണ്ടിക്കാരനു മനസ്സിലായി തന്റെ വണ്ടിയിൽ കേമമായി വസ്ത്രധാരണം ചെയ്തു കടന്നു കൂടിയിരിക്കുന്ന കുട്ടികൾ അഭിശപ്തരായ അയിത്തജാതിക്കാരാണെന്ന്. ദേഷ്യം സഹിക്കവയ്യാതെ കുപ്പത്തൊട്ടി മറിക്കുംപോലെ അയാൾ കുട്ടികളെ വണ്ടിയിൽ നിന്നും റോഡിലേക്കു കുടഞ്ഞിട്ടു. കുട്ടികൾ സമർഥരായിരുന്നു. ഇരട്ടി കൂലി കൊടുക്കാമെന്നു പറഞ്ഞപ്പോൾ വണ്ടിക്കാരന്റെ ക്ഷോഭം ശമിച്ചു. അവർ യാത്ര തുടർന്നു. വൈകുന്നേരം തുടങ്ങിയ യാത്ര പാതിരാത്രിവരെ നീണ്ടു. ദാഹിച്ചു തൊണ്ട വരണ്ട കുട്ടികൾക്ക് വഴിയിലെങ്ങും ഒരിറ്റു കുടിനീരു കിട്ടിയില്ല. കുട്ടികൾ അയിത്തജാതിക്കാരാണെന്നു മനസ്സിലാക്കിയ ആളുകൾ ഓരോ പ്രാവശ്യവും ഒന്നുകിൽ അഴുക്കുവെള്ളം ചൂണ്ടിക്കാട്ടിക്കൊടുത്തു; അല്ലെങ്കിൽ ആട്ടിയകറ്റി. ഒരിക്കൽ ദാഹം സഹിക്കവയ്യാതായ ഭീം ആരും കാണാതെ ഒരു പൊതുകിണറിൽ നിന്നും വെള്ളം കോരിക്കുടിച്ചു. എന്നാൽ അതു കണ്ടുപിടിക്കുകയും ഭീമിനു ശരിക്കു തല്ലു കിട്ടുകയും ചെയ്തു. ബാർബർമാർ തന്റെ മുടി വെട്ടില്ലെന്ന് ഭീം അറിഞ്ഞു. അതിനാൽ സഹോദരിമാരാണ് ഭീമിന്റെ മുടി ക്രോപ്പു ചെയ്തു കൊടുത്തിരുന്നത്.

എൽഫിൻസ്റ്റൺ ഹൈസ്കൂളിൽ നിന്നും 1907 ൽ അംബേദ്കർ മെട്രിക്കുലേഷൻ പാസ്സായി. അതിനുശേഷം അന്നത്തെ നാട്ടുനടപ്പനുസരിച്ച് വിവാഹം. ബോംബെയിലെ ബൈക്കള മാർക്കറ്റിലെ ഒരു തുറസ്സായ ഷെഡ്ഡിൽ വച്ചായിരുന്നു അത്. അന്നത്തെ ചന്ത പിരിഞ്ഞതിനുശേഷം വൈകിട്ട് വരനും പാർട്ടിക്കാരും ഷെഡ്ഡിന്റെ ഒരു മൂലയ്ക്ക് തമ്പടിച്ചു. മറ്റൊരു മൂല വധുവും ബന്ധുക്കളും കയ്യടക്കി. വധുവും വരനും നിന്നിരുന്നതിനടുത്തുകൂടി ചെറിയൊരു ഓടയിലൂടെ മലിനജലം ഒഴുകുന്നുണ്ടായിരുന്നു. ചന്തയിലെ കല്ലുകൊണ്ടുള്ള ചെറുപ്ലാറ്റ്ഫോമുകൾ ബഞ്ചുകളായി. മാർക്കറ്റ് ഒന്നാകെ വിവാഹമണ്ഡപവും.

ബറോഡാ മഹാരാജാവ് 1913 ൽ അംബേദ്കറെ കൊളംബിയാ സർവകാലാശാലയിൽ ഉപരിപഠനത്തിന് അയയ്ക്കാൻ തീരുമാനിച്ചു. ഒരു വ്യവസ്ഥയാണ് ബറോഡ രാജാവ് മുന്നോട്ട് വെച്ചത്. പഠനം പൂർത്തിയാക്കിയശേഷം 10 വർഷം ബറോഡ സംസ്ഥാനത്തെ സേവിക്കണം.

ബറോഡ സർക്കാരുമായുള്ള കരാറു പാലിക്കുന്നതിന് അംബേദ്കർ ലണ്ടനിൽ നിന്നും ബറോഡയിലെത്തി. അംബേദ്കറെ റയിൽവേസ്റ്റേഷനിൽ സ്വീകരിക്കണമെന്ന് ബറോഡാ മഹാരാജാവ് അദ്ദേഹത്തിന്റെ ആളുകൾക്ക് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഒരു മഹർ ജാതിക്കാരനെ സ്വീകരിക്കാൻ ആരാണ് സ്റ്റേഷനി

ലേക്ക് പോവുക. അതേസമയം, മഹർ ജാതിയിൽപ്പെട്ട ഒരു ചെറുപ്പക്കാരൻ ബറോഡയിലേക്ക് വരുന്നു എന്ന വാർത്ത നഗരത്തിൽ പരന്നിരുന്നു. അംബേദ്കറെയും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ജ്യേഷ്ഠനെയും സ്വീകരിക്കാൻ ഏതെങ്കിലും ലോഡ്ജോ ഹോസ്റ്റലോ തയ്യാറായില്ല. അവസാനം ഒരു പാർസിയുടെ സത്രത്തിൽ അവർ അഭയം തേടി. അംബേദ്കർ ഈ സത്രത്തിൽ ആരും അറിയാതെ കഴിഞ്ഞുകൂടി.

മഹാരാജാവിന്റെ മിലിട്ടറി സെക്രട്ടറിയായി അംബേദ്കർ ജോലിയിൽ പ്രവേശിച്ചു. പക്ഷെ, അവിടെയും അയിത്തജാതിക്കാരനായുള്ള അദ്ദേഹത്തിന്റെ ജനനം കാര്യങ്ങൾ തകിടം മറിച്ചു. ഓഫീസിലെ സ്റ്റാഫും ശിപായിമാരും ഒരു കുഷ്ഠരോഗിയോടെന്നപോലെയാണ് അദ്ദേഹത്തോട് പെരുമാറിയത്. കടലാസുകളും ഫയലുകളും അദ്ദേഹത്തിനു കൈമാറുന്നതു പാപമായിട്ടാണ് നിരക്ഷരനും പാവപ്പെട്ടവനുമായ ശിപായിപോലും കരുതിയത്. ഫയൽക്കെട്ടുകളും കടലാസുകളും അവർ അദ്ദേഹത്തിന്റെ ഡസ്കിലേക്ക് എറിഞ്ഞു കൊടുക്കുകയാണ് ചെയ്തത്. ഓഫീസിൽ അദ്ദേഹത്തിനു കുടിവെള്ളം പോലും ലഭിച്ചില്ല. ബ്രിട്ടീഷ് ചക്രവർത്തിയും പ്രധാനമന്ത്രിയും ഒപ്പമിരുത്തി ബഹുമാനിച്ചയാളെയാണ് സവർണ ശിപായികൾ അപമാനിച്ചത് എന്നോർക്കണം.

മിലിട്ടറി സെക്രട്ടറിയായി ജോലി ചെയ്യവെ കുറച്ചു ദിവസങ്ങൾക്കു ശേഷം ഏതാനും പാർസികൾ ലാത്തികളുമായി അംബേദ്കർ താമസിച്ചിരുന്നിടത്ത് ചെല്ലുകയും തെറിവെളിച്ചുകൊണ്ട് അദ്ദേഹത്തെ ബലമായി അവിടെനിന്നും ഇറക്കിവിടുകയും അദ്ദേഹത്തിന്റെ പെട്ടിയും വസ്ത്രങ്ങളും റോഡിലേക്ക് വലിച്ചെറിയുകയും ചെയ്തു. ആവുന്നത്ര നിയന്ത്രണം പാലിച്ച് തനിക്ക് ഒഴിഞ്ഞുപോകാൻ എട്ടു മണിക്കൂർ സമയം നല്കണമെന്ന് അംബേദ്കർ ശാന്തമായി പറഞ്ഞെങ്കിലും ആരും അത് ചെവിക്കൊണ്ടില്ല. മാനസികമായി തളർന്ന് വിശപ്പും ദാഹവും കൊണ്ട് അവശനായ ലോകത്തിലെ തന്നെ പണ്ഡിതരിലൊരാളായ അംബേദ്കർ കിടക്കാനിടമില്ലാതെ അന്ന് രാത്രി ഒരു മരച്ചുവട്ടിലിരുന്ന് വാവിട്ട് കരഞ്ഞു. ഇതു സംബന്ധിച്ച് മഹാരാജാവിനോടും ദിവാനോടും പരാതിപ്പെട്ടുവെങ്കിലും അവർക്ക് ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാനായില്ല. ഈ ചുറ്റുപാടിൽ രാജാവിന്റെ കീഴിലുള്ള ജോലി അവസാനിപ്പിച്ച് അംബേദ്കർ ബോംബെയ്ക്ക് തിരിച്ചുപോയി.

പിന്നീട് സ്റ്റോക്ക് ഷെയർ ഇടപാടുകാർക്ക് ഉപദേശം നൽകുന്നതിന് ഒരു ബിസിനസ് സ്ഥാപനം ആരംഭിച്ചു. സാമാന്യം നല്ല വരുമാനം അതിൽ നിന്നുണ്ടായി. പക്ഷെ, അധികം കഴിയുന്നതിനു മുമ്പ്, സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ ഒരയിത്ത ജാതിക്കാരനാണെന്ന് ഇടപാടുകാർ അറിഞ്ഞു. സ്ഥാപനം അതോടെ പൂട്ടേണ്ടി വന്നു. തുടർന്ന് ബോംബെയിലെ സൈഡൻ ഹാം കോളേജ് ഓഫ് കോമേഴ്സ് ആന്റ് ഇക്കണോമിക്സിൽ പ്രൊഫസറായി. അംബേദ്കറുടെ ആഴത്തിലുള്ള പഠനവും വിശദമായ വ്യാഖ്യാ



നങ്ങളും നിരുപമമായ അധ്യാപനശൈലിയും വിദ്യാർഥികൾക്ക് വളരെയേറെ ഇഷ്ടപ്പെട്ടു. ചെറുപ്പക്കാരനായ ഈ പ്രൊഫസർ വിദ്യാർഥികൾക്കിടയിൽ പ്രസിദ്ധനായിത്തീർന്നു. പക്ഷെ, ദിവ്യമായ ഈ വൈജ്ഞാനികാന്തരീക്ഷത്തിലും ഒരു പ്രൊഫസർ എന്ന നിലയിൽ അദ്ദേഹത്തിനുണ്ടായ വിജയത്തിന് അയിത്തമെന്ന ദുരാചാരത്തിന്റെ ഉഗ്രത കുറയ്ക്കാൻ കഴിഞ്ഞില്ല. സ്റ്റാഫ്റൂമിൽ കൂജയിൽ നിന്നും അംബേദ്കർ വെള്ളമെടുത്തു കുടിച്ചതിനെ ചില ഗുജറാത്തി പ്രൊഫസർമാർ എതിർത്തു.

അതിനുശേഷം വക്കീൽപ്പണി ആരംഭിച്ചു. കീഴ്ക്കോടതികളിൽ വക്കീൽപ്പണി വിജയിക്കണമെങ്കിൽ സർക്കാർ വക്കീലന്മാരുടെ സഹകരണം വേണം. അയിത്തജാതിക്കാനായ അംബേദ്കർക്ക് അതു കിട്ടിയില്ല. എങ്കിലും ഒരു ബാരിസ്റ്ററായ തനിക്ക് ആ ജോലിയിൽ വളരെയേറെ ശോഭിക്കാൻ കഴിഞ്ഞു. ജാതിയുടെ പേരിൽ താനനുഭവിച്ച തിക്താനുഭവങ്ങളുടെയും കഷ്ടപ്പാടുകളുടെയും വെളിച്ചത്തിൽ അയിത്ത ജാതിക്കാരുടെ മോചനത്തിനായി സവർണമേധാവിത്വത്തോട് നിരന്തരം പോരാടിയ അംബേദ്കറെയാണ് പിന്നീട് നാം കാണുന്നത്. അന്ധവിശ്വാസവും അനാചാരവും കൊണ്ട് ജീർണിച്ച സമൂഹത്തിൽ നിന്നുകൊണ്ട് യുക്തിചിന്തയുടെയും ഉല്പതിഷ്ണത്വത്തിന്റെയും പടവാളെടുത്ത് സവർണമേധാവിത്വത്തെ അദ്ദേഹം വെല്ലുവിളിച്ചു.

1928-ൽ സൈമൺ കമ്മീഷൻ ഇന്ത്യയിൽ വന്നപ്പോൾ കോൺഗ്രസ് കമ്മീഷനെ ബഹിഷ്കരിച്ചു. കമ്മീഷനിൽ ഇന്ത്യാക്കാർ ഇല്ലാതിരുന്നതിനാലാണ് അതിനെ ബഹിഷ്കരിച്ചത്. എന്നാൽ ഇന്ത്യയിലെ അടിമത്വമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുവാൻ അംബേദ്കർ കമ്മീഷനുമായി സഹകരിച്ചു. ഇതേതുടർന്ന് അംബേദ്കറിന് പുതിയൊരു വിശേഷണംകൂടി ചാർത്തിക്കിട്ടി— 'രാജ്യദ്രോഹി'. അംബേദ്കർ കൊളംബിയ സർവകലാശാലയിൽ വിദ്യാർഥിയായിരിക്കുന്ന കാലത്ത് തന്നെ പ്രകടിപ്പിച്ച രാജ്യസ്നേഹം പത്തരമാറ്റിന്റേതാണ്. അവിടെവെച്ച് ഭാരതം ദരിദ്രരുടെയും അജ്ഞാനികളുടെയും നാടാണ് എന്നു പറഞ്ഞ ബ്രിട്ടീഷ് വിദ്യാർഥി ഹെൻട്രിയോട് അംബേദ്കർ തട്ടിക്കയറി. ബ്രിട്ടീഷുകാർ വന്നെത്തും വരെ ബംഗാൾ ലോകത്തിലെ ഏറ്റവും സമൃദ്ധമായ പ്രദേശമായിരുന്നുവെന്നും ബ്രിട്ടീഷ് പരമാധികാരത്തിൻകീഴിൽ കേവലം 13 വർഷംകൊണ്ടാണ് ബംഗാളിൽ ആകമാനം ദാരിദ്ര്യവും പട്ടിണിമരണവും ക്ഷാമവും നടമാടിയതെന്നും അദ്ദേഹം പറഞ്ഞു. ഇംഗ്ളണ്ടിന്റെ സമൃദ്ധിയുടെ പിന്നിൽ തന്റെ രാജ്യത്തെ ചൂഷണം ചെയ്യപ്പെട്ട സമ്പന്നതയാണ് എന്ന് തെളിവുകൾ നിരത്തി ഹെൻട്രിയോട് വിശദീകരിച്ചു കൊടുത്തപ്പോൾ അയാൾ ഇളിഭ്യനായി. ലണ്ടൻ സർവകലാശാലയിൽ അംബേദ്കർ സമർപ്പിച്ച് 'ദി പ്രോബ്ലം ഓഫ് റുപ്പി' എന്ന പ്രബന്ധം ഉറുപ്പികയുടെ പൗണ്ടുമായുള്ള ബന്ധം ബ്രിട്ടീഷുകാരുടെ സാമ്പത്തിക നേട്ടത്തിനായി എങ്ങനെ വ്യവസ്ഥ

പ്പെടുത്തി എന്ന് വ്യക്തമാക്കുന്നതായിരുന്നു.

'ഭാരതരത്നം' രാജ്യത്തെ ഏറ്റവും പരോന്നത സിവിലിയൻ അവാർഡാണ്. 1954-ൽ ഏർപ്പെടുത്തിയ ഈ അവാർഡ് അംബേദ്കർക്ക് നൽകുന്നത് അദ്ദേഹത്തിന്റെ മരണശേഷമാണ്. രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ സബിതാ അംബേദ്കർക്ക് അവാർഡ് നൽകിയപ്പോൾ അംബേദ്കറെക്കുറിച്ചുള്ള പ്രശസ്തി പത്രം വായിച്ചില്ലെന്ന് 1988 ഏപ്രിൽ 19 ലെ ടൈംസ് ഓഫ് ഇന്ത്യ പത്രം റിപ്പോർട്ട് ചെയ്തിരുന്നു. അവാർഡ് ദാനത്തോടനുബന്ധിച്ചിറക്കിയ ലഘുപുസ്തകത്തിൽ അദ്ദേഹം ജനിച്ച വർഷമോ മരിച്ച വർഷമോ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സംഭാവനകളും കാര്യമായി പ്രകീർത്തിച്ചില്ല.

അനീതി അനുഭവിക്കുന്നവൻ സ്വന്തം പ്രയത്നങ്ങളും പ്രവർത്തനങ്ങളും കൊണ്ട് അതിനെ ഇല്ലായ്മ ചെയ്യണമെന്ന് അംബേദ്കർ ഉദ്ബോധിപ്പിച്ചു. അധഃസ്ഥിതജനതയുമായി നിരന്തരം ഇടപഴകി അവരുടെ ദരിദ്രമായ അവസ്ഥയും കീറിപ്പറിഞ്ഞ വേഷങ്ങളും മുഖങ്ങളിലെ ദൈന്യതയും കണ്ണീരും വിശപ്പും ദാഹവുമെല്ലാം കണ്ട് സഹിക്കാനാവാതെ അദ്ദേഹം ഒരിക്കൽ എഴുതി. "നിങ്ങളുടെ ദയനീയമായ മുഖങ്ങളും ദുഃഖാർത്തമായ ശബ്ദങ്ങളും കണ്ടും കേട്ടും എന്റെ ഹൃദയം പൊട്ടുന്നു. നിങ്ങൾ അനാദികാലമായി ഈ ആർത്തനാദം പുറപ്പെടുവിക്കുന്നു, ഇപ്പോഴും ഈ നിസ്സഹായവസ്ഥയെ അപരിഹാര്യമായ ഒന്നായി കരുതി ആശ്ലേഷിക്കാൻ നിങ്ങൾക്കു സങ്കോചമില്ലല്ലോ. നിങ്ങൾ നിങ്ങളുടെ അമ്മമാരുടെ ഗർഭത്തിൽ വച്ചു തന്നെ എന്തുകൊണ്ട് നാശമടഞ്ഞില്ല? നിങ്ങളുടെ പരിതാപകരവും നിന്ദ്യവും വെറുക്കപ്പെട്ടതും ദയനീയവുമായ ജീവിതം കൊണ്ട് ലോകത്തിന്റെ ദുഃഖങ്ങളുടെയും ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ഭാരതത്തിന്റെയും ചിത്രം എന്തിനു നിങ്ങൾ കൂടുതൽ വഷളാക്കുന്നു, ദുഃഖപൂർണമാക്കുന്നു? നിങ്ങൾക്ക് ഒരു പുതിയ ജീവിതത്തിലേക്ക് ഉയരാനും സ്വയം വീര്യമാർജിക്കാനും കഴിയുന്നില്ലെങ്കിൽ നിങ്ങൾ മരിക്കുന്നതാണ് ഭേദം. ഈ ലോകത്തിന്റെ ഭാരം കുറയട്ടെ. ഉയർന്നവനോ താണവനോ ആയ ഏതൊരു വ്യക്തിക്കും ലഭിക്കുന്നതിനു സമാനമായ ആഹാരവും പാർപ്പിടവും വസ്ത്രവും ഈ മണ്ണിൽ ലഭിക്കുകയെന്നത് യഥാർഥത്തിൽ നിങ്ങളുടെ ജന്മാവകാശമാണ്. ആദരണീയമായ ഒരു ജീവിതത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ, സ്വാശ്രയമാണ് ഏറ്റവും നല്ല സഹായം എന്ന് നിങ്ങൾ വിശ്വസിക്കുക".



# തകഴി ശിവശങ്കരപ്പിള്ള

## (1912–1999)

**1912** ഏപ്രിൽ 17-ാം തീയതി തകഴി പടഹാരം മുറിയിൽ അരിഷ്പുറത്തു വീട്ടിൽ പൊയ്പ്പള്ളിക്കളത്തിൽ ശങ്കരക്കുറുപ്പിന്റെയും പാർവതിയമ്മയുടെയും മകനായി ശിവശങ്കരപ്പിള്ള ജനിച്ചു. തകഴി മലയാളം സ്കൂളിലും അമ്പലപ്പുഴ ഇംഗ്ലീഷ് മിഡിൽ സ്കൂളിലും വൈക്കം ഹൈസ്കൂളിലും കരുവാറ്റ ഹൈസ്കൂളിലും പഠിച്ചു. പിന്നീട് തിരുവനന്തപുരം ലോകോളേജിൽ പ്ലീഡർഷിപ്പ് കോഴ്സ് പൂർത്തിയാക്കി. 1933-ൽ ത്യാഗത്തിന്റെ പ്രതിഫലം ആദ്യപുസ്തകമായി പ്രസിദ്ധപ്പെടുത്തി. തകഴിയുടെ മിക്ക നോവലുകളുടെയും മുഖ്യപ്രമേയം മണ്ണിനോട് മല്ലടിക്കുന്ന ഗ്രാമീണരുടെ പ്രശ്നങ്ങളാണ്. 1947-ൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ നേതാവായി. 1956-ൽ ചെമ്മീൻ നാഷണൽ അവാർഡ് നേടി. ഏണിപ്പടികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. റഷ്യ, മലയ, ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, ഇറ്റലി എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ്, ജ്ഞാനപീഠം ബഹുമതി (1984), പത്മഭൂഷൺ ബഹുമതി (1985), കേരള സർവകലാശാലയുടെ ഡി.ലിറ്റ് ബഹുമതി (1985), മഹാത്മാഗാന്ധി സർവകലാശാലയുടെ ഡി.ലിറ്റ് ബഹുമതി എന്നിവ ലഭിച്ചിട്ടുണ്ട്. ഭരണഘടന അംഗീകരിച്ച എല്ലാ ഇന്ത്യൻ പ്രാദേശിക ഭാഷകളിലേക്കും കേന്ദ്രസാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുള്ള നോവലുകളാണ് ചെമ്മീൻ, രണ്ടിടങ്ങഴി എന്നിവ. ഏറ്റവും കൂടുതൽ വിദേശഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഏക ഭാരതീയ നോവലാണ് ചെമ്മീൻ.

പ്രധാന കൃതികൾ: ത്യാഗത്തിന്റെ പ്രതിഫലം, പതിതപങ്കജം, സുശീലൻ, പരമാർത്ഥങ്ങൾ, വില്പനക്കാരി, തലയോട്, തോട്ടിയുടെ മകൻ, തെണ്ടിവർഗം, അവന്റെ സ്മരണകൾ, ചെമ്മീൻ, ജീവിതം സുന്ദരമാണ് പക്ഷെ..., ഏണിപ്പടികൾ, അനുഭവങ്ങൾ പാളിച്ചകൾ, ആകാശം, ചുക്ക്, വ്യാകുലമാതാവ്, പെണ്ണ്, രണ്ടിടങ്ങഴി, പുന്നപ്രവയലാറിന് ശേഷം, കയർ, പുതുമലർ, ഘോഷയാത്ര, അടിയൊഴുക്കുകൾ, നിത്യകന്യക, ഞരക്കങ്ങൾ, തകഴിയുടെ കഥകൾ, എന്റെ ബാല്യകാലം, എന്റെ വക്കീൽ ജീവിതം (ആത്മകഥകൾ), തുടങ്ങി 30 ലേറെ ചെറുകഥകളും കഥകളും യാത്രാവിവരണങ്ങളുമാണ് ഇദ്ദേഹം രചിച്ചത്. 1999 ഏപ്രിൽ 10ന് അന്തരിച്ചു.

**വിനോദ്, പട്ടാണിപ്പാറ**

പ്പെടുത്തി എന്ന് വ്യക്തമാക്കുന്നതായിരുന്നു.

‘ഭാരതരത്നം’ രാജ്യത്തെ ഏറ്റവും പരോന്നത സിവിലിയൻ അവാർഡാണ്. 1954-ൽ ഏർപ്പെടുത്തിയ ഈ അവാർഡ് അംബേദ്കർക്ക് നൽകുന്നത് അദ്ദേഹത്തിന്റെ മരണശേഷമാണ്. രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ സബിതാ അംബേദ്കർക്ക് അവാർഡ് നൽകിയപ്പോൾ അംബേദ്കറെക്കുറിച്ചുള്ള പ്രശസ്തി പത്രം വായിച്ചില്ലെന്ന് 1988 ഏപ്രിൽ 19 ലെ ടൈംസ് ഓഫ് ഇന്ത്യ പത്രം റിപ്പോർട്ട് ചെയ്തിരുന്നു. അവാർഡ് ദാനത്തോടനുബന്ധിച്ചിറക്കിയ ലഘുപുസ്തകത്തിൽ അദ്ദേഹം ജനിച്ച വർഷമോ മരിച്ച വർഷമോ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സംഭാവനകളും കാര്യമായി പ്രകീർത്തിച്ചില്ല.

അനീതി അനുഭവിക്കുന്നവൻ സ്വന്തം പ്രയത്നങ്ങളും പ്രവർത്തനങ്ങളും കൊണ്ട് അതിനെ ഇല്ലായ്മ ചെയ്യണമെന്ന് അംബേദ്കർ ഉദ്ബോധിപ്പിച്ചു. അധഃസ്ഥിതജനതയുമായി നിരന്തരം ഇടപഴകി അവരുടെ ദരിദ്രമായ അവസ്ഥയും കീറിപ്പറിഞ്ഞ വേഷങ്ങളും മുഖങ്ങളിലെ ദൈന്യതയും കണ്ണീരും വിശപ്പും ദാഹവുമെല്ലാം കണ്ട് സഹിക്കാനാവാതെ അദ്ദേഹം ഒരിക്കൽ എഴുതി. “നിങ്ങളുടെ ദയനീയമായ മുഖങ്ങളും ദുഃഖാർത്തമായ ശബ്ദങ്ങളും കണ്ടും കേട്ടും എന്റെ ഹൃദയം പൊട്ടുന്നു. നിങ്ങൾ അനാദികാലമായി ഈ ആർത്തനാദം പുറപ്പെടുവിക്കുന്നു, ഇപ്പോഴും ഈ നിസ്സഹായവസ്ഥയെ അപരിഹാര്യമായ ഒന്നായി കരുതി ആശ്ലേഷിക്കാൻ നിങ്ങൾക്കു സങ്കോചമില്ലല്ലോ. നിങ്ങൾ നിങ്ങളുടെ അമ്മമാരുടെ ഗർഭത്തിൽ വച്ചു തന്നെ എന്തുകൊണ്ട് നാശമടഞ്ഞില്ല? നിങ്ങളുടെ പരിതാപകരവും നിന്ദ്യവും വെറുക്കപ്പെട്ടതും ദയനീയവുമായ ജീവിതം കൊണ്ട് ലോകത്തിന്റെ ദുഃഖങ്ങളുടെയും ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ഭാരതത്തിന്റെയും ചിത്രം എന്തിനു നിങ്ങൾ കൂടുതൽ വഷളാക്കുന്നു, ദുഃഖപൂർണമാക്കുന്നു? നിങ്ങൾക്ക് ഒരു പുതിയ ജീവിതത്തിലേക്ക് ഉയരാനും സ്വയം വീര്യമാർജിക്കാനും കഴിയുന്നില്ലെങ്കിൽ നിങ്ങൾ മരിക്കുന്നതാണ് ഭേദം. ഈ ലോകത്തിന്റെ ഭാരം കുറയട്ടെ. ഉയർന്നവനോ താണവനോ ആയ ഏതൊരു വ്യക്തിക്കും ലഭിക്കുന്നതിനു സമാനമായ ആഹാരവും പാർപ്പിടവും വസ്ത്രവും ഈ മണ്ണിൽ ലഭിക്കുകയെന്നത് യഥാർഥത്തിൽ നിങ്ങളുടെ ജന്മാവകാശമാണ്. ആദരണീയമായ ഒരു ജീവിതത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ, സ്വാശ്രയമാണ് ഏറ്റവും നല്ല സഹായം എന്ന് നിങ്ങൾ വിശ്വസിക്കുക”.



# തകഴി ശിവശങ്കരപ്പിള്ള

## (1912-1999)

**1912** ഏപ്രിൽ 17-ാം തീയതി തകഴി പടഹാരം മുറിയിൽ അരിപ്പുറത്തു വീട്ടിൽ പൊയ്പ്പള്ളിക്കളത്തിൽ ശങ്കരക്കുറുപ്പിന്റെയും പാർവതിയമ്മയുടെയും മകനായി ശിവശങ്കരപ്പിള്ള ജനിച്ചു. തകഴി മലയാളം സ്കൂളിലും അമ്പലപ്പുഴ ഇംഗ്ലീഷ് മിഡിൽ സ്കൂളിലും വൈക്കം ഹൈസ്കൂളിലും കരുവാറ്റ ഹൈസ്കൂളിലും പഠിച്ചു. പിന്നീട് തിരുവനന്തപുരം ലോകോളേജിൽ പ്ലീഡർഷിപ്പ് കോഴ്സ് പൂർത്തിയാക്കി. 1933-ൽ ത്യാഗത്തിന്റെ പ്രതിഫലം ആദ്യപുസ്തകമായി പ്രസിദ്ധപ്പെടുത്തി. തകഴിയുടെ മിക്ക നോവലുകളുടെയും മുഖ്യപ്രമേയം മണ്ണിനോട് മല്ലടിക്കുന്ന ഗ്രാമീണരുടെ പ്രശ്നങ്ങളാണ്. 1947-ൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ നേതാവായി. 1956-ൽ ചെമ്മീൻ നാഷണൽ അവാർഡ് നേടി. ഏണിപ്പടികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. റഷ്യ, മലയ, ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, ഇറ്റലി എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ്, ജ്ഞാനപീഠം ബഹുമതി (1984), പത്മഭൂഷൺ ബഹുമതി (1985), കേരള സർവകലാശാലയുടെ ഡി.ലിറ്റ് ബഹുമതി (1985), മഹാത്മാഗാന്ധി സർവകലാശാലയുടെ ഡി.ലിറ്റ് ബഹുമതി എന്നിവ ലഭിച്ചിട്ടുണ്ട്. ഭരണഘടന അംഗീകരിച്ച എല്ലാ ഇന്ത്യൻ പ്രാദേശിക ഭാഷകളിലേക്കും കേന്ദ്രസാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുള്ള നോവലുകളാണ് ചെമ്മീൻ, രണ്ടിടങ്ങഴി എന്നിവ. ഏറ്റവും കൂടുതൽ വിദേശഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഏക ഭാരതീയ നോവലാണ് ചെമ്മീൻ.

പ്രധാന കൃതികൾ: ത്യാഗത്തിന്റെ പ്രതിഫലം, പതിതപങ്കജം, സുശീലൻ, പരമാർത്ഥങ്ങൾ, വില്പനക്കാരി, തലയോട്, തോട്ടിയുടെ മകൻ, തെണ്ടിവർഗം, അവന്റെ സ്മരണകൾ, ചെമ്മീൻ, ജീവിതം സുന്ദരമാണ് പക്ഷെ..., ഏണിപ്പടികൾ, അനുഭവങ്ങൾ പാളിച്ചകൾ, ആകാശം, ചുക്ക്, വ്യാകുലമാതാവ്, പെണ്ണ്, രണ്ടിടങ്ങഴി, പുന്നപ്ര വയലാറിന് ശേഷം, കയർ, പുതുമലർ, ഘോഷയാത്ര, അടിയൊഴുക്കുകൾ, നിത്യകന്യക, ഞരക്കങ്ങൾ, തകഴിയുടെ കഥകൾ, എന്റെ ബാല്യകാലം, എന്റെ വക്കീൽ ജീവിതം (ആത്മകഥകൾ), തുടങ്ങി 30 ലേറെ ചെറുകഥകളും കഥകളും യാത്രാവിവരണങ്ങളുമാണ് ഇദ്ദേഹം രചിച്ചത്. 1999 ഏപ്രിൽ 10ന് അന്തരിച്ചു.

**വിനോദ്, പട്ടാണിപ്പാറ**




# സിക്കിം
## സ്വർഗതുല്യമീ നാട്

വിനോദ് പി.

സാംഗ്ദോ തടാകത്തിനരികെ യാക്കിന്മേലൊരു സവാരി



## ഭൂമിയിലെ സ്വർഗം കാ

ഭാരതത്തിലെ 22-ാം സംസ്ഥാനമായ സിക്കിമിലൂടെ ഒരു പഠനയാത്രയെന്നത് അപ്രതീക്ഷിതമായി കൈവന്ന ഒരു ഭാഗ്യാനുഭവമായി. ഇക്കഴിഞ്ഞ ആഴ്ചകളിലാണ് പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ പത്രപ്രവർത്തകരുമൊത്ത് യാത്ര പോകാൻ അവസരം ലഭിച്ചത്. വിവര പൊതുജനസമ്പർക്ക വകുപ്പ് ഈ വർഷത്തെ യാത്രയ്ക്ക് തെരഞ്ഞെടുത്തത് മേൽപ്പറഞ്ഞ മൂന്ന് ജില്ലകളിലെ മാധ്യമ പ്രവർത്തകരെയാണ്.

തിരുവനന്തപുരം - ഗുവാഹത്തി എക്സ്പ്രസ്സിലായിരുന്നു യാത്ര. രാജ്യത്ത് ഏറ്റവും കൂടുതൽ ദൂരത്തിൽ ഓടുന്ന ഈ ട്രെയിനിൽ അസൗകര്യങ്ങൾ മാത്രമാണ് അകമ്പടിയേകുന്നത്. തീർത്തും ദുരിതപൂർണമാണ് ഇതിലെ സഞ്ചാരം. വെള്ളമില്ലാത്ത ലാട്രിനുകളും പൊട്ടിക്കീറിയ ബർത്തുകളും ആന്ധ്രയിലെ ചുട്ടുപൊള്ളുന്ന കൊടും ചൂടും കൂടിയാകുമ്പോൾ സഞ്ചാരം അതികഠിനം.

രണ്ടാം ദിവസം ഉച്ചയോടെ ട്രെയിൻ ഹൗറയിലെത്തിയപ്പോൾ കൊൽക്കത്ത നഗരത്തിന്റെ എല്ലാ തിരക്കും പ്ളാറ്റ്ഫാറത്തിൽ



## ശ്മീരാണെങ്കിൽ നാം അറിയാത്ത സ്വർഗങ്ങളുടെ സ്വർഗമാണ് സിക്കിം.

ദൃശ്യമായി. ഈറക്കോപ്പയിൽ ഭംഗിയോടെ നുറുക്കിയടുക്കിയ പച്ചക്കറികളും പഴങ്ങളും വാങ്ങാൻ യാത്രക്കാർ മിക്കവരും പ്ളാറ്റ്ഫാറത്തിൽ ഇറങ്ങുന്നു. നിമിഷങ്ങൾകൊണ്ടാണ് 10 രൂപ നിരക്കിലുള്ള ഈ പഴക്കോപ്പകൾ വിറ്റഴിക്കുന്നത്. ചുട്ടുപൊള്ളുന്ന ചൂടിൽ ഇതല്ലാതെ മറ്റൊന്നും ആശ്വാസമേകില്ലെന്നതാണ് കാര്യം. അർധരാത്രിയിൽ ട്രെയിൻ ന്യൂജാൽപായിഗുരിയിലെത്തി. രാജ്യത്തെ ഏറ്റവും മനോഹരമായ റെയിൽവേസ്റ്റേഷനുകളിലൊന്നാണിത്. മനോഹരമായ ടൈൽസ് പതിച്ച വൃത്തിയുള്ളതും വിശാലവുമായ പ്ളാറ്റ്ഫാറങ്ങൾ. നന്നായി ആസൂത്രണം ചെയ്ത് നിർമിച്ച സ്റ്റേഷൻ കെട്ടിടങ്ങളും ഫുട്ട്ഓവർബ്രിഡ്ജുകളും. ഹോട്ടലിലെത്തി വിശ്രമിച്ചതിനു ശേഷം രാവിലെ എല്ലാവരും നഗരം കാണാനിറങ്ങി. പ്രശസ്തമായ സിലിഗുരി ജില്ലയിലാണ് എൻ.ജെ.പി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഈ നഗരം. ഡാർജിലിംഗിനെപ്പോലെ ഗൂർഖാവംശജരുടെ മേഖലയാണിത്. കമ്പിളി വസ്ത്രങ്ങളുടെ നിർമാണവും വിപണനവുമാണ് പ്രധാന തൊഴിൽ മേഖല.

ഉച്ചഭക്ഷണത്തിന് ശേഷം എൻ.ജെ.പിയിൽ നിന്നും ഗാംഗ്ടോക്കിലേക്കുള്ള യാത്രയ്ക്ക് സജ്ജമായി. 124 കി.മീറ്റർ വരുന്ന യാത്രയ്ക്ക് 1500 രൂപയാണ് ടാക്സി നിരക്ക്. എൻ.എച്ച് 31 വഴിയുള്ള യാത്രയ്ക്ക് നാല് മണിക്കൂർ വേണ്ടി വരും. കണ്ണിനും കരളിനും ഒരു പോലെ വിരുന്നേകുന്നതാണ് ഈ യാത്ര. ഗൂർഖാ റെജിമെന്റിന്റെ പട്ടാളബാരക്കുകൾ താണ്ടി 10 കി.മീറ്ററോളം പിന്നിടുമ്പോൾത്തന്നെ നിബിഡവനത്തിലൂടെയാകും യാത്ര. വഴിയോരത്ത് കുരങ്ങന്മാരും കാട്ടുമുയലുകളും ധാരാളം. മേഘപടലങ്ങൾ കൂടിയാകുമ്പോൾ നേരം സായംസന്ധ്യപോലെ. കുറേക്കൂടി പിന്നിടുമ്പോൾ ശ്വാസം വിടാൻ പോലും ഭയപ്പെടുന്നത്ര കൂറ്റൻ മലകളും കൊടുംകാടുകളും അഗാധ ഗർത്തങ്ങളും. പശ്ചിമബംഗാൾ അവസാനിക്കുന്ന സേവോക്കിലെത്തുമ്പോൾ മലയിടുക്കുകൾക്ക് നടുവിൽ മുത്തുമണികൾ ചിതറിത്തെറിക്കുന്നതുപോലെ കുത്തൊഴുക്കുമായി പായുന്ന ടീസ്റ്റ നദി. സിക്കിമിന്റെ ജീവനാഡിയായ ടീസ്റ്റ ഭൂട്ടാനും പശ്ചിമ ബംഗാളും ബംഗ്ളാദേശും സ്പർശിച്ചാണ് ഒഴുകുന്നത്. ഈ ഭാഗത്ത് ടീസ്റ്റാനദിക്ക് കുറുകെയുള്ള കൂറ്റൻപാലത്തിലൂടെ എൻ.എച്ച്.31 ഗുവാഹത്തിയിലേക്ക് തിരിയുന്നു. ഇവിടെ നിന്നും ഗുവാഹത്തിക്ക് 531 കി.മീ. ദൂരമാണ്. കാടിന്റെ താളവും മലനിരകളുടെ ഗാംഭീര്യവും ടീസ്റ്റയുടെ സംഗീതവും ഒത്തുചേരുന്ന സേവോക്കിൽ യാത്രാസംഘം ചായ കുടിക്കാനിറങ്ങി. റോഡിനോട് ചേർന്ന മലഞ്ചെരുവുകളിൽ നീളത്തിൽ മുളകൾ പാകി പലകയിട്ട് നിരത്തിയ ചായക്കടകളും വീടുകളും. പലകകൾക്കിടയിലൂടെ താഴോട്ട് നോക്കിയാൽ തല ചുറ്റുന്നതു പോലെ. കണ്ണെത്താത്തദൂരത്ത് അടിയിൽ ടീസ്റ്റയുടെ ഒച്ചയും പാറക്കെട്ടുകളും. ഇഞ്ചിയും ഏലവും ചേർത്ത ചായ മുളംകപ്പുകളിലാണ് പകരുന്നത്. ഹൃദ്യമായ രുചിയും മണവുമുള്ള ചായ കൊടുംതണുപ്പിന് ആശ്വാസമേകി.

പിന്നിടുന്നത് കുന്നിൽ നിന്ന് കുന്നിലേക്കുള്ള റോഡുകളും ടീസ്റ്റയ്ക്ക് കുറുകെയുള്ള പാലങ്ങളും. കാർമേഘം മൂടി മഴ കൂടിയായപ്പോൾ മാനവും മഴയും മലയും നദിയും ചേർന്ന് സൃഷ്ടിക്കുന്ന അപൂർവ സംഗമത്തിന്റെ ചാരുത ആസ്വദിച്ചായിരുന്നു പിന്നെയുള്ള യാത്ര. ടീസ്റ്റയ്ക്ക് അക്കരെയുള്ള ബംഗ്ലാദേശ്, ഭൂട്ടാൻ പ്രദേശങ്ങളും

യാത്രയിൽ കാണാം. പശ്ചിമ ബംഗാളിന്റെ അതിർത്തിയിൽ ടീസ്റ്റയ്ക്ക് കുറുകെയുള്ള റാങ്പോ പാലം കടക്കുമ്പോൾ സിക്കിമിന്റെ കവാടമായി. റാങ്പോയിലെത്തുമ്പോൾ ബുദ്ധ ഭിക്ഷുക്കളുടെ നീണ്ട നിരയും വൻജനക്കൂട്ടവും. പട്ടണം നിറയെ മെറൂൺ നിറത്തിലുള്ള ബുദ്ധമതത്തിന്റെ കൊടിതോരണങ്ങൾ. വാഹനം നിർത്തി അന്വേഷിച്ചപ്പോൾ ദലൈലാമ ഉടനെ അവിടെ എത്തിച്ചേരുമെന്ന് അറിഞ്ഞു. വൻ സുരക്ഷാ സന്നാഹം. 10 വർഷത്തിന് ശേഷം ലാമ സിക്കിമിലെത്തുകയാണ്. 10 മിനിട്ടിനകം ദലൈലാമയെയും വഹിച്ചുകൊണ്ടുള്ള വാഹനവ്യൂഹം അവിടെയെത്തി. ലാമ വണ്ടിയിൽ നിന്നും ഇറങ്ങി ജനങ്ങൾക്ക് അഭിവാദ്യമേകി. യന്ത്രത്തോക്കുകളേന്തിയ നൂറ് കണക്കിന് സിക്കിം പോലീസുകാരുടെ കർശന സെക്യൂരിറ്റിയാണ് ഏർപ്പെടുത്തിയിരുന്നത്. കേരളത്തിൽ നിന്നുള്ള പത്രപ്രവർത്തകരാണെന്നറിഞ്ഞപ്പോൾ ചിത്രങ്ങൾ പകർത്താനും വിഷ്വൽ കവറേജ് നടത്താനും വലിയ പ്രയാസമുണ്ടായില്ല. തുടർന്ന് ദലൈലാമയുടെ വാഹനവ്യൂഹത്തിന് പിറകെയായിരുന്നു ഞങ്ങളുടെ യാത്ര. സിക്കിം ജനതയെ ഏതാണ്ട് പൂർണതോതിൽ കാണാൻ കഴിഞ്ഞുവെന്നതാണ് ഈ യാത്രയുടെ നേട്ടം. വഴിനീളെ സിക്കിം സ്ത്രീകളും കുട്ടികളും ചേർന്ന് ലാമയ്ക്ക് വൻ സ്വീകരണമാണ് ഒരുക്കിയത്. ബുദ്ധമതാചാരപ്രകാരം ദേവതാരുവൃക്ഷത്തിന്റെ ഇലകൾ കൂട്ടിയിട്ട് തീ കൊളുത്തിയുള്ള ആരതിയോടെയാണ് ലാമയ്ക്ക് പ്രണാമമർപ്പിക്കുന്നത്. ആൾക്കൂട്ടമുള്ളിടത്തെല്ലാം ദേവതാരു കത്തുന്ന അതീവ ഹൃദ്യമായ സുഗന്ധം. വഴിമധ്യേ റാണിപൂർ പട്ടണത്തിൽ കുറേ നേരം വാഹനം ബ്ലോക്കായി. അവിടെനിന്നും ഗാങ്ടോക്കിലേക്ക് തിരിക്കുമ്പോൾത്തന്നെ മണി നാല് കഴിഞ്ഞു. അപ്പോൾത്തന്നെ രാവ് എത്തുന്നതിന്റെ ലക്ഷണമായി. പിന്നെ യാത്രയിൽ കാണുന്നത് കൊടുംകുന്നുകളിൽ നിന്നും തെളിയുന്ന നക്ഷത്രവിളക്കുകളാണ്. വീടുകളിൽ നിന്നുള്ള ഈ വിളക്കുവെട്ടവും വിണ്ണിലെ താരനിരയും തമ്മിൽ തിരിച്ചറിയുക അസാധ്യം. ഗാങ്ടോക്ക് നഗരമടുക്കുമ്പോഴേക്കും കണ്ണുകൾക്ക് വിരുന്നേകുന്ന ദീപവിസ്മയം.

രാത്രി ഏഴരയോടെ ഗാങ്ടോക്ക് നഗരത്തിൽ എത്തിയപ്പോൾ നല്ല തണുപ്പെങ്കിലും റോഡ് നിറയെ ജനങ്ങൾ. നഗരത്തിൽ പതിവില്ലാത്ത കാഴ്ചയാണിത്. ഉറക്കച്ചടവിലേക്ക് നീങ്ങുന്ന ആ സമയത്ത് കണ്ട ജനം ദലൈലാമയുടെ സ്വീകരണം കഴിഞ്ഞ് വീടുകളിലേക്ക് നീങ്ങുന്നവരാണ്. ഭക്ഷണത്തിനു ശേഷം എല്ലാവരും ഹോട്ടലിൽ ഉറക്കത്തിനായി ഒരുങ്ങി. യാത്രാക്ഷീണവും തണുപ്പുമായപ്പോൾ നല്ല ഉറക്കം. യാത്രാസംഘത്തിലെ പ്രസ് ഫോട്ടോഗ്രാഫർമാരുടെ ആരവം കേട്ടാണ് പിന്നെ ഉണർന്നത്. വാച്ച് നോക്കുമ്പോൾ സമയം പുലർകാലെ നാലരയാകുന്നതേയുള്ളൂ. എന്നാൽ ഗാങ്ടോക്കിൽ അപ്പോൾ സൂര്യൻ ഉദിക്കുകയായി. ഹോട്ടൽകെട്ടിടത്തിന്റെ മുകളിൽ ക്യാമറയുള്ളവരെല്ലാം റെഡി. മലനിരകൾക്ക് മുകളിൽ തെളിയുന്നത് കാഞ്ചൻജംഗ കൊടുമുടി. ലോകത്തിലെ ഏറ്റവും ഉയരമുള്ള മൂന്നാമത്തെ ഗിരിനിര. പ്രഭാത സൂര്യന്റെ കിരണങ്ങൾ തട്ടി ചുവപ്പ് തുടിക്കുന്ന തുഷാരനിര. വെള്ളിമേഘം വന്നു മൂടുന്നതുവരെ എല്ലാവരും കൺകുളിർക്കെ കണ്ടു നിന്നു ഈ ദൃശ്യവിസ്മയം. അഞ്ച് മണിയോടെ നിരത്ത് സജീവമാകും. രാവിലെ ഏഴ് മണിയോടെ പ്രൗഢിയുള്ള സ്കൂൾ യൂണിഫോമും ധരിച്ച് വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ നിര. വൃത്തിയും വെടിപ്പും ഒത്തിണങ്ങിയ നഗരവീഥികളിലൂടെ പുഞ്ചിരി തൂകി നടന്നു നീങ്ങുന്ന ചുവന്നു തുടുത്ത വിദ്യാർത്ഥി സംഘങ്ങളെ കാണുമ്പോൾ നാം ജപ്പാനിലോ ചൈനയിലോ ചെന്നുപെട്ടതുപോലെ തോന്നും. അതിരാവിലെതന്നെ എം. ജി. റോഡിലെ മാർക്കറ്റിൽ സാധനങ്ങളുമായി വന്നെത്തുന്ന ലോറികളുടെ നിര. തലയിൽ നിന്നും പിറകോട്ട് വട്ടത്തിൽ കെട്ടിയി



സാംഗ്ദോ തടാകം

ട്ടുള്ള കയർ വളയത്തിൽ എത്ര ഭാരവും തൂക്കിയിറക്കുന്ന തൊഴിലാളി സംഘത്തെ നോക്കിനില്ക്കാൻ കൗതുകമേറെ. മാഹിയിലെ പോലെ ഇവിടെയും മദ്യഷാപ്പുകളുടെ പ്രളയമാണ്. വില തീരെ കുറവ്. എന്നാൽ മദ്യം മൂലമുള്ള വഴക്കും വക്കാണവും ഈ നാട്ടിൽ തീരെയില്ല. സമാധാനത്തോടും ശാന്തിയോടും ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ് സിക്കിം ജനതയെന്നും കേസുകൾ താരതമ്യേന വളരെ കുറവാണെന്നും സിക്കിം ഐ&പി.ആർ.ഡി.യിലെ ഇൻഫർമേഷൻ ഓഫീസർ ബുദ്ധറായി പറഞ്ഞു. നഗരത്തിൽ തുപ്പുകയോ ചപ്പുചവറുകളിടുകയോ റോഡ് വക്കിൽ മലമൂത്രവിസർജനം നടത്തുകയോ ചെയ്താൽ സിക്കിം പോലീസ് വെറുതെ വിടില്ല. ശുചിത്വത്തിൽ അതീവ ജാഗ്രത പുലർത്തുന്നതിൽ പരിഷ്കൃത രാജ്യങ്ങളിലെപ്പോലെ കർശന നിലപാട് സ്വീകരിച്ചിരിക്കുകയാണ് സിക്കിം. സിക്കിം പോലീസിന്റെ സാന്നിധ്യം എവിടെയും കാണാം. എന്നാൽ ഹൃദ്യവും മാന്യത നിറഞ്ഞതുമാണ് അവരുടെ പെരുമാറ്റം.

കേരളത്തിലെ ഒരു താലൂക്ക് ആസ്ഥാന പട്ടണത്തിന്റെ വലിപ്പമേയുള്ളൂ ഗാങ്ടോക്കിന്. അരലക്ഷം വരുന്ന ജനസംഖ്യ. സിക്കിം സംസ്ഥാനത്തിന് കേരളത്തിലെ രണ്ട് ജില്ലകളുടെ വലിപ്പം കഷ്ടിയേയുള്ളൂ. 7096 ചതുരശ്ര കിലോമീറ്റർ – ആകെ ജനസംഖ്യ 5.70 ലക്ഷം മാത്രമാണ്. കുറഞ്ഞത് അഞ്ച് ഡിഗ്രിയും കൂടിയത് 21 ഡിഗ്രിയുമാണ് താപനില. 124 കി.മീറ്റർ ദൂരത്തിലുള്ള ബംഗാളിലെ ബാഗ്ദ്രോഗയാണ് ഏറ്റവുമടുത്ത വിമാനത്താവളം. ഗാങ്ടോക്കിനടുത്ത് പാക്ക്യാങ് എന്ന സ്ഥലത്ത് 80 കോടി രൂപ ചെലവിൽ എയർപോർട്ടിന്റെ പണി വേഗത്തിൽ പൂർത്തിയാവുകയാണ്. സിക്കിം ടൂറിസം വകുപ്പ് ബാഗ്ദ്രോഗയിൽ നിന്നും ഹെലികോപ്റ്റർ സർവീസ് നടത്തുന്നുണ്ട്. 5000 രൂപയുടെ ടിക്കറ്റിൽ ഏഴ് പേർക്ക് സിക്കിമിന് മുകളിലൂടെ ഒരു ജാലകക്കാഴ്ചയാകാം. സംസ്ഥാനത്തെ നാല് ജില്ലകളായി തിരിച്ചിട്ടുണ്ട്. ഉത്തര, പശ്ചിമ, ദക്ഷിണ, പൂർവ ജില്ലകൾ. ഗാങ്ടോക്കും വശ്യസുന്ദരമായ സാംഗ്ദോ തടാകവും ചൈനീസ് അതിർത്തിയായ നാഥുലാപാസുമൊക്കെ കിഴക്കൻ ജില്ലയിലാണ്. സിക്കിമിലെ ഏറ്റവും പ്രകൃതി സുന്ദരമായ പ്രദേശം വടക്കൻ ജില്ലയാണ്. ലോകോത്തരമായ നൂറു കണക്കിന് സുന്ദര പുഷ്പങ്ങളുടെ വാടിയാണ് യുംതാഗും സമീപ പ്രദേശങ്ങളും. രംഗീത് നദിയും ടീസ്റ്റയും സംഗമിക്കുന്ന ത്രിവേണി സംഗമവും ട്രെക്കിംഗിനും അതിസാഹസികമായ യാക്കിംഗിനും പറ്റിയ പ്രദേശങ്ങളാലും സമൃദ്ധമാണ് പശ്ചിമജില്ല. വനനിബിഡവുമാണ് ആ പ്രദേശം.

യാത്രയിലെ ഏറ്റവും ചേതോഹരമായ അനുഭവം അടുത്ത ദിവസമായിരുന്നു. ഭൂമിയിലെ സ്വർഗം കാശ്മീരാണെങ്കിൽ നാം അറിയാത്ത സ്വർഗങ്ങളുടെ സ്വർഗമാണ് സിക്കിം. ഗാങ്ടോക്കിൽ നിന്ന് 54 കി.മീറ്റർ ദൂരത്തേയ്ക്കുള്ള നാഥുലാപാസിലേക്കുള്ള യാത്ര. ചൈനയുടെ ഈ അതിർത്തിയിലേക്കുള്ള യാത്രയ്ക്ക് നാല് മണിക്കൂറെടുക്കും. അസംബ്ലി മന്ദിരവും ഗവ. സെക്രട്ടേറിയറ്റും രാജ്ഭവനും പഴയ രാജമന്ദിരവും പിന്നിട്ട് ഹനുമാൻ ടോക്കിലെത്തുമ്പോൾ പട്ടാള പോസ്റ്റ്. അവിടെ നിന്നും രേഖകൾ പരിശോധിച്ച ശേഷമാണ് യാത്ര. മഞ്ഞ് നിറഞ്ഞ മലനിരകളും പട്ടാളബാരക്കുകളും മഞ്ഞ് മൂടിയ പൈൻ മരങ്ങളും താണ്ടുമ്പോൾ ഇടയ്ക്കിടെ ചുവന്ന കണ്ണുമായി തുറിച്ചു നോക്കുന്ന ഹിമനായ്ക്കൾ വഴിയോരങ്ങളിൽ. ചങ്ങല കെട്ടിയ ചക്രങ്ങളുമായി മഞ്ഞ് പാളികൾ നീക്കിമാറ്റുന്ന പട്ടാള ട്രക്കുകൾ ഇരു ദിശയിലേക്കും നീങ്ങുന്നുണ്ട്. യാത്രാമധ്യേ സാംഗ്ദോ തടാകം. ചുറ്റുമുള്ള മലകളിൽ നിന്നും ഉരുകിയിറങ്ങുന്ന മഞ്ഞ് നിറഞ്ഞ് ക്ഷീരസാഗരം പോലെയാണ് സാംഗ്ദോ. എത്രനോക്കി നിന്നാലും മതിവരാത്ത കാഴ്ചയാണ് ഈ പാലാഴിയേകുന്നത്. തടാകതീരത്ത് നിറയെ കടകൾ. പിന്നീടുള്ള യാത്ര









യ്ക്കാവശ്യമായ മുട്ടോളമുള്ള ഷൂസും കോട്ടും ഗ്ലൗസും ഇവിടെനിന്നും വാടകയ്ക്ക് നൽകും. ഇവയണിയാതെ നാഥുലയിലേക്ക് കടക്കാനാവില്ല. ഇവയൊക്കെ അണിയിക്കുന്നത് സുന്ദരികളായ സിക്കിം പെൺകുട്ടികളാണ്. നിർദോഷമായ കമന്റുകൾക്ക് പുഞ്ചിരി തൂകി അംഗീകാരം. എന്നാൽ അധികരിച്ചാൽ സുസ്മിതം തൂകി മാന്യതയോടെയുള്ള വിലക്കും ഒപ്പമുണ്ടാകും. മൈനസിലേക്ക് പോകുന്ന താപനിലയാണവിടെ. കരകൗശലവസ്തുക്കളുടെ വില്പനയും ഫുഡ്സ്റ്റാളുകളുമുണ്ട്. തറ തട്ടെ രോമാവൃതമായ ശരീരമുള്ള യാക്കിന് മുകളിലുള്ള യാത്രയാണ് രസകരം. സാംഗ്ദോതടാകം ചുറ്റിയടിക്കാൻ 40 രൂപയാണ് നിരക്ക്. ഒരിക്കലും മറക്കാനാവാത്തതാണ് ശേഷിക്കുന്ന ദൂരം താണ്ടുന്ന സഞ്ചാരം. ആകാശത്തിനും മലനിരകൾക്കും അഗാധഗർത്തങ്ങൾക്കും ഒരേ നിറം. മണ്ണും വിണ്ണും തിരിച്ചറിയാനാകാതെ മുന്നോട്ട് നീങ്ങുമ്പോൾ മഞ്ഞിൽ നിർമിച്ചതു പോലെ വെള്ളമൂടിയ പൈൻമരക്കൂട്ടങ്ങൾ. അവയ്ക്കിടയിലൂടെ പാലരുവികൾ. ഇടയ്ക്കിടെ കാണുന്നത് പട്ടാള ടെന്റുകളുടെ മേൽക്കൂരകൾ മാത്രം. തുരങ്കങ്ങൾ പോലെ തോന്നിക്കുന്ന ടെന്റ് വാതിലുകളിൽ നിന്നും പുറത്തേക്ക് വരുന്ന പട്ടാളക്കാർ. മഞ്ഞുമഴയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു നീങ്ങുന്ന പട്ടാളക്കാർ. ഫോട്ടോഗ്രാഫ് എടുക്കുന്നത് കർശനമായി വിലക്കുന്നുണ്ട്. നാഥുലയിലെത്തുമ്പോൾ നാം സമുദ്രനിരപ്പിൽ നിന്നും 12000 അടി മുകളിലാണ്. തുഷാര ഗിരികളും തൂവെള്ള ചക്രവാളവും പോലെ തന്നെ ഭൂതലവും അവിടെ പാൽവെള്ളനിറത്തിലാണ്.

നാഥുലയിൽ നിന്നുള്ള മടക്കയാത്രയിൽ വാഹനത്തിന് കുറച്ചുകൂടി വേഗതയേറി. പട്ടാളക്കണ്ണുകളിൽ നിന്നും അകലുമ്പോൾ അതിസമർത്ഥമായി ചിലർ ഫോട്ടോയെടുക്കുന്നുണ്ട്. എന്നാൽ ഫ്ളാഷടിക്കുമ്പോൾത്തന്നെ അടുത്ത പട്ടാള സംഘത്തിന്റെ പരിധിയിലാകും. പിടിയിലായാൽ ഫിലിമെടുത്തു മാറ്റും. കർക്കശക്കാരായാൽ ക്യാമറയും പിടികൂടിയതു തന്നെ. വൈകുന്നേരം ഗാങ്ടോക്കിൽ തിരിച്ചെത്തുമ്പോഴേക്കും സഞ്ചാരം പകർന്ന സംതൃപ്തിയും ഒപ്പം ക്ഷീണവും. എങ്കിലും മിക്കവരും നഗരത്തിന് മുകളിലൂടെയുള്ള മൂന്ന് കി.മീറ്റർ റോപ്പ് വേ യാത്ര മുടക്കിയില്ല. ഗാങ്ടോക്ക് കുന്നുകളെ തൊട്ടുരുമ്മിയുള്ള കൗതുകം പകരുന്ന യാത്ര. അസംബ്ലി മന്ദിരത്തിന്റെ മുന്നിൽ നിന്നാണ് റോപ്പ് വേയിലേക്കുള്ള പ്രവേശന കവാടം. അതേസമയം തന്നെ ദലൈലാമ അസംബ്ലിയെ അഭിവാദ്യം ചെയ്ത് പ്രസംഗിക്കാനെത്തുന്നതിന്റെ ഔദ്യോഗിക സന്നാഹങ്ങളാണ് അസംബ്ലി മുമ്പാകെ. രാത്രിയിൽ ഗാങ്ടോക്ക് നഗരത്തിലൊരു ചുറ്റിയടി. ടൂറിസ്റ്റുകളാണ് വഴിയോരങ്ങളിലും കടകളിലും റസ്റ്റോറന്റുകളിലും അധികവും. വൈകിട്ട് അഞ്ചിന് ശേഷം എം. ജി. റോഡിന്റെ പ്രധാന നിരത്തിൽ വാഹനങ്ങൾക്ക് പ്രവേശനമില്ല. മാർക്കറ്റിംഗ് സുഗമമാക്കാനാണ് ഈ നടപടി. അതുകൊണ്ട് തന്നെ ക്രിക്കറ്റ് ബാറ്റും ഫുട്ബോളുമായി വീഥി കയ്യടക്കുന്ന കൊച്ചുകുട്ടികളും ധാരാളം.

ഇതിനിടയിൽ സംഘാംഗങ്ങളിൽ ചിലർ മെയ്മു എന്നു പേരുള്ള നായിറച്ചി ലഭിക്കുന്ന റസ്റ്റോറന്റിൽ നിന്നും നാം പറഞ്ഞ് മാത്രം കേട്ടിട്ടുള്ള വിശിഷ്ടവിഭവം രുചിച്ചു നോക്കി. വാതുവച്ച് കഴിച്ച ചില ധൈര്യശാലികൾ റൂമിലെത്തിയയുടനെ ഛർദി നടത്തിയപ്പോഴാണ് മറ്റുള്ളവർ സംഭവം അറിഞ്ഞത്. പിറ്റേന്ന് നഗരപ്രാന്തത്തിലൊരു അതിവേഗ സവാരി. ബുദ്ധക്ഷേത്രങ്ങളും മതപാഠ ശാലകളും ഏറെയുള്ള ഈ നാട്ടിൽ മലനെറുകയിലുള്ള 'എംഗ്ചീ' ബുദ്ധക്ഷേത്രവും മതപാഠശാലയും സന്ദർശിച്ചു. 100 കണക്കിന് കുട്ടികൾ അവിടെ മതസൂക്തം ഉരുവിട്ട് പഠിക്കുകയാണ്. പൂർവേഷ്യൻ മാതൃകയിലുള്ള ക്ഷേത്രഗോപുരങ്ങൾ ഏറെ ആകർഷകമാണ്. താശിവ്യൂപോയിന്റിൽ നിന്നും കാഞ്ചൻജംഗയുടെ ദൃശ്യം ഒന്നുകൂടി കണ്ടു. തൊട്ടടുത്തു തന്നെയുള്ള സിക്കിം സർക്കാരിന്റെ കരകൗശലവസ്തുക്കളുടെ പ്രദർശനവും വില്പനയും നടത്തുന്ന സ്ഥാപനത്തിലും പോയി. എല്ലാവരും പെയിന്റിംഗ് വർക്കും കരകൗശലവസ്തുക്കളും ധാരാളം വാങ്ങിക്കൂട്ടി.

സ്വിറ്റ്സർലണ്ട് പോലെ പ്രകൃതി മനോഹരമാണ് ഈ സംസ്ഥാനം. എല്ലാ വിധ ഭൂമേഖലകളും ജൈവ വൈവിധ്യങ്ങളും ഇവിടെ സമൃദ്ധം. ലോകത്ത് മറ്റൊരു ഭൂപ്രദേശത്തും ഒരു ചെറിയ സ്ഥലപരിധിയിൽ ഇത്രയേറെ വിഭിന്ന വർഗത്തിലുള്ള മൃഗങ്ങളെയും പക്ഷികളെയും വൃക്ഷലതാദികളെയും കാണാനാകില്ലെന്നാണ് സിക്കിം വിനോദസഞ്ചാരവകുപ്പ് അധികൃതർ പറയുന്നത്. ലോകത്തെ ഏറ്റവും മനോഹരമായ ഓർക്കിഡുകൾക്കും പുഷ്പ വൈവിധ്യങ്ങൾക്കും പുകൾപെറ്റതാണ് സിക്കിം. വടക്കൻജില്ലയിലെ യുംതാഗ് ഇത്തരം പൂക്കളുടെ കേന്ദ്രമാണ്. 250-ൽ പരം ഓർക്കിഡുകൾ സിക്കിമിന്റെ സ്വന്തം. വടക്കൻ മലനിരകൾ ഹിമാലയൻ കഴുത (ക്യാംഗ്), കാട്ടുതാറാവ്, കുരയ്ക്കുന്ന മാൻ തുടങ്ങി അപൂർവ ജന്തുക്കളുടെ അധിവാസ കേന്ദ്രം കൂടിയാണ്. ഭാരൽ എന്നറിയപ്പെടുന്ന നീല നിറമുള്ള ആട്, പറക്കുന്ന അണ്ണാൻ, ഹിമാലയൻ താർ, പുലിപ്പൂച്ച, സംസ്ഥാന മൃഗമായ ചുവന്ന പാണ്ട തുടങ്ങിയ ജന്തു വൈവിധ്യങ്ങൾ ഏറെയാണിവിടെ. 600-ൽ





ചൈനീസ് അതിർത്തിയായ നാഥുലാപാസിലേക്ക്

പരം ഇനം ചിത്രശലഭങ്ങളുമുണ്ട്. അപൂർവ ഇനങ്ങളിൽപ്പെട്ടതും വർണഭംഗിയുമുള്ളതുമായ 500-ൽ പരം പക്ഷികളും ഈ ഹിമാലയൻ താഴ്‌വരയിൽ കാണാം.

സിക്കിമിലെവിടെ സഞ്ചരിച്ചാലും ബുദ്ധമതസൂക്തങ്ങൾ ആലേഖനം ചെയ്ത വിവിധ വർണങ്ങളിലുള്ള കൊടികൾ പാറുന്നത് കാണാം. ടിബറ്റൻ ബുദ്ധിസത്തിലൂന്നിയുള്ള സാമൂഹികക്രമമാണ് ഇവിടെയുള്ളത്. ജനസംഖ്യയിൽ 80 ശതമാനത്തിലധികവും ബുദ്ധമതവിഭാഗങ്ങളാണ്. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ മതങ്ങളാണ് പിന്നെയുള്ളത്. സമൂഹത്തിൽ മതപരമായ യാതൊരു വേർതിരിവോ അകൽച്ചയോ ഇല്ലെന്നതാണ് സിക്കിമിന്റെ പ്രത്യേകത.

വളരെ ചടുലമായ ഒരു ഭരണ നേതൃത്വമാണ് സിക്കിമിലേത്. മുഖ്യമന്ത്രി പവാംഗ് ചാംല സിക്കിമിന്റെ സർവതോന്മുഖ പുരോഗതിയ്ക്കുവേണ്ടിയുള്ള ഒട്ടേറെ പദ്ധതികളും പരിപാടികളും നടപ്പാക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. അദ്ദേഹം ഒരു കവിയും ചിത്രകാരനുമാണ്. 32 അംഗ സംസ്ഥാന നിയമസഭയിൽ 30 അംഗങ്ങളും ഭരണകക്ഷിയിലെ സിക്കിം ഡെമോക്രാറ്റിക് ഫ്രണ്ടിലാണ്. നാടിന് പുറത്തേക്ക് പോകാൻ സ്വതവേ മടിയുള്ള യുവജനതയ്ക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കി ലോകത്തിന്റെ എല്ലാ കോണുകളിലും പോയി അറിവും തൊഴിലും നേടാൻ പ്രാപ്തമാക്കുന്നതിന് സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. വിദ്യാഭ്യാസ രംഗത്ത് വൻ മുതൽമുടക്കാണ് സർക്കാർ നടത്തുന്നത്.

പിന്നെ യാത്ര ഗാങ്ടോക്കിൽ നിന്നും ഡാർജിലിംഗിലേക്ക്. 'ആതിഥേയത്വത്തിന്റെ നാട്' എന്ന വിശേഷണമുള്ള ഇവിടേയ്ക്കുള്ള യാത്രയിൽ ഗൂർഖാ വംശജനായ ഡ്രൈവർ യുവാവ് കുമാറിന്റെ ക്ഷോഭം സ്ഫുരിക്കുന്ന വിവരണം. ഗുർഖകൾ പതിറ്റാണ്ടുകളായി നേരിടുന്ന അവഗണനയുടെയും കഷ്ടതകളുടെയും കഥകൾ. ഭൂമിശാസ്ത്രപരമായി പശ്ചിമ ബംഗാളുമായി യാതൊരു ബന്ധവുമില്ലാത്ത തങ്ങളെ എന്നും രണ്ടാംതരക്കാരായി അവർ കാണുന്നുവെന്നാണ് കുമാറിന്റെ പരാതി. ഡാർജിലിംഗിനെക്കാൾ മനോഹരം ഗാങ്ടോക്കെന്ന് പറഞ്ഞ് കൊൽക്കത്തയിലും എൻ.ജെ.പി.യിലും വച്ച് തന്നെ ടൂറിസ്റ്റുകളെ തങ്ങളുടെ നാട്ടിൽ നിന്നും അകറ്റുന്നതായിപ്പോലും കുമാർ പറയുന്നു. സ്ഥാനമാനങ്ങൾ നേടിയപ്പോൾ സുഭാഷ് ഗീഷിങ്ങും വഞ്ചിച്ചുവെന്നാണ് അവരുടെ പരാതി.

മുഖത്ത് പുഞ്ചിരി തൂകാത്ത ആരെയും ഡാർജിലിംഗിൽ കാണാനാവില്ല. ലോകത്തിന്റെ ഏത് കോണിൽ നിന്നുമുള്ള സഞ്ചാരികളെ സ്വീകരിക്കാൻ ഡാർജിലിംഗ് സദാ സന്നദ്ധം. ടൈഗർഹിൽസിൽ നിന്നും സൂര്യോദയം കാണാൻ അതിരാവിലെ നാലരയ്ക്ക് തന്നെ വൻജനക്കൂട്ടം. മഞ്ഞ് പുതച്ച കാഞ്ചൻ ജംഗ കൊടുമുടിക്ക് മീതെ ഉദയസൂര്യന്റെ ആദ്യ കിരണങ്ങൾ നൽകുന്നത് അതീവഹൃദ്യമായ കാഴ്ചയാണ്. അതേപോലെ മനോഹരമാണ് ചിത്രശലഭങ്ങൾ കണക്കെ ഓടി നടന്ന് സന്ദർശകർക്ക് ചൂടു കാപ്പി വിൽക്കുന്ന ഡാർജിലിംഗ് പെൺകുട്ടികളുടെ ചുറുചുറുക്കും ഹൃദ്യമായ പെരുമാറ്റവും. വെളിച്ചമെത്തും മുമ്പ് മലകൾ താണ്ടി ആവി പറക്കുന്ന ചായയും കാപ്പിയുമായി നടന്നെത്തുന്ന പെൺകുട്ടികൾക്ക് ആരുടെയും കൂട്ട് വേണ്ട. വെളിച്ചമെത്തും മുമ്പേ വന്നു പോകാൻ അവർക്കൊട്ടു ഭയവുമില്ല. ആത്മവിശ്വാസവും സുരക്ഷിതത്വവും നിറഞ്ഞതാണ് അവരുടെ ജീവിതം. അതിരാവിലെ മൂന്നരയ്ക്ക് ടൈഗർഹിൽസിലേക്കുള്ള യാത്രയിൽത്തന്നെ തേയിലത്തോട്ടങ്ങളിലേക്ക് ജോലിക്ക് പോകുന്ന സ്ത്രീകൾ വണ്ടികളിൽ ലിഫ്റ്റ് ചോദിക്കുന്ന കാഴ്ചയും കാണാം.

ഡാർജിലിംഗിലേക്കുള്ള റോഡ് യാത്രയിൽ തന്നെ ന്യൂ ജാൽപായിഗുരിയിൽ നിന്നുള്ള നാരോ ഗേജ് ട്രെയിൻ കാണാം. റോഡ് ക്രോസ് ചെയ്തും ചിലയിടത്ത് റോഡിലൂടെയും നീളുന്ന പാളങ്ങൾ. ഈ ഏഴു മണിക്കൂർ യാത്രയുടെ കമ്പക്കാർ ഏറെയും വിദേശികളാണ്. ഡാർജിലിംഗിലെ നാഷണൽ പാർക്കും, മൗണ്ടനിറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ടെൻസിംഗിന്റെ ശവകുടീരവും ഖുംബുദ്ധക്ഷേത്രവും സന്ദർശിച്ച സംഘം റ്റിബറ്റൻ അഭയാർത്ഥി ക്യാമ്പും അവരുടെ കരകൗശല വില്പനശാലയും സന്ദർശിച്ചു. കരകൗശല വസ്തുക്കളുടെ നിർമാണം ജീവനോപാധിയാക്കിയ ഒരു നിര ടിബറ്റൻ വൃദ്ധരെ അവിടെ കാണാം. നിസംഗതയും ദൈന്യതയും നിഴലിക്കുന്നതാണ് നീരുറഞ്ഞതുപോലെയുള്ള അവരുടെ ചെറുകണ്ണുകൾ. ജനിച്ച മണ്ണിൽ നിന്നും പറിച്ചു നട്ടതുകൊണ്ടാകാം, ചടുലതയറ്റതാണ് അവരുടെ ചലനങ്ങൾ. അനുപമമായ കരവിരുതിനാൽ അവർ തീർത്ത നിരവധി കരകൗശല വസ്തുക്കൾ വാങ്ങിയാണ് സംഘം ക്യാമ്പ് വിട്ടത്.

പ്രകൃതി രമണീയമായ ഡാർജിലിംഗ് തേയിലത്തോട്ടങ്ങളിലൂടെയുള്ള സവാരിയും കഴിഞ്ഞാണ് സംഘം കൊൽക്കത്തയിലേക്ക് യാത്ര തിരിച്ചത്. സിക്കിം, ടിബറ്റ്, ഭൂട്ടാൻ, നേപ്പാൾ സംസ്കാരങ്ങളുടെ സമന്വയപഥങ്ങളിലൂടെ നടത്തിയ ഒരാഴ്ച നീണ്ട യാത്ര അവിസ്മരണീയമായ ഒരു അനുഭവം തന്നെയായിരുന്നു.

(പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസറാണ് ലേഖകൻ)



# ഓമല്ലൂർ വയൽ വാ

ഉണ്ണിക്കൃഷ്ണൻ പൂഴിക്കാട്

നവയന്ത്രസംസ്കൃതിയുടെയും സൂപ്പർമാർക്കറ്റ് ഉപഭോഗപ്രവണതയുടെയും ആഗോളീകരണത്തിന്റെയും ഈ അധിനിവേശക്കാലത്ത് മണ്ണടിഞ്ഞുപോയ നാട്ടുക്കൂട്ടങ്ങളും അവരുടെ വ്യാപാരവ്യവഹാരങ്ങൾക്കായുള്ള ഗ്രാമച്ചന്തകളും ഗൃഹാതുരമായ ഒരോർമയാണ്. കാർഷിക ഉത്പന്നങ്ങളുടെയും ഉപകരണങ്ങളുടെയും കൈമാറ്റവും കച്ചവടവും കൊണ്ട് പ്രശസ്തമായിരുന്ന, കേരളത്തിലെ പല നാട്ടുത്സവങ്ങളും ഗ്രാമച്ചന്തകളും ഇന്ന് നിർജീവമാണ്. അവശേഷിക്കുന്നതിനാകട്ടെ, പഴയ സമൃദ്ധിയില്ല. പഴയ പ്രതാപത്തോടെയല്ലെങ്കിലും അവയിൽ ചിലതൊക്കെ കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഇന്നും നിലനിൽക്കുന്നുണ്ടെന്നത് ആശ്വാസകരമാണ്. അത്തരത്തിലൊന്നാണ് പത്തനംതിട്ട ജില്ലയിലെ ഓമല്ലൂരിലുള്ള വയൽവാണിഭം.

ഓമല്ലൂർ വയൽവാണിഭത്തിന്റെ ആരംഭത്തെക്കുറിച്ച് ആധികാരികമായ രേഖകളൊന്നും ലഭ്യമല്ല. പന്തളം നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്ന ഓമല്ലൂർ ഗ്രാമത്തിലെ ഈ കാർഷികോത്സവത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്ന് തെളിവുകൾ പറയുന്നു. വയൽവാണിഭത്തിന്റെ തുടക്കത്തെക്കുറിച്ച് പരക്കെ പ്രചാരമുള്ള ഒരു ഐതിഹ്യമുണ്ട്. കൊട്ടാരക്കരയ്ക്കടുത്തുള്ള പ്രസിദ്ധ കാള



**നമ്മുടെ നാട്ടുക്കൂട്ടങ്ങളും ഗ്രാമച്ചന്തകളും അപ്രത്യക്ഷങ്ങളായി. ഇന്നിത് ഗൃഹാതുരതയുണർത്തുന്ന ഓർമകളായി പഴമനസ്സുകളിൽ അവശേഷിക്കുന്നു. ഈ ഗൃഹാതുരതയ്ക്ക് മിഴിവേകി, പഴയ പ്രതാപത്തോടെയല്ലെങ്കിലും ചില നാട്ടുത്സവങ്ങളും ഗ്രാമച്ചന്തകളും ഇന്ന് നിലനിൽക്കുന്നു. അത്തരത്തിലുള്ള ഒരു ഉത്സവത്തെക്കുറിച്ച്....**

# ണിഭം

ച്ചന്തയായ വെളിനെല്ലൂരിൽ നിന്ന് കുതറിയോടിയ ഒരു കാളക്കൂറ്റൻ കാതങ്ങൾ താണ്ടി ഓമല്ലൂരിലെ വയലേലകളിലെത്തിയത്രെ. തദ്ദേശവാസിയായ ഒരു കർഷകപ്രമാണി അതിനെ അവിടെയുണ്ടായിരുന്ന ഒരു പാലക്കുറ്റിയിൽ ബന്ധിച്ചു. കാലക്രമത്തിൽ ആ പാലക്കുറ്റി വളർന്ന് ഒരു പാലമരമായി. അതിൽ ഉരുക്കളെ കെട്ടുന്നത് പവിത്രമായ ഒരു കർമമായി കർഷകർ കണ്ടു തുടങ്ങി. ഈ വിശ്വാസത്തിൽ പങ്കുചേരാൻ ദേശാന്തരങ്ങളിൽ നിന്നും കർഷകർ എത്താൻ തുടങ്ങിയതോടെ ഇതൊരു കാർഷികോത്സവമായി പരിണമിച്ചുവത്രെ. (പഴയകഥയിലെ പാലമരം കാലങ്ങളുടെ കടന്നാക്രമണങ്ങളെ സഹിച്ച് ഇപ്പോഴും ഇവിടെയുണ്ട്). ഇങ്ങനെയാണ് മധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ഓമല്ലൂർ വയൽവാണിഭത്തിന്റെ പിറവിയെന്ന് പറയപ്പെടുന്നു.

എല്ലാവർഷവും മീനം ഒന്നിനാണ് ഓമല്ലൂർ വയൽവാണിഭം ആരംഭിക്കുന്നത്. കന്നുകാലിക്കച്ചവടവും കാർഷികോത്പന്നങ്ങളുടെ വ്യാപാരവുമാണ് ആദ്യദിനങ്ങളിൽ പ്രധാനമായും നടക്കുന്നത്.  ഇവിടത്തെ കന്നുകാലിച്ചന്ത ഏറെ സവിശേഷതകൾ ഉള്ളതാണ്. ഉഴവുകാള, കോവിൽക്കാള, വണ്ടിക്കാള, പോത്ത്, എരുമ എന്നിവയാണ് വിപണിയിലെത്തുന്ന പ്രധാനയിനങ്ങൾ. തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരുന്ന പാണ്ടിക്കൂട്ടം എന്നറിയപ്പെടുന്ന പോത്തുകളും കന്നുകാലിച്ചന്തയിലെ ആകർഷണീയ ഇനമാണ്. പൊതുവേ, തമിഴ്നാട്ടിൽ നിന്നും ധാരാളം കച്ചവടക്കാർ എത്താറുണ്ട്. വളരെ പ്രത്യേകതകൾ നിറഞ്ഞ കന്നുകാലിച്ചന്തയിലെ പേശുകളും കച്ചവട രീതികളും കാണാനും കേൾ ക്കാനും സാധാരണക്കാരും ഉണ്ടാകും.

കേരളത്തിന്റെ കാർഷികയിടങ്ങളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന അപൂർവയിനം ഉത്പന്നങ്ങളുടെ പ്രദർശനത്താലും വിപണനത്താലും സമൃദ്ധമാണ് ഓമല്ലൂർ വയൽവാണിഭം. കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിനായി ദൂരെ ദിക്കിൽ നിന്നു പോലും കർഷകർ ഇവിടെ എത്തുന്നു. വിവിധയിനം കാച്ചിലുകൾ, ചേമ്പ്, മധുരക്കിഴങ്ങ്, വാഴക്കുല, ഇഞ്ചി, കപ്പ തുടങ്ങിയ കാർഷികവിളകളും അവയുടെ വിത്തുകളും വൻതോതിൽ കച്ചവടം



ചെയ്യപ്പെടുന്നുണ്ട്. മൊത്തക്കച്ചവടക്കാരും ചെറുകിടകർഷകരും സാധാരണജനങ്ങളും ധാരാളമായി ഈ വിപണനത്തിൽ പങ്കാളികളാകാറുണ്ട്. മധ്യവർത്തികളുടെ ഇടപെടലോ, വിപണിയുടെ കുതന്ത്രങ്ങളോ ഇല്ലാതെ ഇഷ്ടാനുസരണം ഉത്പന്നങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും സൗകര്യവുമാണ് സാധാരണ ജനങ്ങളെ ഇങ്ങോട്ട് ആകർഷിക്കുന്ന മുഖ്യഘടകം.

ഏതാണ്ട് ഒരു മാസക്കാലം വയൽവാണിഭക്കളങ്ങൾ സജീവമാണ്. കാർഷികോപകരണങ്ങളുടെയും നിത്യോപയോഗ വസ്തുക്കളുടെയും വ്യാപാരവും ഈ സമയം വരെ നീളും. ഏറെ തിരക്കുള്ള വിപണിയാണിത്. ഓമല്ലൂരിന്റെ നാട്ടുഭാഷയിൽ പറഞ്ഞാൽ ചാന്തുമുതൽ ചന്ദനം വരെ ഇവിടെ നിന്ന് വാങ്ങാൻ കഴിയും. ഓമല്ലൂർ ഗ്രാമപഞ്ചായ



**വാണിഭം ഒരു അശ്ലീലപദമായി മാറുന്ന ഈ വർത്തമാനകാലത്തിന്റെ വ്യവഹാരങ്ങളിൽ ഓമല്ലൂർ വയൽവാണിഭം ഒരു പ്രതീകമാണ്. പരസ്പരാശ്രയത്തിന്റെയും സഹകരണത്തിന്റെയും കാർഷിക കൂട്ടായ്മയുടെയും ആ പഴയ നല്ല നാളുകളുടെ ഓർമപ്പെടുത്തലാണ്.**

ത്തിന്റെ നേതൃത്വത്തിലാണ് ഇപ്പോൾ ഈ ഗ്രാമോത്സവം സംഘടിപ്പിക്കുന്നത്. വയൽവാണിഭത്തിന്റെ തനതു സംസ്കാരത്തെ സജീവമായി നിലനിർത്തിക്കൊണ്ടു തന്നെ വിപണിയുടെ പുതിയ പ്രവണതകളെയും പുതിയ കാലത്തിന്റെ ആവശ്യങ്ങളെയും നിറവേറ്റുവാനുള്ള ശ്രമങ്ങളും വാണിഭത്തിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വാഹനമേളകളും ശ്വാന പ്രദർശനവും അനുബന്ധമായി സംഘടിപ്പിച്ചു പോരുന്നു.

സാമൂഹിക ജീവിതത്തിൽ വന്ന മാറ്റങ്ങളും കാലത്തിന്റെ പുതിയ പ്രതിസന്ധികളും ഓമല്ലൂർ വയൽവാണിഭത്തെ കാര്യമായിത്തന്നെ ബാധിച്ചിരിക്കുന്നു. കാർഷിക സമ്പദ്‌വ്യവസ്ഥയിൽ നിന്നും പൊതു സമൂഹം അകന്നു പോയതുകൊണ്ട് കന്നുകാലിച്ചന്ത പഴയതുപോലെ സജീവമല്ല. പഴയ വയൽവാണിഭത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായ കാളവണ്ടിച്ചന്ത ഇന്നില്ല. കാർഷികോത്പന്നങ്ങളുടെ വിപണനത്തിലും മാറ്റം പ്രകടമാണ്. നല്ല വില കിട്ടാത്തതാണ് ഇവിടെ കർഷകർ നേരിടുന്ന വലിയ പ്രശ്നം.

പാരിസ്ഥിതികമായ ചില പ്രശ്നങ്ങളും ഓമല്ലൂർ വയൽവാണിഭത്തിന്റെ സുസ്ഥിതിയെ അലട്ടുന്നുണ്ട്. പഴയ വയൽവാണിഭക്കളങ്ങൾ ഭൂരിഭാഗവും നികത്തപ്പെട്ടിരിക്കുന്നു. കോൺക്രീറ്റ് കെട്ടിടങ്ങൾക്കു പിന്നിലേക്ക് വയൽ ചുരുങ്ങിയിരിക്കുന്നു. കൈപ്പട്ടൂർ-പത്തനംതിട്ട റോഡിൽ കൈപ്പട്ടൂർ മുതൽ ഓമല്ലൂർ രകിതകണ്ഠസ്വാമി ക്ഷേത്രം വരെ കിലോമീറ്ററുകളോളം സമൃദ്ധമായി കിടന്ന മുണ്ടകൻ ഏല അങ്ങനെ പഴമക്കാരുടെ ഓർമകളിലേക്ക് ചേക്കേറിയിരിക്കുന്നു. ഈ ഗ്രാമോത്സവത്തിന്റെ കർമവും കണ്ണിയുമായ ആ പഴയ പാലമരം പോലും കാഴ്ചയിൽ നിന്ന് പിന്മാറിയിരിക്കുന്നു.

വാണിഭം ഒരു അശ്ലീലപദമായി മാറുന്ന ഈ വർത്തമാനകാലത്തിന്റെ വ്യവഹാരങ്ങളിൽ ഓമല്ലൂർ വയൽവാണിഭം ഒരു പ്രതീകമാണ്. പരസ്പരാശ്രയത്തിന്റെയും സഹകരണത്തിന്റെയും കാർഷിക കൂട്ടായ്മയുടെയും ആ പഴയ നല്ല നാളുകളുടെ ഓർമപ്പെടുത്തലാണ്. അതിലേയ്ക്ക് പുതിയ കാലത്തിന്റെ സ്വാർത്ഥതയും അടിവേരു മാന്തുന്ന പുരോഗതിയും തള്ളിക്കയറാതിരിക്കട്ടെ! ഈ മണ്ണിനെ സ്നേഹിച്ചു തീരാത്ത പഴയ തലമുറയിൽ നിന്നും നമുക്ക് മണ്ണിന്റെ ഹരിത മണം അല്ലാതെ, ഇത്തരം കാർഷികോത്സവങ്ങളുടെ സംഘകാലങ്ങളും അകപ്പൊരുളുകളുമല്ലാതെ മറ്റെന്താണിനി ബാക്കിയാകുന്നത്?



ദാസ്, മാധുരി) എന്ന ഗാനവും, 'പ്രകാശ ഗോപുരവാതിൽ തുറന്നു' (തുലാഭാരം- വയലാർ, യേശുദാസ്, ജാനകി) എന്ന ഗാനവും ഗാന കവിതകളുടെ പട്ടികയിലാണ് മാസ്റ്റർ ഉൾപ്പെടുത്തിയിരുന്നത്.

'കന്നിയിളം മുത്തല്ലേ' (കാവാലം ചുണ്ടൻ-വയലാർ, പി. സുശീല) 'മുത്തശ്ശിക്കഥ പറഞ്ഞുറക്കാം' (മണവാട്ടി-വയലാർ, പി.സുശീല) എന്നീ പാട്ടുകൾ നോക്കുക. തൊട്ടിലിൽ, കയ്യിൽ അല്ലെങ്കിൽ തോളിൽ കിടക്കുന്ന കൊച്ചുകുഞ്ഞിനെ താരാട്ടു പാടിയുറക്കുന്ന പ്രതീതിയില്ലേ? ഏറ്റവും നേർത്ത ലാളിത്യമാണ് മാസ്റ്ററുടെ താരാട്ടുപാട്ടുകളുടെ ഊടും പാവും.

തന്റെ അമ്മ അവിദഗ്ധമായി ചൊല്ലിയിരുന്ന സങ്കീർത്തനങ്ങളുടെ ഈണങ്ങളിൽ നിന്ന് പ്രചോദനം കൊണ്ടാണ് 'കണികാണും നേരം' മുതലായ ഗാനങ്ങൾ ഉണ്ടാക്കിയത് എന്ന് ദേവരാജൻ മാസ്റ്റർ തന്നെ പറഞ്ഞിരുന്നു. മാസ്റ്റർ തന്റെ ഗാനങ്ങളെ ഇനിയും തരം തിരിക്കുകയാണ്. ദേശഭക്തി ഗാനങ്ങൾ, സത്യബോധ-മത മൈത്രീഗാനങ്ങൾ ആ പട്ടിക നീളുന്നു. എല്ലാറ്റിനും എന്നതുപോലെ ഈ പട്ടികയ്ക്കും മാസ്റ്ററിന്റേതായ ഒരു ടച്ചുണ്ട്.

എന്നും സഹയാത്രികനായിരുന്ന ഒ.എൻ.വി. പറയുന്നത് നോക്കൂ.

"നോക്കി നോക്കി നിൽക്കെ ഓരോന്നായി വിടരുന്ന ഒരായിരം പൂക്കൾ പോലെ വയലാർ-ദേവരാജൻ യുഗം സൃഷ്ടിച്ച ഗാനങ്ങൾ മനസ്സിൽ പ്രഫുല്ലശോഭയായി വീണ്ടുമുയരുന്നു". 'പുഷ്പപാദുകം' പുറത്തുവച്ച് നഗ്നപാദയായി നടന്നുവരുന്ന "ചക്രവർത്തിനി'യെയും സന്ധ്യാപുഷ്പവുമായി പുണ്യാശ്രമത്തിലേക്ക് കാലൂന്നുന്ന 'സന്യാസിനി'യെയും 'ശംഖുപുഷ്പം പോലെ മൈക്കണ്ണു ചിമ്മിനിൽക്കുന്ന ശകുന്തളെ'യെയും ദേവരാജന്റെ സ്വരാംഗനകളുടെ അകമ്പടിയോടെയല്ലാതെ നമ്മുക്ക് സങ്കല്പിക്കാൻ വയ്യ.

മലയാള സിനിമാ ഗാനചരിത്രത്തിലെ ഒരു സുവർണാധ്യായത്തിൽ ദേവരാജന്റെ പേർ ഒരിക്കലും മായാതെ പതിഞ്ഞു കിടക്കുന്നു. കാലം മാറി. സിനിമയുടെ കോലം മാറി. പാട്ടുകളുടെ ചേലും മാറി. എന്നിരുന്നാലും ദേവരാജന് തന്റെ സംഗീത സങ്കല്പത്തിന്റെ പവിത്രത നഷ്ടപ്പെടുത്താൻ സാധ്യമല്ലായിരുന്നു. 'ആയിരം പാദസരങ്ങൾ കിലുക്കി ആലുവാപ്പുഴയൊഴുകും' പോലെ ദേവരാജന്റെ സംഗീതം എന്നും മലയാളിയുടെ മനസ്സാകെ കുളിരണിയിക്കുന്നു. ദേവരാജന്റെ സംഗീതം നമ്മിൽ ഗൃഹാതുരത്വമുണർത്തുന്നു. ഡിജിറ്റൽ റിക്കാർഡിംഗിലൂടെ പുറത്തുവരുന്ന അസുരവാദ്യഘോഷപ്രളയത്തിൽ മലയാള വാക്കുകൾ മുങ്ങിമറയുമ്പോൾ നമുക്ക് ദേവരാജനെ ഓർക്കാം.

'മധുരിക്കുന്ന ആ ഓർമകളി'ലൂടെ വീണ്ടും 'ഒരു കുമ്പിൾ മണ്ണു കൊണ്ട് വീടു വയ്ക്കാം, ഒരു തുമ്പപ്പൂ കൊണ്ട് വിരുന്നൊരുക്കാം, ഒരു നല്ല മാങ്കനിക്കായ് കൊതിച്ചു നിൽക്കാം, ഒരു കാറ്റിൻ കനിയായ് പാട്ടു പാടാം'.



# സമീക്ഷ



## സൗരക്കാറ്റ് വരുന്നു!

**സൗരക്കാറ്റുകളുടെ** കാലഘട്ടത്തിലേക്ക് സൂര്യൻ കടക്കുകയാണ്. സൂര്യൻ വൻതോതിൽ ഊർജം പുറന്തള്ളുന്ന കാലമാണ് ഭൂമിക്ക് ഭാരമായി മാറാൻ പോവുന്നതെന്ന് ശാസ്ത്ര ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു. 11 വർഷം നീളുന്ന ഈ പുതിയ കാലഘട്ടം ഈ വർഷം അവസാനമോ അടുത്ത വർഷം ആദ്യമോ ആരംഭിക്കുമെന്നാണ് കണ്ടെത്തൽ. ഭൂമിയിൽ വൈദ്യുത വിതരണ സംവിധാനത്തിനും ആകാശത്ത് കൃത്രിമ ഉപഗ്രഹങ്ങൾക്കും ഈ സൗരക്കാറ്റിന്റെ പ്രത്യാഘാതം അനുഭവിക്കേണ്ടി വരുമത്രേ.

സൂര്യകളങ്കങ്ങളുടെ എണ്ണവും വരുംവർഷങ്ങളിൽ വർദ്ധിക്കും. ഇതാണ് ഗുരുതരപ്രശ്നങ്ങളുണ്ടാക്കുന്നത്. സൂര്യകളങ്കങ്ങളുടെ സാന്നിധ്യം കുറവുള്ള താരതമ്യേന ശാന്തമായ സൗരചക്രമാണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. അടുത്ത 11 വർഷം സൂര്യകളങ്കങ്ങൾ കൂടുതൽ സജീവമാവുകയും അവയുടെ എണ്ണം അമ്പത് ശതമാനത്തോളം കൂടുകയും ചെയ്യുമെന്നാണ് ശാസ്ത്ര നിഗമനം.



# നടത്തത്തിൽ നിന്നും വൈദ്യുതി

**ബാറ്ററിയിൽ** നിന്നുള്ള വൈദ്യുതികൊണ്ടു പ്രവർത്തിക്കുന്ന പലതുമുണ്ടല്ലോ. പക്ഷേ ബാറ്ററി യുടെ ചാർജ് തീർന്നാൽ എല്ലാം നിഷ്ക്രിയമാവും. ഈ ധർമസങ്കടത്തിന് പരിഹാരമായി വ്യക്തിയുടെ നടത്തത്തിനനുസരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിവുള്ള ജനറേറ്ററിന് രൂപം നല്കിക്കഴിഞ്ഞു. അത് നടക്കുന്നയാൾ ചുമലിൽ വഹിക്കണം എന്നു മാത്രം. ആ വൈദ്യുതി മതി ബാറ്ററി ഉണർന്നു പ്രവർത്തി ക്കാൻ. പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിലെ ലോറൻസ് റോം ആണ് ഈ വിദ്യയ്ക്ക് പിന്നിൽ.

# ഗ്രാവിറ്റേഷണൽ ട്രാക്ടർ

**ഉൽക്കയെക്കുറിച്ച്** അറിയാത്തവരുണ്ടാവില്ല. ഉൽക്കാപതനത്തിന്റെ പ്രത്യാഘാതം അതീവ ഗുരുതരമാകും എന്ന അറിവ് ഭൂമിയിലെ നിവാസികളിൽ ഉൾഭയം വലുതായിട്ടൊന്നും ഉളവാക്കിയിട്ടില്ല താനും. കാരണം ഞെട്ടിപ്പിക്കുന്ന 'പതന'ങ്ങളൊന്നും നമുക്കോർക്കാനില്ല എന്നതു തന്നെ. എന്നാൽ വരുന്ന 30-ാമാണ്ട് കൃത്യ മായി പറഞ്ഞാൽ 2036-ാം വർഷം അഞ്ചു കോടി ടൺ ഭാരമുള്ള ഒരു ഉൽക്ക ഭൂമിയിൽ പതിക്കുമെന്നാണ് ശാസ്ത്രജ്ഞൻമാർ പ്രതീക്ഷിക്കുന്നത്. ഇതിന്റെ പ്രത്യാഘാതം ഒഴിവാക്കാൻ ഫലപ്രദവും അപകടരഹി തവുമായ ഒരു മാർഗവും കണ്ടെത്തിയിരുന്നില്ല. എന്നാലിതാ, ഇപ്പോൾ നാസയിലെ ശാസ്ത്രജ്ഞൻമാർ ഇതിന് പ്രതിവിധിയുമായി രംഗത്ത് വന്നിരിക്കുന്നു. ഗുരുത്വാകർഷണത്തിലൂടെ ഉൽക്കയെ വഴി തിരിച്ച് വിടുക എന്ന തത്വത്തെ ആസ്പദമാക്കി ഗ്രാവിറ്റേഷണൽ ട്രാക്ടർ എന്ന വാഹനം നിർമിക്കാനാണ് ശ്രമം. ഈ വാഹനം ഉൽക്കയെ മറ്റേതെങ്കിലും ഭ്രമണപഥത്തിലേക്ക് തിരിച്ചു വിടുമത്രെ. എഡ്വേർഡ് ലൂവും സ്റ്റാൻലി ലവുമാണ് ഈ മഹത്തായ കണ്ടുപിടിത്തത്തിന് പിന്നിൽ.

## ഡാൻക കൊർഡാക് സ്ലൊവാക്യ

**ഡാൻക കൊർഡാക് സ്ലൊവാക്യ!** ഈ പേര് കണ്ടാൽ ഏതോ രാജ്യത്തിന്റെ പേരാണെന്നേ തോന്നൂ. എന്നാൽ ഇതൊരു നായയുടെ പേരാണ്. 'ചിവാവ' ഇനത്തിൽപ്പെട്ട ഈ കക്ഷി അടുത്ത കാലത്ത് ഗിന്നസ് ബുക്കിലും കയറിപ്പറ്റി, സ്വന്തം വലിപ്പത്തിന്റെ പ്രത്യേകത കൊണ്ട്! 13.8 സെ.മീ. ഉയ രവും 18.8.സെ.മീ. നീളവുമുള്ള ഈ ഇത്തിരിക്കു ഞ്ഞനാണത്രെ ലോകത്തിലെ ഏറ്റവും ചെറിയ നായ.

# 500ന്റെ തിളക്കത്തിൽ

**കുംബ്ലെയുടെ** ബൗളിംഗ് ശൈലി അനുകരിക്കാവുന്നല്ല. എന്നുമാത്രമല്ല മനസ്സിലാക്കാൻ ആവാ തെയാണ് പല ബാറ്റ്സ്മാൻമാർക്കും വിക്കറ്റുകൾ നഷ്ടമാവുന്നത്. ഇപ്പോൾ 500 വിക്കറ്റുകൾ തികച്ച അനിൽ കുംബ്ലെ നേട്ടങ്ങളുടെ പുതിയ നാഴികക്കല്ലുകൾ പിന്നിടുകയാണ്. മൊഹാലിയ യിൽ ഇംഗ്ലണ്ടിന്റെ സ്റ്റീവ് ഹാർമിസണെ വിക്കറ്റിന് മുന്നിൽ കുരുക്കിയാണ് വിക്കറ്റ് നേട്ടത്തിൽ ഈ ലെഗ് സ്പിന്നർ 500 എന്ന മാന്ത്രികസംഖ്യ കൈപ്പിടിയിലൊതുക്കിയത്.

കൃത്യതയും ഒരിക്കലും തളരാത്ത പോരാട്ട വീര്യവുമാണ് ബാംഗ്ലൂരിലെ ഈ മെക്കാനി ക്കൽ എഞ്ചിനീയറെ ഇന്ത്യൻ ക്രിക്കറ്റിന്റെ ഒഴിവാക്കാനാവാത്ത ഘടകമാക്കി മാറ്റിയത്. കുംബ്ലെ യുടെ നേട്ടങ്ങൾ വിഖ്യാതമാണ്. 21 ടെസ്റ്റുകളിൽ നിന്നാണ് ആദ്യ 100 വിക്കറ്റുകൾ സ്വന്തമാക്കിയ ത്. 1999-ൽ ഫിറോസ്ഷാ കോട്‌ലാ മൈതാനിയിൽ പാകിസ്ഥാന്റെ രണ്ടാം ഇന്നിങ്സിലെ 10 വിക്കറ്റും 64 റണ്ണിന് വീഴ്ത്തി യതാണ് കുംബ്ലയുടെ ക്രിക്കറ്റ് ജീവിത ത്തിലെ തിളക്കമാർന്ന നേട്ടം. ഇന്ത്യയ്ക്ക് ഏറ്റവുമധികം വിജയം സമ്മാനിച്ച ബൗളർ എന്ന ബഹുമ തിയും കുംബ്ലെയ്ക്കുള്ളതാണ്.




# ആമയപ്പൂപ്പൻ യാത്രയായി

**ലോകത്തിലെ** ഏറ്റവും പ്രായം കൂടിയ ആമ 'അദ്വൈത്യ' ഈ ലോകത്തു നിന്ന് യാത്രയായി. കൊൽക്കത്ത മൃഗശാലയിൽ വച്ചായിരുന്നു ഇതിന്റെ അന്ത്യം. അദ്വൈത്യയുടെ പ്രായം 250 വയസ്സാ ണെന്ന് നാട്ടുകാർ പറയുന്നു.

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തല വനായിരുന്ന ജനറൽ റോബർട്ട് ക്ലൈവ് ഓമനിച്ച്, തന്റെ എസ്റ്റേറ്റിൽ വളർത്തി പ്പോന്നിരുന്ന ഈ ആമയെ 130 കൊല്ലം മുമ്പാണ് കൊൽക്കത്ത മൃഗശാലയിലേക്ക് കൊണ്ടുവന്നത്. ബ്രിട്ടീഷ് നാവികർ സീഷെൽസ് ദ്വീപിൽ നിന്ന് പിടികൂടിയ ഈ ആമയെ ക്ലൈവിന് സമ്മാനിച്ചതാണ്.

## നിക്കോളെ കിഡ്മാൻ



പ്രശസ്ത ഹോളിവുഡ് താരം നിക്കോളെ കിഡ്മാനെ UNIFEM (United Nations Development Fund for Women) ന്റെ ഗുഡ്‌വിൽ അംബാസിഡറായി തെരഞ്ഞെടുത്തു. രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്ന രാജ്യങ്ങൾ സന്ദർശിച്ച് നിക്കോളെ കിഡ്മാൻ പ്രവർത്തിക്കുന്നതാണ്.

## യുണൈറ്റഡ് സ്റ്റേറ്റ്സ് നാഷണൽ മെഡൽ ഓഫ് ടെക്നോളജി അവാർഡ്



മോട്ടോറോള കമ്പനിയുടെ ചീഫ് ടെക്നിക്കൽ ഓഫീസർ പത്മശ്രീ വാര്യർ അമേരിക്കയുടെ നാഷണൽ മെഡൽ ഓഫ് ടെക്നോളജി അവാർഡ് 2004ന് അർഹയായി. അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിൽ നിന്ന് ഇവർ അവാർഡ് സ്വീകരിച്ചു.

## സ്റ്റീവ് ഫോ സെറ്റ്



അമേരിക്കൻ വൈമാനികൻ സ്റ്റീവ് ഫോ സെറ്റ് ഏറ്റവും കൂടുതൽ ദൂരം തുടർച്ചയായി പറന്ന് ലോക റെക്കാർഡ് സൃഷ്ടിച്ചു. 76 മണിക്കൂർ 45 മിനിട്ടു കൊണ്ട് ലോകം മുഴുവനും അതിൽ കൂടുതലും താണ്ടിയാണ് ഈ റെക്കോഡ് കരസ്ഥമാക്കിയത്. 2006 ഫെബ്രുവരി 11-നായിരുന്നു ഏറ്റവും ദൂരം താണ്ടിയ ഈ പറക്കൽ. തന്റെ 'വെർജിൻ അറ്റ്‌ലാന്റിക് ഗ്ലോബൽ' വിമാനത്തിലാണ് ഈ സാഹസിക യാത്ര നടത്തിയത്.

1995-ൽ ഒറ്റയ്ക്ക് വിമാനത്തിൽ ലോകം ചുറ്റിയ ആദ്യത്തെ വ്യക്തി എന്ന ബഹുമതിയും ഇദ്ദേഹം കരസ്ഥമാക്കിയിരുന്നു.

## ലിബിയയിൽ പുതിയ പ്രധാനമന്ത്രി

ലിബിയയിൽ പുതിയ പ്രധാനമന്ത്രിയായി അൽ ബാഹ്ദാദി അലി അൽ-മഹമുദിയെ പീപ്പിൾസ് കോൺഗ്രസ് നിയമിച്ചു. പരിഷ്കരണവുമായി മുന്നേറിയ പ്രധാനമന്ത്രി ഷോ ക്രിഘാനെമിന് പകരമാണ് പുതിയ നിയമനം. പരിഷ്കരണം യാഥാസ്ഥിതിക വിഭാഗത്തിന് കടുത്ത എതിർപ്പായിരുന്നു. പീപ്പിൾസ് കോൺഗ്രസിൽ ഭൂരിപക്ഷം യാഥാസ്ഥിതികർക്കാണ്.



## ഹാരപ്പൻ സംസ്കാരത്തിന്റെ അവശിഷ്ടമായി ഒരു നഗരം

ഹരിയാനയിൽ ഫർമാനഖസ് എന്ന സ്ഥലത്ത് ഹാരപ്പൻ സംസ്കാര കാലത്തെ ഒരു നഗരത്തിന്റെ തകർന്നടിഞ്ഞ അവശിഷ്ടം കണ്ടെത്തി. സിന്ധു നദീതട സംസ്കാരത്തിലെ ആദ്യ നഗരമാണിതെന്ന് പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നു.

## കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ



ഇന്ത്യൻ തീരസംരക്ഷണ സേനയുടെ പുതിയ ഡയറക്ടർ ജനറലായി മലയാളിയായ ഡോ. പ്രഭാകരൻ പലേരി ചുമതലയേറ്റു. 1969 ലാണ് ഡോ. പലേരി ഇന്ത്യൻ നാവിക സേനയിൽ ചേർന്നത്. തീര സംരക്ഷണസേനയുടെ രൂപീകരണ നാളുകൾ മുതൽ പ്രധാനപ്പെട്ട ചുമതലകൾ വഹിച്ചിട്ടുണ്ട്.

## മഹാരാഷ്ട്രയിൽ മലയാളി ചീഫ് സെക്രട്ടറി



മഹാരാഷ്ട്രയ്ക്ക് തുടർച്ചയായി രണ്ടാമതും മലയാളി ചീഫ് സെക്രട്ടറി. ചീഫ് സെക്രട്ടറി സ്ഥാനത്തു നിന്നും വിരമിച്ച മലയാളിയായ പ്രേംകുമാറിന്റെ സ്ഥാനത്ത് കേന്ദ്ര ആഭ്യന്തര വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായിരുന്ന സി.കെ. ശങ്കരനെ നിയമിച്ചു. തൃശൂർ ദേശമംഗലം സ്വദേശിയാണ് ഇദ്ദേഹം. 1970-ൽ മഹാരാഷ്ട്ര കേഡറിലാണ് ഐ.എ.എസിൽ പ്രവേശിച്ചത്.

## കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് 2005

വിവിധ ഭാരതീയഭാഷകളിലായി 24 എഴുത്തുകാർ 2005-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിന് അർഹരായി. അവാർഡിന് അർഹരായവരിൽ ഏറ്റവും പ്രായം കുറവ് 42 കാരനായ ജാദുമണി ബെസ്റയ്ക്കാണ്. ശന്തലീ ഭാഷയിൽ ഇദ്ദേഹം രചിച്ച കൃതിയാണ് ഈ അവാർഡിന് ഇദ്ദേഹത്തെ അർഹനാക്കിയത്. അവാർഡിനർഹരായവരിൽ ഏറ്റവും പ്രായം കൂടിയ വ്യക്തി 76 കാരനായ നേപ്പാളി എഴുത്തുകാരൻ കൃഷ്ണസിംഗ് മൊക്തയാണ്. അവാർഡിനർഹരായവരിൽ രണ്ട് സ്ത്രീകൾ മാത്രമാണുള്ളത്. അത് തമിഴ്, തെലുങ്ക് ഭാഷകളിലായി യഥാക്രമം ജി. തിലകവതി, അബ്ബൂരി ഛായാ ദേവി എന്നിവരാണ്. മലയാളത്തിൽ കാക്കനാടനാണ് അവാർഡ് ലഭിച്ചത്.

## ആങ്‌ലിക്ക് ഓസ്കർ



ബ്രോക്ക് മൗണ്ടൻ ഒരുക്കിയ ആങ്‌ലിയാണ് 78-ാമത് ഓസ്കർ പുരസ്കാരത്തിന് അർഹനായ മികച്ച സംവിധായകൻ. ഈ ബഹുമതി ലഭിച്ച ആദ്യത്തെ ഏഷ്യൻ വംശജനാണ് തായ്‌വാൻ കാരനായ ആങ്‌ലി. കനേഡിയൻ സംവിധായകൻ പോൾ ഹഗ്ഗിസ് തയ്യാറാക്കിയ 'ക്രാഷ്' ആണ് മികച്ച ചിത്രം. ഫിലിപ്പ് വെയ്മോർ ഹോഫ്മാൻ മികച്ച നടനും റിസ്‌വിതർ സ്പൂൺ മികച്ച നടിയുമായി തെരഞ്ഞെടുക്കപ്പെട്ടു.